بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാള്യം 9

ലക്കം 22

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2024 മെയ് 30/ ഹി.ശം 1403 ഹിജ്റത്ത് 30/1445 ദുൽഖഅദ് 05


## അല്ലാഹുവിന്റെ വചനം

اِنَّ الَّذِیۡنَ اٰمَنُوۡا وَ الَّذِیۡنَ ہَادُوۡا وَ الصّٰبِـُٔوۡنَ وَ النَّصٰرٰی مَنۡ اٰمَنَ بِاللّٰہِ وَ الۡیَوۡمِ الۡاٰخِرِ وَ عَمِلَ صَالِحًا فَلَا خَوۡفٌ عَلَیۡہِمۡ وَ لَا ہُمۡ یَحۡزَنُوۡنَ ﴿۷۰﴾

വിശ്വസിച്ചവരും യഹൂദികളായവരും സാബിഉകളും ക്രിസ്ത്യാനികളും (അവരിൽനിന്ന്) ആര് അല്ലാഹുവിലും അന്ത്യനാളിലും (യഥാർഥത്തിൽ) വിശ്വസിക്കുകയും സത്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുകയും ചെയ്യുന്നുവോ, തീർച്ചയായും അവർക്കു (ഭാവിയെക്കുറിച്ച്) യാതൊരു ഭയവും ഉണ്ടാവുകയില്ല. (കഴിഞ്ഞതിനെ സംബന്ധിച്ച്) അവർ വ്യസനിക്കുന്നവരുമല്ല.(5:70)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്ത ആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

### ധനം ചെലവു ചെയ്യുന്നതിന്റെ ശ്രേഷ്ഠത

(1409)ഹദ്റത്ത് ഇബ്നു മസ്ഊദ്(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:രണ്ടു കാര്യങ്ങളിലെ അസൂയ പാടുള്ളു. ഒരാൾക്ക് അല്ലാഹു ധനം നല്കുകയും ആ ധനം സത്യമാർഗത്തിൽ ചെലവു ചെയ്യാൻ അയാൾ നീക്കിവെക്കുകയും ചെയ്യുന്നു.(ഇയാളോടു അസൂയയാവാം). മറ്റൊരാൾക്ക് അല്ലാഹു വിദ്യനല്കുകയും ആ വിദ്യ കൊണ്ട് അയാൾ(മനുഷ്യർക്കിടയിൽ) വിധി കൽപ്പിക്കുകയും മനുഷ്യർക്ക് അതു പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു(ഇയാളിലും അസൂയയാവാം)

.

### പരിശുദ്ധധനത്തിൽനിന്ന് ദാനം ചെയ്യുക

(1410)ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം.നബി(സ)പറഞ്ഞു:ആരെങ്കിലും തന്റെ പരിശുദ്ധ സമ്പാദ്യത്തിൽ നിന്നും-പരിശുദ്ധവസ്തു മാത്രമെ അല്ലാഹു സ്വീകരിക്കുകയുള്ളു-ഒരു കാരക്കയോളം ധനം ദാനം ചെയ്താൽ അല്ലാഹു അതു തന്റെ വലം കൈകൊണ്ട് സ്വീകരിക്കും. പിന്നീട് നിങ്ങളിലൊരാൾ തന്റെ പശുക്കുട്ടിയെ പോറ്റിവളർത്തുംപോലെ ഒരു മലയോളം വലുതാകുംവരേക്കും അല്ലാഹു അതിനെ വളർത്തിക്കൊണ്ടു പോരുന്നതാണ്., (സ്വഹീഹ് ബുഖാരി, വാള്യം 3, കിതാബുസ്സക്കാത്ത്, പ്രസാധനം 2008, ഖാദിയാൻ)




**അല്ലാഹുവിന്റെ മാമൂരീങ്ങളേയും അവന്റെ വലിയ്യുമാരേയും എതിർക്കുന്നത് ഒരിക്കലും സൽഫലം കൊണ്ടുവരികയില്ല. താൻ അവരെ ബുദ്ധിമുട്ടിച്ചും വിഷമിപ്പിച്ചും സുഖംപ്രാപിക്കുമെന്ന് ആരാണോ കരുതുന്നത് അവൻ കൊടുംതെറ്റാണ് ചെയ്യുന്നത്. അവന്റെ ആത്മാവ് അവനെ വഞ്ചിച്ചുകൊണ്ടിരിക്കുകയാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

തന്റെ മക്കളെ സ്നേഹിക്കുന്നതുപോലെ ഏതെങ്കിലും വ്യക്തി ആരെയെങ്കിലും സ്നേഹിക്കുകയാണെങ്കിൽ, മറ്റൊരു വ്യക്തി ഇവൻ മരിച്ചുപോകട്ടെ അല്ലെങ്കിൽ ഇതുപോലുള്ള മനസ്സിനെ വേദനിപ്പിക്കുന്ന മറ്റെന്തെങ്കിലും കാര്യങ്ങൾ നിരന്തരം പറഞ്ഞുകൊണ്ടിരിക്കുകയും അയാളെ ബുദ്ധിമുട്ടിക്കുകയുമാണെങ്കിൽ അവൻ അയാളിൽ സന്തോഷവാനാകുകയില്ലെന്നത് നടപ്പിലുള്ള കാര്യമാണ്. തന്റെ മക്കളുടെ നാശത്തിന് പ്രാർഥിക്കുന്ന പിതാവിനെ അല്ലെങ്കിൽ അവനെ കുറിച്ച് വേദനിപ്പിക്കുന്ന വാക്കുകൾ പറയുന്ന പിതാവിനെ എങ്ങനെ സ്നേഹിക്കാനാണ്? ഇപ്രകാരം ഔലിയാഉല്ലായും(അല്ലാഹുവിന്റെ വലിയ്യുമാരും) അത്ഫാലുല്ലായുടെ(അല്ലാഹുവിന്റെ കുട്ടികളുടെ)വർണം ഉൾക്കൊള്ളുന്നു. കാരണം അവർ ഭൗതികപരമായ പ്രായപൂർത്തിയുടെ വസ്ത്രം ഊരിവെക്കുകയും അല്ലാഹുവിന്റെ റഹ്മത്തിന്റെ മടിത്തട്ടിൽ വളർന്നുവരികയും ചെയ്യുന്നു. അവൻ അവരുടെ മുത്തവല്ലിയും ജാമ്യക്കാരനും അവർക്കുവേണ്ടി അഭിമാനിയുമാകുന്നു. ഏതെങ്കിലും വ്യക്തി(അയാൾ എത്രമാത്രം നമസ്കരിക്കുന്നവനും നോമ്പുപിടിക്കുന്നവനുമായാലും)അവരെ എതിർക്കുകയും വിഷമിപ്പിക്കാൻ ഇറങ്ങിപ്പുറപ്പെടുകയും ചെയ്യുമ്പോൾ അല്ലാഹുവിന്റെ അഭിമാനം ആവേശംകൊള്ളുന്നു. അവരെ എതിർക്കുന്നവരുടെമേൽ അവന്റെ കോപം ജ്വലിച്ചുയരുന്നു. കാരണം അവർ അവന്റെ ഒരു സ്നേഹിതനെ ദ്രോഹിക്കാനുദ്ദേശിച്ചു. ആ സമയത്ത് അവർക്ക് അവരുടെ നമസ്കാരമോ നോമ്പോ പ്രയോജനപ്പെടുകയില്ല. കാരണം നമസ്കാരവും നോമ്പുംകൊണ്ട് അവർ ആ സത്തയെ സന്തോഷിപ്പിക്കണമായിരുന്നു. അവർ അവനെ മറ്റൊരു പ്രവർത്തികൊണ്ട് വെറുപ്പിച്ചു. അപ്പോൾ ദൈവകോപം അകലാത്തിടത്തോളം ആ തൃപ്തിയുടെ സ്ഥാനം അവർക്കെങ്ങനെ കിട്ടാനാണ്! വിവരമില്ലാത്ത അവർ ഈ കോപത്തിന്റെ കാരണങ്ങൾ അറിയാത്തവരാണ്. എന്നല്ല തങ്ങളുടെ നമസ്കാരങ്ങളിലും നോമ്പിലും ഒരു ദുരഭിമാനവും പൊങ്ങച്ചവുമുണ്ടാകുകയും ചെയ്യുന്നു. തൽഫലമായി അല്ലാഹുവിന്റെ കോപം നിത്യവും വർധിച്ചുകൊണ്ടുപോകുന്നു. അവർ അവന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനു പകരം ഓരോ ദിവസവും അല്ലാഹുവിൽനിന്ന് അകന്നു പോയിക്കൊണ്ടിരിക്കുന്നു. എത്രത്തോളമെന്നാൽ തികച്ചും ദർഗാഹിൽനിന്ന് പിന്തള്ളപ്പെടുന്നു. ഈ രീതിയിൽ തികച്ചും ഫനായുടെ അവസ്ഥയിലുള്ളതും ദൈവികസവിധത്തിൽ വീണു കിടക്കുന്നതും ദൈവത്വത്തിന്റെ മടിത്തട്ടിൽ വളർന്നു കൊണ്ടിരിക്കുന്നതുമായ ആ വ്യക്തിയെ അല്ലാഹുവിന്റെ റഹ്മത്ത് പൊതിഞ്ഞെടുത്തു. അപ്പോൾ അവന്റെ സംസാരം അല്ലാഹുവിന്റെ സംസാരമായിത്തീരുന്നു. അവന്റെ സുഹൃത്ത് അല്ലാഹുവിന്റെ സുഹൃത്തും അവന്റെ ശത്രു അല്ലാഹുവിന്റെ ശത്രുവുമായി മാറുന്നു. അതിനാൽ അല്ലാഹുവിന്റെ ശത്രുവായിരുന്ന് ഒരാൾക്ക് പൂർണ മുഅ്മിനാകാനെങ്ങനെയാണ് കഴിയുക? ഇപ്രകാരം അവന്റെ ഈമാൻ നഷ്ടപ്പെട്ടുപോകുന്നു. അവനെ കോപിക്കപ്പെട്ടവരിലാക്കുന്നു. അല്ലാഹുവിന്റെ മാമൂരീങ്ങളേയും അവന്റെ വലിയ്യുമാരേയും എതിർക്കുന്നത് ഒരിക്കലും സൽഫലം കൊണ്ടുവരികയില്ല. താൻ അവരെ ബുദ്ധിമുട്ടിച്ചും വിഷമിപ്പിച്ചും സുഖം പ്രാപിക്കുമെന്ന് ആരാണോ കരുതുന്നത് അവൻ കൊടുംതെറ്റാണ് ചെയ്യുന്നത്. അവന്റെ ആത്മാവ് അവനെ വഞ്ചിച്ചുകൊണ്ടിരിക്കുകയാണ്.(മൽഫൂദാത്ത് വാള്യം 1, പേജ് 314, പ്രസാധനം 2018 ഖാദിയാൻ)

**അല്ലാഹുവിന്റെ അനുഗ്രഹത്താൽ നബി പാപരഹിതനാകുന്നു. അപ്പോൾപ്പിന്നെ നബി *ഇഗ്ഫിർലീ* എന്നു പറയുന്നതിന്റെ ഉദ്ദേശ്യമെന്താണ്? സത്യവിശ്വാസിയുടെ വിവിധ ദർജകളുടെ അടിസ്ഥാനത്തിൽ *ഇഗ്ഫിർലി*യുടെ വിവിധ അർഥം**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സൂറ ഇബ്റാഹീമിലെ 42-ാം വചനമായ റബ്ബനഗ്ഫിർലീ വലി വാലിദയ്യ വലിൽമുഅ്മിനീന യൗമ യഖൂമുൽഹിസാബ് എന്നതിന്റെ തഫ്സീറിൽ പറയുന്നു:
അല്ലാഹുവിന്റെ അനുഗ്രഹത്താൽ നബി പാപരഹിതനാകുന്നു. അപ്പോൾപ്പിന്നെ നബി ഇഗ്ഫിർലീ എന്നു പറയുന്നതിന്റെ ഉദ്ദേശ്യമെന്താണ്? യഥാർഥത്തിൽ ആരിഫല്ലാത്ത(ദൈവജ്ഞനല്ലാത്ത) മനുഷ്യന്റെ ദൃഷ്ടി പരിമിതമായിരിക്കും. അവന്റെ ദൃഷ്ടി മനുഷ്യൻവരെ മാത്രമെ പോകുകയുള്ളു. മനുഷ്യൻവരെ മാത്രമെ തൃപ്തിയടയുകയുള്ളു. എന്നാൽ, ദൈവജ്ഞന്റെ ദൃഷ്ടി മുകളിൽപോകുകയും ഉയർന്നു പോയിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്നെതിരിൽ മനുഷ്യന് എന്തുനിലയാണുള്ളതെന്ന് അവൻ മനസ്സിലാക്കുന്നു. സൂര്യന് മുമ്പിൽ ഒരു അണുവിനെന്തുവിലയാണുള്ളത്. കാരണം മനുഷ്യൻ അല്ലാഹുവിന്റെ ഒരു സൃഷ്ടിയാണ്. അവന്റെ ജിവിതവും അല്ലാഹു പ്രദാനം ചെയ്തതാണ്.

(ശേഷം പേജ് 12 ൽ)

## ഈ ലക്കത്തിൽ


മൽഫൂദാത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)

ജുമുഅ ഖുത്ബ 2023 ഏപ്രിൽ 26 (സമ്പൂർണ തർജമ)

ചോദ്യോത്തരങ്ങൾ


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

- ☐ നബി(സ)തിരുമേനി ഹദ്റത്ത് ഉമറിനോടു പറഞ്ഞു: 'ഇബ്നു ഖത്വാബേ!ഇനി ഒരിക്കലും ഖുറയ്ശികൾക്ക് നമ്മളുമായി ഇങ്ങനെ ഇടപെടേണ്ടി വരുന്നതല്ല, നമ്മൾ ഹജ്റുൽ അസ്വദിനെ ചുംബിക്കുന്നതായിരിക്കും.'
- ☐ ഹംറാഉൽ അസദ് യുദ്ധം ഉദ്ധരിച്ചുകൊണ്ട് നബി(സ)തിരുമേനിയുടെ പരിശുദ്ധമായ ജീവിത ചരിതത്തേയും സ്വഹാബാക്കളുടെ അനുരക്തിയുടേയും കൂറിന്റേയും ത്യാഗങ്ങളുടേയും ഈമാൻ സുദൃഢമാക്കുന്ന ചർച്ച.
- ☐ ലോകത്തിന്റെ അവസ്ഥകളോർത്ത് ദുആ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹു എല്ലാ അഹ്മദികളേയും എല്ലാ തരത്തിലുള്ള ശർറിൽനിന്നും കാത്തുരക്ഷിക്കുമാറാകട്ടെ.
- ☐ അദ്ദേഹത്തിന്റെ ഈ ത്യാഗം അദ്ദേഹം പാക്കിസ്താനിൽ നിന്ന് മരണത്തെ ഭയന്നു കൊണ്ടല്ല വന്നതെന്നും മറിച്ച് അഹ്മദികൾക്കുമേൽ ചുമത്തുന്ന മതപരമായ വിലക്കുകൾ കാരണം പ്രയാസപ്പെടുന്നതുകൊണ്ടാണ് രാജ്യം വിട്ടതെന്നും പ്രകടമാക്കുന്നു. അവിടെ അവർക്ക് അല്ലാഹുവിന്റെയും റസൂലിന്റെയും പേര് ഉച്ചരിക്കുന്നതുപോലും വിലക്കുകയാണ്.
- ☐ ഓസ്ട്രേലിയായിൽ കർത്തവ്യനിർവഹണത്തിന്നിടയിൽ വീരമൃത്യുവരിച്ച ഫറാസ് അഹ്മദ് ത്വാഹിർ ശഹീദിന്റെ അനുസ്മരണവും ജനാസഗാഇബും.

**ഖുത്ബ ജുമുഅ 2024 ഏപ്രിൽ 26/1403 ശഹാദത്ത് 26**
**മസ്ജിദ് മുബാറക്ക്, ഇസ്ലാമാബാദ്,യു.കെ**

ഖുത്വ്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹംറാഉൽ അസദ് യുദ്ധത്തിന്റെ കാരണവും അതിന്റെ പശ്ചാത്തലവും കഴിഞ്ഞ ഖുത്ബയിൽ ഞാൻ വിവരിച്ചിട്ടുണ്ടായിരുന്നു. ശത്രുക്കൾ ഉഹുദുയുദ്ധത്തിനുശേഷം വഴിയിൽവച്ചുതന്നെ തിരിച്ചുവന്ന് മദീനയെ ആക്രമിക്കുമെന്ന ഗൂഢാലോചനയെ സംബന്ധിച്ച് അറിവു ലഭിച്ചപ്പോൾ നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്റിനെയും ഹദ്റത്ത് ഉമറിനെയും വിളിക്കുകയും മുസനി സ്വഹാബി അറിയിച്ച കാര്യങ്ങൾ അവരോടു പറയുകയും ചെയ്തു. അവർ പറഞ്ഞു: യാ റസൂലല്ലാഹ്(സ)! ശത്രുക്കളുടെ അടുത്തേക്ക് നീങ്ങാം. അങ്ങനെയായാൽ അവർ നമ്മുടെ കുട്ടികളെ ആക്രമിക്കുകയില്ല. നബി(സ)തിരുമേനി സ്വുബ്ഹി നമസ്കാരത്തിനുശേഷം ആളുകളെ വിളിപ്പിച്ചു. എന്നിട്ട് ഹദ്റത്ത് ബിലാലിനോടു കഴിഞ്ഞ ദിവസം ഉഹുദുയുദ്ധത്തിൽ പങ്കെടുത്തവർ മാത്രം തന്റെ കൂടെ പുറപ്പെടാൻ അവിടന്ന് ആജ്ഞാപിക്കുന്നതായി വിളംബരപ്പെടുത്താൻ പറഞ്ഞു.

ഇസ്ലാമിക പതാകയേയും പിന്നെ മദീനയിലെ പ്രതിനിധിയേയും കുറിച്ച് എഴുതുന്നു: നബി(സ) തിരുമേനി കെട്ടിപ്പൊതിഞ്ഞുവെച്ചിരുന്ന തന്റെ പതാക കഴിഞ്ഞദിവസംതന്നെ വരുത്തിച്ചു. അത് അഴിച്ചിട്ടുണ്ടായിരുന്നില്ല. പ്രസ്തുത പതാക നബി(സ)തിരുമേനി ഹദ്റത്ത് അലിക്കു നൽകി. മറ്റൊരിടത്ത് ഹദ്റത്ത് അബൂബക്റിനാണ് കൊടുത്തതെന്നും എഴുതിയിട്ടുണ്ട്. ഈ സന്ദർഭത്തിൽ ഹദ്റത്ത് ഇബ്നു ഉമ്മു മക്തൂമിനെ മദീനയിൽ തന്റെ പ്രതിനിധിയായി നിശ്ചയിക്കുകയും ചെയ്തു.(സുബുലുൽഹുദാ വർറശാദ് വാള്യം 4, പേജ് 308-309, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)

ചരിത്രകാരൻ എഴുതുന്നു: ശത്രുക്കളെ പിന്തുടരാനുള്ള നബി(സ)തിരുമേനിയുടെ തീരുമാനം വളരെ ബുദ്ധിപരമായിരുന്നു. വിശദീകരണത്തിൽ പറയുന്നു: മുനാഫിഖീങ്ങൾ അഥവാ കപടവിശ്വാസികളുടെ പക്കൽ ഉഹുദുയുദ്ധത്തിൽ 70 പേരുടെ ജീവഹാനിക്കുശേഷം അടുത്ത ദിവസംതന്നെ ശത്രുക്കളെ പിന്തുടരാൻ കൂടുതൽ ആളുകളില്ലാതെ പോകുന്നത് ഏറെ ഭയാനകമായിരുന്നു. എന്നാൽ, പിന്നീടുണ്ടായ സംഭവവികാസങ്ങൾ നബി(സ)തിരുമേനിയുടെ തീരുമാനം വളരെയധികം ബുദ്ധിപരമായിരുന്നുവെന്ന് തെളിയിക്കുകയുണ്ടായി. അതുമുഖേന മുസ്ലിമീങ്ങൾക്ക് നിരവധി പ്രയോജനങ്ങളാണ് ലഭിച്ചത്. നബി(സ)തിരുമേനി രാത്രി മുഴുവനും യുദ്ധം മുഖേനയുണ്ടായ അവസ്ഥകളെ സംബന്ധിച്ച് ചിന്തിച്ചുകൊണ്ടാണ് കഴിച്ചുകൂട്ടിയത്. ഉഹുദിൽനിന്ന് മക്കയിലേക്ക് പോകുന്ന മുശ്രിക്കീങ്ങൾ യുദ്ധമൈതാനത്ത് തങ്ങൾ ശക്തരായിരുന്നിട്ടും പ്രയോജനമൊന്നും എടുത്തില്ലെന്ന് ചിന്തിച്ചാൽ അവർക്ക് തീർച്ചയായും ലജ്ജയുണ്ടാകുകയും അവർ വഴിയിൽനിന്നുതന്നെ തിരിച്ചു വന്ന് മദീനയെ ആക്രമിക്കുകയും ചെയ്തേക്കാമെന്നും നബി(സ)തിരുമേനിക്ക് ആശങ്കയുണ്ടായിരുന്നു. അതുകൊണ്ട് നബി(സ) തിരുമേനി ഏറ്റവും സമുചിതമായ യുദ്ധമുറ അവലംബിച്ചുകൊണ്ട് ശത്രുക്കളെ പിന്തുടരാൻ തീരുമാനിച്ചു. ഈ തീരുമാനം മുജാഹിദീങ്ങളുടെ ആവേശത്തെ കുറേക്കൂടി ഉച്ചസ്ഥായിയിലാക്കി. മുനാഫിഖീങ്ങളുടെ ഹൃദയങ്ങളെയാകട്ടെ നബി(സ)തിരുമേനിയുടെ നിശ്ചയദാർഢ്യവും ഉറച്ചവിശ്വാസവും വിറകൊള്ളിക്കുന്നതുമായിരുന്നു. അതേസമയം ഇസ്ലാമിക സൈന്യം തങ്ങളെ പിന്തുടരുന്നുണ്ടെന്ന് അറിഞ്ഞപ്പോൾ ശത്രുക്കളുടെ ഉള്ളിൽ മിന്നിക്കൊണ്ടിരുന്ന ധൈര്യത്തിന്റെ ദീപവും അണയാൻ തുടങ്ങി. ഇത് ഒരു ചരിത്ര പുസ്തകത്തിൽ വന്നിട്ടുള്ള കുറിപ്പാണ്.

മുനാഫിഖീങ്ങളുടെ നേതാവായ അബ്ദുല്ലാഹ് ബിൻ ഉബയ്യും കൂടെപ്പോകാൻ അനുമതി ചോദിക്കുകയുണ്ടായി. അയാൾ നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി ഈ യുദ്ധത്തിൽ തനിക്കും പങ്കെടുക്കാൻ(അനുമതിക്കായി)അപേക്ഷിച്ചു കൊണ്ടിരുന്നു. വാസ്തവത്തിൽ അയാൾ ഉഹുദുയുദ്ധത്തിൽ സ്വയം പിന്തിരിയുക മാത്രമല്ല തന്റെ കൂടെ 300 പേരേയും കൂട്ടിയാണ് പിന്തിരിഞ്ഞു പോയത്. അത്തരം നീക്കത്തിൽ അയാൾ തീർച്ചയായും ലജ്ജിതനായിരുന്നിരിക്കണം. ഒരു പക്ഷേ, ഈ ഇളിഭ്യതയുടെ കറ മായ്ച്ചു കളയാൻ അല്ലെങ്കിൽ മറ്റെന്തെങ്കിലും ഗൂഢലക്ഷ്യവുമായി നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി കൂടെപ്പോകാൻ അനുമതി ചോദിച്ചെങ്കിലും നബി(സ) തിരുമേനി അനുമതി നൽകുകയുണ്ടായില്ല. കാരണം മുനാഫിഖീങ്ങളുടെ കാര്യം ഒന്നും പറയാൻ പറ്റുകയില്ലല്ലോ.(ദാഇറയെ മആരിഫ്, സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാള്യം 7, പേജ് 121, പ്രസാധനം ബസം ഇഖ്ബാൽ ലാഹോർ)

ചില സ്വഹാബാക്കൾക്ക് ഉഹുദുയുദ്ധത്തിൽ കാര്യമായ പരിക്കേറ്റിരുന്നു. എന്നിട്ടും അവർ എങ്ങനെയാണ് നബി(സ)തിരുമേനിയുടെ കൽപ്പന പാലിക്കാൻ മാതൃക കാണിച്ചത്? ഇതിനെപ്പറ്റി പറയുന്നു: സ്നേഹവും കൂറുമുള്ള ആത്മാർഥരും ജീവത്യാഗസന്നദ്ധരുമായ ഈ സ്വഹാബാക്കൾ തങ്ങളുടെ ആയുധവുമേന്തി ഒരിക്കൽക്കൂടി പുറപ്പെടണമെന്ന് നബി(സ)തിരുമേനി കൽപ്പിച്ചിരുന്നു! നബി(സ)തിരുമേനി ഇങ്ങനെ ആജ്ഞാപിച്ചതും അവർ പെട്ടെന്നുതന്നെ പുറപ്പെട്ടു. ഹദ്റത്ത് ഉസയ്ദ് ബിൻ ഹുളയ്റിന് 9 മുറിവുകളേറ്റിരുന്നു. അദ്ദേഹം അവയിൽ മരുന്ന് വെക്കാൻ ഉദ്ദേശിക്കുമ്പോഴാണ് മുറിവുകളിൽ മരുന്ന് വെക്കാൻ പോലും നിൽക്കാതെ പുറപ്പെടണമെന്ന കൽപ്പന അദ്ദേഹത്തിന്റെ ചെവിയിൽ പതിയുന്നത്. ബനൂ സലമയിൽ 40 പേർക്കാണ് പരിക്കുപറ്റിയിരുന്നത്. അത്തരം അവസ്ഥയിലും അവർ കൽപ്പന പാലിച്ചുകൊണ്ട് പുറപ്പെടുന്നതു കണ്ടപ്പോൾ നബി(സ) തിരുമേനി അവർക്കുവേണ്ടി ഇങ്ങനെ പൊറുക്കലിനെ തേടുകയുണ്ടായി:

അല്ലാഹുമ്മർഹം ബനീ സലമ അതായത് അല്ലാഹുവേ, നീ ബനൂ സലമക്ക് പൊറുത്ത് കൊടുക്കേണമേ! ത്വുഫയ്ൽ ബിൻ നുഅ്മാന് 13 മുറിവും ഖറാശ് ബിൻ സ്വിമ്മക്ക് 10 മുറിവും കഅ്ബ് ബിൻ മാലിക്കിന് 10-ലധികം മുറിവും ഖുത്ബ ബിൻ ആമിറിന് 9 മുറവുമുണ്ടായിരുന്നു. പക്ഷേ, എന്നിട്ടും മുസ്ലിമീങ്ങൾ തങ്ങളുടെ ആയുധങ്ങളെടുക്കാൻ ധിറുതിപ്പെട്ടു. തങ്ങളുടെ മുറിവുകളിൽ മരുന്ന് വെച്ചുകെട്ടാൻ നിന്നില്ല. അല്ലാഹു നബി(സ)തിരുമേനിയുടെ സ്വഹാബത്തിന്റെ ഈ അനുപമമായ വികാരാവേശത്തെ തന്റെ കലാമിൽ രേഖപ്പെടുത്തുകയും ചെയ്തു. അങ്ങനെ ലോകം ഉള്ളിടത്തോളം കാലം അവർക്കുമേൽ വിശ്വാസത്തിന്റെ പുഷ്പവൃഷ്ടിക്ക് അത് കാരണമാകുന്നതാണ്. അല്ലാഹു പറയുന്നു:

അല്ലദീനസ്തജാബൂ ലില്ലാഹി വർറസൂലി മിൻ ബഅ്ദി മാ അസ്വാബഹുമുൽഖർഹു ലില്ലദീന അഹ്സനൂ മിൻഹും വത്തഖൗ അജ്റുൻ അളീം (3:173)(സുബുലുൽഹുദാ വർറശാദ് വാള്യം 4, പേജ് 308, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(ദാഇറയെ മആരിഫ്, സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാള്യം 7, പേജ് 122, പ്രസാധനം ബസം ഇഖ്ബാൽ ലാഹോർ)തങ്ങൾക്ക് പരിക്കേറ്റശേഷം അല്ലാഹുവിന്റേയും ദൂതന്റേയും വിളിക്കുത്തരം നല്കിയവർ- അവരിൽനിന്ന് സുകൃതം ചെയ്യുകയും സൂക്ഷ്മതപാലിക്കുകയും ചെയ്തവർക്ക് മഹത്തായ പ്രതിഫലമുണ്ട്.

ഹദ്റത്ത് ആഇശ(റ) പറയാറുണ്ടായിരുന്നു: ഇതിന്റെ ഒരു സാക്ഷാൽക്കാരം ഹദ്റത്ത് അബൂ

ബക്ർ സിദ്ദീഖും(റ), ഹദ്റത്ത് സുബയ്ർ ബിൻ അവ്വാമും(റ)ആകുന്നു.(അസ്സീറത്തുൽഹൽബിയ്യ, വാള്യം 2, പേജ് 350, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലായ്ക്ക് കൂടെ പോകുന്നതിനുള്ള അനുമതിയെ സംബന്ധിച്ച പരാമർശത്തിൽ പറയുന്നു: ഉഹുദുയുദ്ധത്തിൽ പങ്കെടുത്തവർ മാത്രമേ ഈ യുദ്ധത്തിൽ പങ്കെടുക്കുകയുള്ളൂ എന്ന് നബി(സ)തിരുമേനി വിളംബരപ്പെടുത്തുകയും അത് കർശനമായി പാലിക്കപ്പെടുകയും ചെയ്തു. എന്നാൽ, സൗഭാഗ്യവാനായ ഒരു സ്വഹാബിക്ക് ഉഹുദുയുദ്ധത്തിൽ പങ്കെടുക്കാൻ കഴിയാതിരുന്നിട്ടും ഇതിൽ ഭാഗഭാക്കാകാൻ അനുമതി ലഭിക്കുകയുണ്ടായി. അത് ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് ആയിരുന്നു. ഇബ്നു ഇസ്ഹാഖും ഇബ്നു ഉമറും വിവരിക്കുന്നു: ജാബിർ ബിൻ അബ്ദുല്ലാഹ് നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു പറഞ്ഞു: യാ റസൂലല്ലാഹ്(സ)! അങ്ങയുടെ വിളംബരപ്പെടുത്തുന്ന ആൾ കഴിഞ്ഞ യുദ്ധത്തിൽ അതായത് ഉഹുദ് യുദ്ധത്തിൽ ഉണ്ടായിരുന്നവർമാത്രം ഇപ്പോൾ കൂടെവന്നാൽ മതിയെന്ന് വിളംബരപ്പെടുത്തിയിരിക്കുന്നു. ഞാൻ യുദ്ധത്തിൽ പങ്കെടുക്കാൻ ആഗ്രഹിച്ചതാണ്. പക്ഷേ, എന്റെ പിതാവ് 7 സഹോദരിമാരെ ചില നിവേദനങ്ങളിൽ 9 സഹോദരിമാരെ വിട്ടുകൊണ്ടാണ് ഇഹലോകവാസം വെടിഞ്ഞത്. എന്റെ പിതാവ് എന്നോടു പറഞ്ഞു: മകനേ! സ്ത്രീകളെ പുരുഷന്മാരില്ലാത്ത അവസ്ഥയിൽ വിട്ടുപോകുന്നത് നിനക്ക് ഉചിതമല്ല, എനിക്ക് അവരെക്കുറിച്ചുള്ള ആശങ്ക മാത്രമാണുള്ളത്. നബി(സ)തിരുമേനിയോടൊപ്പമുള്ള ജിഹാദിൽ നിനക്ക് എന്നെക്കാളും മുൻഗണന നൽകാനും സാധ്യമല്ല. അതേസമയം എനിക്ക് ഈ സ്ത്രീകളെ തനിച്ചാക്കി പോകാനും കഴിയില്ല. ഞാൻ ജിഹാദിൽ പങ്കെടുക്കാനും ഉദ്ദേശിക്കുന്നു. അതുകൊണ്ട് ഞാൻ പോകുന്നു. നീ പോകരുത്. നീ സഹോദരിമാരുടെ അടുക്കൽ ത്തന്നെ നിൽക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഞാൻ നബി(സ)തിരുമേനിയുടെ കൂടെ ജിഹാദിൽ പോകുകയാണ്. എന്റെ പിതാവിന്റെ കൽപ്പന അനുസരിച്ചുകൊണ്ട് ഇന്നലെ എനിക്ക് യുദ്ധത്തിന് പോകാൻ കഴിഞ്ഞില്ല. അല്ലായിരുന്നുവെങ്കിൽ എനിക്കും നല്ല ആഗ്രഹമുണ്ടായിരുന്നു. ഹദ്റത്ത് ജാബിറിന്റെ അനുരക്തിയും സ്നേഹമസൃണവുമായ ഈ വാക്കുകളും കേട്ടപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തിനും കൂടെ പോരാൻ അനുമതി നൽകുകയുണ്ടായി. അതേപ്പറ്റി അദ്ദേഹം അഭിമാനപുരസ്സരം ഇങ്ങനെ പറയുമായിരുന്നു: കഴിഞ്ഞ ദിവസത്തിലെ യുദ്ധത്തിൽ പങ്കെടുക്കാത്ത എനിക്കല്ലാതെ മറ്റാർക്കും നബി(സ)തിരുമേനിയുടെ കൂടെ പോകാൻ അനുമതി ലഭിക്കുകയുണ്ടായില്ല. കഴിഞ്ഞ ദിവസം പങ്കെടുക്കാൻ പറ്റാതിരുന്ന പലരും കൂടെ പോകുന്നതിന് അനുമതി തേടിയെങ്കിലും നിരാകരിക്കുകയാണ് ചെയ്തത്. പുറപ്പെടുമ്പോൾ നബി(സ) തിരുമേനിയുടെ മുഖത്തും നെറ്റിത്തടത്തിലും പരിക്കുണ്ടായിരുന്നു. കൂടാതെ പല്ല് പൊട്ടുകയും കീഴ്ചുണ്ടിൽ ചില നിവേദനങ്ങൾ പ്രകാരം രണ്ടു ചുണ്ടിന്റെയും ഉൾഭാഗത്തും മുറിവ് പറ്റിയിരുന്നു. വലതു തോളിൽ ഇബ്നു ഖമിയയുടെ വാൾ പരിക്കേൽപ്പിച്ചിരുന്നു. രണ്ട് മുട്ടുകൾക്കും പരിക്കേറ്റിരുന്നു. നബി(സ)തിരുമേനി മസ്ജിദിലെത്തി അവിടെ രണ്ട് റക്അത്ത് നമസ്കരിച്ചു. ആളുകൾ കൂടിയിട്ടുണ്ടായിരുന്നു. തുടർന്ന് നബി(സ)തിരുമേനി തന്റെ കുതിരയായ സുകുബിനെ മസ്ജിദ് അങ്കണത്തിൽ വരുത്തിച്ചു. ഈ യുദ്ധത്തിൽ നബി(സ)തിരുമേനിയുടെ പക്കൽ മാത്രമാണ് കുതിര ഉണ്ടായിരുന്നത്. നബി(സ) തിരുമേനി പുറപ്പെടുമ്പോൾ പടച്ചട്ടയും പടത്തൊപ്പിയും ധരിച്ചിരുന്നു. നബി(സ)തിരുമേനിയുടെ കണ്ണുകൾ മാത്രമേ കാണാൻ കഴിഞ്ഞിരുന്നുള്ളൂ. ഇതിന്നിടയിൽ നബി(സ)തിരുമേനിയെ ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് കണ്ടുമുട്ടുകയുണ്ടായി. നബി(സ)തിരുമേനി അദ്ദേഹത്തോട് പറഞ്ഞു: ത്വൽഹാ! താങ്കളുടെ ആയുധങ്ങൾ എവിടെ? ത്വൽഹ(റ) പറഞ്ഞു: തൊട്ടടുത്തു തന്നെയുണ്ട്. അതും പറഞ്ഞ് അദ്ദേഹം വേഗം പോയി തന്റെ ആയുധങ്ങളെടുത്തു. വാസ്തവത്തിൽ ആ സമയത്ത് ത്വൽഹക്ക് നെഞ്ചിൽത്തന്നെ ഉഹുദുയുദ്ധവേളയിൽ 9 മുറിവുകളേറ്റിരുന്നു. അദ്ദേഹത്തിന്റെ ശരീരത്തിൽ മൊത്തം 70-ൽപരം മുറിവുകളുണ്ടായിരുന്നു.

ഹദ്റത്ത് ത്വൽഹ(റ)വിവരിക്കുന്നു: ഞാൻ എന്റെ പരിക്കുകളെ അപേക്ഷിച്ച് നബി(സ)തിരുമേനിയുടെ പരിക്കുകളെ പറ്റിയാണ് കൂടുതൽ ആശങ്കപ്പെട്ടത്. നബി(സ)തിരുമേനി എന്റെ അടുത്തെത്തി ചോദിച്ചു: താങ്കൾ ശത്രുക്കളെ എവിടെയാണ് കാണുന്നത്? അതായത് അബൂസുഫിയാനും അയാളുടെ സൈന്യവും എവിടെയുണ്ടാകുമെന്നാണ് കരുതുന്നത്? ഞാൻ പറഞ്ഞു: താഴ് ഭാഗത്തായിരിക്കും. നബി(സ)തിരുമേനി പറഞ്ഞു: അതുതന്നെയാണ് ഞാനും കരുതുന്നത്. തുടർന്ന് നബി(സ)തിരുമേനി പറഞ്ഞു: അവരെ അതായത് മക്കക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് ഇങ്ങനെ ഇടപെടാൻ അവസരം മേലിൽ കിട്ടുന്നതല്ല. നമ്മുടെ കൈകളാൽ മക്കാവിജയം ഉണ്ടാകുന്നതാണ്. ഒരു നിവേദനത്തിൽ പറയുന്നു: നബി(സ)തിരുമേനി ഹദ്റത്ത് ഉമറിനോടു പറഞ്ഞു: ഇബ്നു ഖത്വാബേ!ഇനി ഒരിക്കലും ഖുറയ്ശികൾക്ക് നമ്മളുമായി ഇങ്ങനെ ഇടപെടേണ്ടി വരുന്നതല്ല, നമ്മൾ ഹജ്റുൽ അസ്വദിനെ ചുംബിക്കുന്നതായിരിക്കും.

അബത്ത് ബിൻ ഥഅ്ലബ ഖസ്റജി, ഹംറാഉൽ അസദുവരെയും നബി(സ)തിരുമേനിയുടെ വഴികാട്ടിയായിരുന്നു. ഒരു നിവേദനമനുസരിച്ച് ഥാബിത്ത് ബിൻ ളഹ്ഹാക്കാണ് വഴികാട്ടിയതെന്നും വന്നിട്ടുണ്ട്.(സുബുലുൽഹുദാ വർറശാദ് വാള്യം 4, പേജ് 308-309, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)(അസ്സീറത്തുൽഹൽബിയ്യ, വാള്യം 2, പേജ് 350-351, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്).ഈ രണ്ടു നിവേദനങ്ങളുണ്ട്.

ആ അവസരത്തിൽ വിവരങ്ങളറിയാൻ നബി(സ)തിരുമേനി രണ്ട് സ്വഹാബാക്കളെ മുന്നിൽ അയച്ചിരുന്നു. അതിന്റെ വിശദീകരണം ഇപ്രകാരമാണ്: നബി(സ)തിരുമേനി അസ്ലം ഗോത്രത്തിന്റെ ശാഖ ബനൂസഹ്മിലുള്ള സുഫിയാന്റെ രണ്ട് ആൺമക്കളായ സലീത്വിനെയും നുഅ്മാനെയും ജനങ്ങൾക്ക് വിവരം നൽകാൻ മുന്നിൽ അയച്ചിരുന്നു. മൂന്നാമതായി അസ്ലം ഗോത്രത്തിന്റെതന്നെ ശാഖയായ ബനൂ ഉവയ്റിലെ ഒരാളെയും അവരോടൊപ്പം അയക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പേർ പരാമർശിക്കപ്പെട്ടിട്ടില്ല. അവരിൽ രണ്ടുപേർ ഹംറാഉൽ അസദ് എന്ന സ്ഥലത്ത് ഖുറയ്ശികളെ കണ്ടുമുട്ടി. ഖുറയ്ശികൾ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഖുറയ്ശികൾ അവരെ കണ്ടപ്പോൾ അവർ രണ്ടുപേരെയും വധിക്കുകയുണ്ടായി. നബി(സ)തിരുമേനിയും സ്വഹാബത്തും പുറപ്പെട്ട് ഹംറാഉൽ അസദിലെത്തി അവിടെ തമ്പടിച്ചു. ആ രണ്ട് സ്വഹാബിമാരേയും ഖബറടക്കി. അവിടെ അവരുടെ മൃതദേഹങ്ങൾ കിടന്നിരുന്നു. അവർ രണ്ടുപേരും ഒന്നിച്ചാണുണ്ടായിരുന്നത്.

രണ്ടു അൻസ്വാരി സഹോദരങ്ങൾ പരിക്കേറ്റ അവസ്ഥയിലും കാൽനടയായി വന്നുകൊണ്ട് എങ്ങനെയായിരുന്നു ഈ യുദ്ധത്തിൽ അനുസരണത്തിന്റെ മാതൃക പ്രകടിപ്പിച്ചതെന്നും കാണാൻ കഴിയുന്നുണ്ട്. വിശദീകരണത്തിൽ പറയുന്നു: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സഹ്ലും ഹദ്റത്ത് റാഫിഅ് ബിൻ സഹ്ലും ബനൂഅബ്ദുൽ അശ്ഹൽ ഗോത്രത്തിൽപ്പെട്ടവരായിരുന്നു. അവർ ഉഹുദുയുദ്ധത്തിൽ നിന്ന് വളരെയേറെ പരിക്കുകളുമായാണെത്തിയത്. ഹദ്റത്ത് അബ്ദുല്ലായ്ക്കാണ് കൂടുതൽ പരിക്കുണ്ടായിരുന്നത്. ഇവർ രണ്ടു സഹോദരന്മാരും നബി(സ)തിരുമേനി ഹംറാഉൽ അസദ് യുദ്ധത്തിൽ പങ്കെടുക്കാൻ കൽപ്പന നൽകിയെന്ന് കേട്ടപ്പോൾ അല്ലാഹുവാണെ സത്യം, നമുക്ക് നബി(സ)തിരുമേനിയുടെ കൂടെ യുദ്ധത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ അത് വലിയ നഷ്ടമായിരിക്കും എന്നു പറഞ്ഞു. അതായിരുന്നു അവരുടെ ഈമാൻ. തുടർന്ന് പറഞ്ഞു, അല്ലാഹുവാണെ സത്യം, നമ്മുടെ പക്കൽ യാത്രാ സൗകര്യമൊന്നുമില്ല, നമുക്കെങ്ങനെയാണ് കാര്യങ്ങൾ ചെയ്യേണ്ടതെന്നുമറിയില്ല. ഹദ്റത്ത് അബ്ദുല്ലാഹ് പറഞ്ഞു: എന്റെ കൂടെ പോരൂ, നമുക്ക് കാൽനടയായി പോകാം. ഹദ്റത്ത് റാഫിഅ് പറഞ്ഞു: അല്ലാഹുവാണെ സത്യം! പരിക്കുകൾ കാരണം എനിക്ക് നടക്കാൻ പോലും കഴിയില്ല. അതായിരുന്നു അവസ്ഥ. അദ്ദേഹത്തിന്റെ സഹോദരൻ പറഞ്ഞു: നമുക്ക് മെല്ലെമെല്ലെ നടക്കാം. നബി(സ)തിരുമേനിയുടെ അടുത്തേക്ക് നീങ്ങാം. അങ്ങനെ അവർ തട്ടിയും വീണും നടക്കാൻ തുടങ്ങി. ഹദ്റത്ത് റാഫിഅ്ന് എപ്പോഴെങ്കിലും ക്ഷീണമുണ്ടായാൽ ഹദ്റത്ത് അബ്ദുല്ലാഹ്, ഹദ്റത്ത് റാഫിഅ്നെ പുറത്തുകയറ്റുമായിരുന്നു. ചിലപ്പോൾ കാൽനടയായും നീങ്ങിയിരുന്നു. വാസ്തവത്തിൽ അവർ രണ്ടു പേർക്കും പരിക്കേറ്റിരുന്നു. പക്ഷേ, അവരിൽ കൂടുതൽ മെച്ചമുള്ള ആൾ അധികം പരിക്കുപറ്റിയ ആളെ മുതുകിൽ ചുമന്നിരുന്നു. ഏതായാലും അവർ നബി(സ)തിരുമേനിയുടെ അടുക്കലേക്ക് നടന്നുകൊണ്ടിരുന്നു. ക്ഷീണം കാരണം ചിലപ്പോൾ അനങ്ങാൻ പ്രയാസം അനുഭവപ്പെട്ട ഘട്ടവുമുണ്ട്. അങ്ങനെ ഇശാഅ് സമയത്ത് അവരിരുവരും നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി. സ്വഹാബാക്കൾ അപ്പോൾ തീ കത്തിക്കുകയായിരുന്നു. ആ സമയത്ത് അവർ തമ്പടിച്ചു കഴിഞ്ഞിരുന്നു. അവർ രണ്ടുപേരേയും നബി(സ)തിരുമേനിയുടെ സവിധത്തിലെത്തിച്ചു. ആ രാത്രി നബി(സ)തിരുമേനിയുടെ കാവലിന് ഹദ്റത്ത് അബ്ബാദ് ബിൻ ബിശ്റാണ് നിശ്ചയിക്കപ്പെട്ടിരുന്നത്. അവരെത്തിയപ്പോൾ നബി(സ)തിരുമേനി അവരോടു ചോദിച്ചു: എന്ത് കാര്യമാണ് നിങ്ങൾക്ക് തടസ്സമായിട്ടുണ്ടായിരുന്നത്? എന്താണ് കാരണമെന്ന് അവർ വിശദീകരിക്കുകയുണ്ടായി. അപ്പോൾ നബി(സ)തിരുമേനി അവരിരുവരുടേയും നന്മക്കുവേണ്ടി ദുആ ചെയ്തുകൊണ്ട് പറഞ്ഞു: നിങ്ങൾക്കിരുവർക്കും ദീർഘായുസ്സ് കിട്ടിയാൽ നിങ്ങൾക്ക് സവാരി ചെയ്യാൻ ഒട്ടകവും കുതിരയും കോവർകഴുതയും കിട്ടുന്നത് നിങ്ങൾ കാണുന്നതായിരിക്കും. ഇപ്പോൾ നിങ്ങൾ തട്ടിയും വീണും നടന്നുവന്നതാണ്. എന്നാൽ, ദീർഘായുസ്സ് കിട്ടുകയാണെങ്കിൽ ഇതെല്ലാം നിങ്ങൾക്ക് കിട്ടിയതായി നിങ്ങൾ കാണുന്നതായിരിക്കും. അതോടൊപ്പം നബി(സ)തിരുമേനി പറഞ്ഞു: "പക്ഷേ, അത് നിങ്ങൾ ഇന്ന് തട്ടിയും വീണും ചെയ്ത യാത്രയേക്കാൾ മേന്മയുള്ളതായിരിക്കില്ല." അതായത് നിങ്ങളുടെ ഈ യാത്രയുടെ പുണ്യം അന്നത്തെ ഏറ്റവും നല്ല അനുഗ്രഹത്തേക്കാളും മെച്ചമുള്ളതാണ്. ഈ സംഭവം ഹദ്റത്ത് അനസിന്റേയും(റ)ഫളാലയുടേയും മക്കളായ അനസ്, മൂനിസ് എന്നിവരുമായി ബന്ധപ്പെട്ടതാണെന്നും പറയപ്പെടുന്നു. ഒരുപക്ഷേ, ഇത് രണ്ട് കൂട്ടരുമായും ബന്ധപ്പെട്ടതായിരിക്കും.(സുബുലുൽഹുദാ വർറശാദ് വാള്യം 4, പേജ് 310, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്),(ഗസ്വ ഹംറാഉൽ അസദ് ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1993)

ഇനി മുസ്ലിമീങ്ങളുടെ പാഥേയത്തേയും ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയുടെ ദാനധർമത്തേയും

പറ്റി പരാമർശമുണ്ട്. ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: ഹംറാഉൽ അസദ് യുദ്ധത്തിൽ ഞങ്ങളുടെ പൊതുവായ ഭക്ഷണം ഈത്തപ്പഴമായിരുന്നു. അതുതന്നെയാണ് കഴിച്ചിരുന്നത്. ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ 30 ഒട്ടകവും ഈത്തപ്പഴങ്ങളും കൊണ്ടുവന്നു. അത് ഞങ്ങൾക്ക് ഹംറാഉൽ അസദുവരേക്കും ധാരാളമായിരുന്നു. നിവേദകൻ പറയുന്നു: അദ്ദേഹം കൊണ്ടു വന്ന ഒട്ടകങ്ങളെ ചില ദിവസം രണ്ടെണ്ണത്തെ ചിലപ്പോൾ മൂന്നെണ്ണത്തെ വീതം അറുത്തിരുന്നു. ചില ദിവസങ്ങളിൽ ഒട്ടക ഇറച്ചിയോടൊപ്പം ഈത്തപ്പഴവും കഴിച്ചിരുന്നു.

നബി(സ)തിരുമേനിയുടെ യുദ്ധതന്ത്രമെന്തായിരുന്നു? എങ്ങനെയാണ് ശത്രുവിനെ കീഴ്പ്പെടുത്താൻ ആഗ്രഹിച്ചത്? എന്നതിനെ സംബന്ധിച്ച വിശദീകരണത്തിൽ പറയുന്നു: ശത്രുഹൃദയങ്ങളിൽ ഭയമുളവാക്കാൻ രാത്രി സമയത്ത് നിരവധി തീപ്പന്തങ്ങൾ കത്തിക്കുമായിരുന്നു. അതുമുഖേന സൈനിക ബലം കൂടുതലാണെന്ന് കരുതി ശത്രു ഭയപ്പെട്ടിരുന്നു. അതുകൊണ്ട് നബി(സ)തിരുമേനി രാത്രി തമ്പടിക്കുന്ന സ്ഥലങ്ങളിൽ സ്വഹാബാക്കളോടു അവിടെ വ്യാപിക്കാനും വെവ്വേറെ തീപ്പന്തങ്ങൾ കത്തിക്കാനും പറഞ്ഞിരുന്നു. അങ്ങനെ ഓരോരുത്തരും വെവ്വേറെ തീപ്പന്തങ്ങൾ കത്തിച്ചിരുന്നു. അഞ്ഞൂറ് സ്ഥലങ്ങളിലാണ് തീപ്പന്തങ്ങൾ കത്തിച്ചിരുന്നത്. അത് ദൂരെനിന്നുതന്നെ കാണുകയും ചെയ്യാമായിരുന്നു. മുസ്‌ലിം സൈന്യത്തെയും തീയിനെയും സംബന്ധിച്ച ചർച്ച ദൂരെ സ്ഥലങ്ങളിൽപ്പോലും എത്തിയിരുന്നു. അതുമുഖേന അല്ലാഹു ശത്രുക്കളെ തളർത്തുകയും ചെയ്തു. ഒരു പരാമർശത്തിൽ മഅ്ബദ് ഖുസായി ഇതിന്നിടയിൽ നബി(സ)തിരുമേനിയുമായി കൂടിക്കാഴ്ച നടത്തിയതും വരുന്നുണ്ട്. പിന്നീട് ഇയാൾ അബൂസുഫിയാന്റെ അടുക്കലും പോയിരുന്നു. ഇസ്‌ലാമിക സൈന്യത്തെ സംബന്ധിച്ച് ഖുറയ്ശികളെ ഭയപ്പെടുത്തുകയും ചെയ്തു. ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: മഅ്ബദ് ബിൻ അബൂ മഅ്ബദ് ഖുസായി നബി(സ)തിരുമേനിയെ വന്നു കണ്ടു. അപ്പോൾ ഇയാൾ അന്യാരാധകൻ തന്നെയായിരുന്നു. ചില ചരിത്രകാരന്മാർ ആ സമയത്ത് ഇയാൾ ഇസ്‌ലാം സ്വീകരിച്ചിരുന്നുവെന്ന് പറയുന്നുണ്ട്. പക്ഷേ, ഭൂരിപക്ഷംപേരും അന്ന് ഇയാൾ മുസ്‌ലിം ആയിട്ടുണ്ടായിരുന്നില്ലെന്നും എന്നാൽ, പിന്നീട് ഇസ്‌ലാം സ്വീകരിച്ചുവെന്നും പറയുന്നു.

ബനൂ ഖുസായിന്റെ വിശ്വാസികളും മുശ്‌രികീങ്ങളുമായ ആളുകൾ നബി(സ)തിരുമേനിയോടു ആത്മാർഥത കാണിച്ചിരുന്നു. അവരിലെ മറ്റു ഗോത്രങ്ങളിലെ ആളുകളിൽ നിരവധി പേർ വിശ്വാസികളാകുകയും തങ്ങളുടെ ആത്മാർഥത പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. ഒരു കാര്യവും നബി(സ)തിരുമേനിയിൽ നിന്ന് മറച്ചുവെക്കുന്നതല്ലെന്ന് അവർ നബി(സ)തിരുമേനിയോടു വാഗ്ദാനവും ചെയ്തിരുന്നു. മഅ്ബദ് പറഞ്ഞു: അല്ലയോ മുഹമ്മദേ(സ)! താങ്കൾക്കും താങ്കളുടെ അനുചരന്മാർക്കും പ്രയാസങ്ങളുണ്ടാകുന്നത് ഞങ്ങൾക്കും അസ്വസ്ഥതയുണ്ടാക്കുന്നുണ്ട്. അല്ലാഹു താങ്കളുടെ സ്ഥാനം ഉയർത്തുകയും എല്ലാ പ്രയാസങ്ങളിൽനിന്നും സുരക്ഷിതമാക്കുകയും ചെയ്യുമാറാകട്ടെ എന്നാണ് ഞങ്ങളാ ഗ്രഹിക്കുന്നത്. ഇങ്ങനെ സഹാനുഭൂതി പ്രകടിപ്പിച്ചപ്പോൾ നബി(സ)തിരുമേനി മഅ്ബദിനോട് പറഞ്ഞു: നിങ്ങൾ അബൂസുഫിയാനെ നിരാശപ്പെടുത്തുക. നിങ്ങൾ ആ വഴിക്ക് പോകുകയല്ലേ, അയാളെ അൽപം ഭയപ്പെടുത്തുക. എങ്ങനെയാണ് ഇയാൾ സ്വന്തം നിലയ്ക്ക് യുക്തിപൂർവം നീങ്ങിയത്. പിന്നെ മഅ്ബദ് അവിടെനിന്ന് മക്കയിലേക്ക് പുറപ്പെട്ടു. നബി(സ)തിരുമേനി ഹംറാഉൽ അസദിൽ തന്നെ തങ്ങി. അയാൾ റൗഹ എന്ന സ്ഥലത്ത് അബൂസുഫിയാനേയും കൂട്ടരേയും കണ്ടുമുട്ടി. റൗഹ മദീനയിൽ നിന്ന് 40 മൈൽ അകലെയുള്ള സ്ഥലമാണ്. ആ സമയത്ത് ഖുറയ്ശി സൈന്യം നബി(സ)തിരുമേനിയുടെ അടുത്ത് തിരിച്ചു വരാൻ തീരുമാനിച്ചു കഴിഞ്ഞിരുന്നു. അവർ പറഞ്ഞു: ഞങ്ങൾ അവരിലെ ഉന്നതരും നേതാക്കളുമായവരെ കൊന്നിരിക്കുന്നു. വാസ്തവത്തിൽ അത് ശരിയല്ല. ഹദ്റത്ത് ഹംസയടക്കമുള്ള ഏതാനുമാളുകൾ ഉണ്ടായിരിക്കാം. പക്ഷേ, നബി(സ)തിരുമേനി സഹിതം ഹദ്റത്ത് അബൂബക്‌ർ(റ), ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉഥ്മാൻ(റ), ഹദ്റത്ത് അലി(റ) തുടങ്ങി അറിയപ്പെടുന്ന ഡസൻകണക്കിന് നേതാക്കന്മാർ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഉഹുദ്യുദ്ധത്തിൽ സുരക്ഷിതരായിരുന്നു. പിന്നെ അയാൾ പറഞ്ഞു: "ഞങ്ങൾ അവരെ മുച്ചൂടും നശിപ്പിക്കാതെ തിരിച്ചു വരുന്നതല്ല. ബാക്കിയുള്ളവരെ ഞങ്ങൾ തിരിച്ചു പോയി ആക്രമിക്കുന്നതും അവരെ സംബന്ധിച്ച് സ്വസ്ഥമാകുന്നതുമാണ്. അബൂസുഫിയാൻ മഅ്ബദിനെ കണ്ടപ്പോൾ പറഞ്ഞു: മഅ്ബദാണ്, അയാളുടെ പക്കൽ വല്ല വാർത്തയും ഉണ്ടായിരിക്കും. അബൂസുഫിയാൻ ചോദിച്ചു: മഅ്ബദേ! പിന്നിലെ വർത്തമാനമെന്താണ്? അയാൾ അബൂസുഫിയാനെ ഭയപ്പെടുത്താൻ വേണ്ടി പറഞ്ഞു: ഞാൻ മുഹമ്മദ്(സ)നെയും സംഘത്തെയും കണ്ടത് വലിയൊരു സൈന്യവുമായി നിങ്ങളെ പിന്തുടരാൻ തയ്യാറെടുക്കുന്നതാണ്. ഞാൻ ഇന്നേവരെ ഇത്രയും വലിയ ഒരു സൈന്യത്തെ കണ്ടിട്ടില്ല. ഇന്നലെ പിന്നിലായിപ്പോയ ഔസ്, ഖസ്റജ് ഗോത്രക്കാരും അവരോടൊപ്പം ചേർന്നിട്ടുണ്ട്. അയാൾ സ്വന്തം നിലയ്ക്ക് കുറച്ച് കഥയും മെനയുകയാണ്. അവർ നിങ്ങളെ കണ്ട് പകരം ചോദിക്കുന്നതുവരെ പിന്തിരിയുകയില്ലെന്ന് ശപഥം ചെയ്തിരിക്കുന്നു. അവർ തങ്ങളുടെ ഗോത്രം കാരണം ശക്തമായ ദ്വേഷത്തിലും ആദ്യം പങ്കെടുക്കാൻ കഴിയാത്തതിൽ ലജ്ജിതരുമാണ്. നിങ്ങൾക്കെതിരിൽ അവർക്കുള്ളിലുള്ളത്രയും കോപം ഞാൻ എവിടെയും കണ്ടിട്ടില്ല. അബൂസുഫിയാൻ പറഞ്ഞു: നിനക്ക് നാശം, നീ എന്തൊക്കെയാണ് ഈ പറയുന്നത്?അയാൾ പറഞ്ഞു: എന്നാൽപ്പിന്നെ നീ കുതിരകളുടെ നെറ്റി കാണാതെ ഇവിടെ നിന്നും പോകുമെന്ന് തോന്നുന്നില്ല. ഇതും അവരുടെ ഒരു ഭാഷാ പ്രയോഗമാണ്. തിരിച്ചുപോക്ക് നാശത്തിൽ കലാശിക്കാതിരിക്കട്ടെ. അബൂസുഫിയാൻ പറഞ്ഞു: ദൈവത്താണെ സത്യം, ഞങ്ങൾ അവരെ വേരോടെ പിഴുതെറിയാൻ ഐകകണ്ഠ്യേന തീരുമാനിച്ചിരിക്കുന്നു. മഅ്ബദ് പറഞ്ഞു: ഞാൻ നിന്നെ വീണ്ടും ഈ കാര്യത്തിൽനിന്ന് തടയുന്നു. ഞാൻ കണ്ട ഭയപ്പെടുത്തുന്ന രംഗം കവിതയായി പറയാൻ എന്നെ നിർബന്ധിക്കുന്നു. അബൂസുഫിയാൻ ചോദിച്ചു: അതെന്ത് കവിതയാണ്? മഅ്ബദ് പറഞ്ഞു:

*കാദത്ത് തുഹദ്ദ മിനൽ അസ്‌വാത്തി രാഹിലത്തീ ഇദ്*

*സാലത്തിൽഅർളു ബിൽജുർദിൽ അബാബീലി*

*തർദീ ബി ഉസ്ദിൻ കിറാമിൻ ലാ തനാബിലത്തിൻ*

*ഇൻദല്ലിഖാഇ വലാ മീലിൻ മആസീലി*

*ഫളൽത്തു അദ്‌വൻ അളുന്നുൽഅർള മാഇലത്തൻ*

*ലമ്മാ സമൗ ബി റഈസിൻ ഗയ്‌രി മഖ്ദൂലി*

*ഫഖുൽത്തു വയ്‌ലബ്നി ഹർബിൻ മിൻ ലിഖാഇക്കും*

*ഇദ് തഗത്‌മത്വത്തിൽ ബത്വ്ഹാഉ ബിൽജീലി*

*ഇന്നീ നദീറുൻ ലി അഹ്‌ലിൽ ബസ്‌ലി ളാഹിയത്തൻ*

*ലികുല്ലി ദീ ഇർബത്തിൻ മിൻഹും വ മഅ്ഖൂലി*

*മിൻ ജയ്ശി അഹ്മദ ലാ വഖ്ശിൻ തനാബിലത്തിൻ*

*വ ലയ്‌സ യൂസ്വഫു മാ അൻദർത്തു ബിൽഖീലി*

ഭൂമിയിൽ ഉന്നത ജനുസ്സിൽപ്പെട്ട കുതിരകൾ കൂട്ടത്തോടെ നീങ്ങുമ്പോൾ അവയുടെ സീത്ക്കാര ശബ്ദംകേട്ട് എന്റെ ഒട്ടകം പരിഭ്രമിച്ച് വീണുപോയേനെ. അവിടെ ഒരു കുതിരയെ ഉണ്ടായിരുന്നുള്ളൂ. എന്നാൽ, അയാൾ അതിശയോക്തി കലർത്തി പറഞ്ഞപ്പോൾ അവർ ഭയപ്പെട്ടുപോയി. തുടർന്ന് പറയുന്നു: ആ കുതിരകൾ നല്ല സിംഹങ്ങളെപോലുള്ള യോദ്ധാക്കളെ വഹിക്കുന്നു. അവ കുറിയവരോ യുദ്ധത്തിൽ നിരായുധരോ കുതിര സവാരിയിൽ അജ്ഞരോ അല്ല. അതായത് യുദ്ധത്തിൽ നല്ല പ്രാവീണ്യമുള്ളവരും ആയുധമേന്തിയവരും കുതിര സവാരിയിൽ അഗ്രഗണ്യരുമാകുന്നു. അതുകൊണ്ട് വിവരം നൽകാൻ വേണ്ടി ഞാൻ ഓടി വന്നതാണ്. ഭൂമി ആ കുതിരകൾക്കു മുന്നിൽ കുനിയുന്നതായി എനിക്ക് അനുഭവപ്പെടുന്നു. അവയിൽ മഹാനായ പരമോന്നത നേതാവ് ഒറ്റക്കല്ല. അതായത് സൈന്യവ്യൂഹവുമായി മുന്നോട്ടു വരികയാണ്. ഞാൻ മനസ്സിൽ പറഞ്ഞു: അല്ലയോ സൈനികരേ, നിങ്ങളുമായുള്ള യുദ്ധത്തിൽ, രണാങ്കണം സൈനികരുടെ ശബ്ദത്താൽ മുഖരിതമാകുമ്പോൾ ഇബ്നു ഹർബ് (യുദ്ധപുത്രൻ) അതായത് അബൂസുഫിയാന് നാശമായിരിക്കും. ഞാൻ ഖുറയ്ശികളിലെ ഓരോ ബുദ്ധിമാനോടും വിവേകമുള്ളവനോടും അഹ്മദ്(സ)ന്റെ ഈ മഹത്തായ സൈന്യത്തെപ്പറ്റി തെര്യപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ സൈന്യം അലസന്മാരുടേതും കഴിവുകെട്ടവരുടേതുമല്ല. ഞാൻ മുന്നറിയിപ്പ് നൽകുന്ന സൈന്യത്തിന്റെ ഭയാനകത വാക്കുകൾക്കതീതമാണ്.

മഅ്ബദിന്റെ ഈ അസ്വസ്ഥഭരിതമായ സംസാരവും അയാളുടെ കവിതയും സ്വഫ്‌വാൻ ബിൻ ഉമയ്യയുടെ സംസാരവും അബൂസുഫിയാന്റേയും കൂട്ടാളികളുടേയും ആവേശം ചോർത്തിക്കളഞ്ഞു. അവർക്ക് പരിഭ്രാന്തിയും ഭയവുമുണ്ടായി. എത്രയും വേഗം തന്റെ സൈന്യവുമായി മക്കയിലെത്തുന്നതാണ് ഗുണകരമെന്ന് അബൂസുഫിയാന് മനസ്സിലായി.

ഇതു സംബന്ധമായി ഒരു കുറിപ്പും റിസർച്ച്

### • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക**

**(സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

### • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.ABDUL AMEER
AHMADIYYA MUSLIM JAMAATH, MANJERI

സെൽ തന്നിട്ടുണ്ട്, നബി(സ)തിരുമേനി മഅ്ബദിനോടു നിങ്ങൾ അബൂസുഫിയാനെ നിരാശപ്പെടുത്തുകയെന്ന് പറഞ്ഞതായി ചില ചരിത്രങ്ങളിൽ പറയുന്നുണ്ട്. എന്നാൽ, പലരും ഇത് രേഖപ്പെടുത്തിയിട്ടില്ല. പറയുന്നു: നബി(സ)തിരുമേനി യുദ്ധതന്ത്രത്തിന്റെ ഭാഗമായി ഒരുപക്ഷേ, മഅ്ബദിനോടു ഇങ്ങനെ പറഞ്ഞിരിക്കും, ചിലപ്പോൾ നബി(സ) തിരുമേനി അയാളോടു ഒന്നും പറഞ്ഞിട്ടുണ്ടാകില്ല. അതിനാണ് സാധ്യത കൂടുതൽ. അയാൾ മുസ്‌ലിമീങ്ങളോടു സഹാനുഭൂതിയുള്ള ആളായതിനാൽ അല്ലാഹു അയാളുടെ ഹൃദയത്തിൽ തോന്നിച്ചതുകൊണ്ട് അയാൾ താൻതന്നെ അബൂസുഫിയാനോടു അക്കാര്യങ്ങളെല്ലാം പറഞ്ഞതായിരിക്കും.

ഏതായാലും ഇതു ഇവരുടെ കുറിപ്പാകുന്നു. പക്ഷേ, മഅ്ബദ് പറഞ്ഞതെല്ലാം അയാളുടെ സ്വന്തം ചിന്താഗതിയായിരുന്നു. അല്ലാതെ നബി(സ) തിരുമേനി ഒരിക്കലും അയാളോടു തെറ്റായ വിവരണം നൽകാൻ നിർദ്ദേശിച്ചിരുന്നില്ല. ചുരുക്കത്തിൽ അയാൾ അവരെ ഭയപ്പെടുത്താൻ നടത്തിയ വിവരണത്തിൽ അവിശ്വാസികൾ ഭയപ്പെട്ടുപോയി. മുശ്‌രികീങ്ങളുടെ സൈന്യം മക്കയിൽ തിരിച്ചുപോകാൻ ഒരുങ്ങുമ്പോൾ അബൂസുഫിയാന്റെ അടുത്തൂടെ അബ്ദുൽ ഖയ്സിന്റെ ഒരു കച്ചവസംഘം കടന്നു പോകാനിടയായി. അവരും വാസ്തവത്തിൽ അവിടെത്തന്നെ തമ്പടിച്ചവരായിരുന്നു. അയാൾ ചോദിച്ചു: നിങ്ങൾ എവിടെയാണ് പോകുന്നത്? അവർ പറഞ്ഞു: ഞങ്ങൾ മദീനയിൽ പോകുകയാണ്. അപ്പോൾ അബൂസുഫിയാൻ പ്രൊപഗണ്ട എന്ന നിലയ്ക്കുമാത്രം ഒരു മാനസികാഘാതം ഏൽപ്പിക്കാൻ ശ്രമിച്ചു. എന്നാൽ, അത് പ്രയോജന രഹിതമായ ഒരു ശ്രമമായിരുന്നു. അയാൾ ചോദിച്ചു: നിങ്ങൾ മുഹമ്മദ്(സ)ന് എന്റെ ഒരു സന്ദേശമെത്തിക്കുമോ? ഞാൻ നിങ്ങൾക്ക് ഉക്കാള് മേളയിൽ നല്ല ശക്തിയുള്ള ഒട്ടകങ്ങളെ തരുന്നതാണ്. അദ്ദേഹം പറഞ്ഞു: ശരി. അബൂസുഫിയാൻ പറഞ്ഞു: നിങ്ങൾ മുഹമ്മദ്(സ)നെ കാണുമ്പോൾ ഞങ്ങൾ തീരുമാനിച്ചുവെന്നും ബാക്കിയുള്ള ആളുകളെ വേരോടെ പിഴുതെറിയാൻ വരുന്നുണ്ടെന്നും ഞങ്ങൾ നിങ്ങളെ പിന്തുടരുന്നുണ്ടെന്നും അറിയിക്കുക. ഇതും പറഞ്ഞ് അബൂസുഫിയാൻ മക്കയിലേക്ക് പുറപ്പെട്ടു. അബ്ദുൽ ഖയ്സിന്റെ സംഘം ഹംറാഉൽ അസദിൽവച്ച് നബി(സ)തിരുമേനിയെ കണ്ടുമുട്ടി. അബൂസുഫിയാനും സംഘവും നബി(സ)തിരുമേനിയെ സംബന്ധിച്ച് പറഞ്ഞ കാര്യങ്ങൾ അദ്ദേഹം അറിയിക്കുകയും ചെയ്തു. അതുകേട്ടപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: ഹസ്ബുനല്ലാഹു നിഅ്മൽ വക്കീൽ നമുക്ക് അല്ലാഹു മതിയായവനാകുന്നു, അവൻ എത്ര നല്ല സംരക്ഷകനാകുന്നു!(സുബുലുൽഹുദാ വർരശാദ് വാള്യം 4, പേജ് 310-311, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(അർറഹീഖുൽ മഖ്ത്തൂം, പേജ് 253, പ്രസാധനം ദാറുൽ വഫാഇ മിസ്ർ ഹിജ്റ 2010)(ശറഹ് സർഖാനീ, വാള്യം 2, പേജ് 264,ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

ഏതായാലും കുറച്ചു ദിവസം ഹംറാഉൽ അസദിൽ തങ്ങിയശേഷം ഇസ്‌ലാമിക സൈന്യം തിരിച്ചു വരികയുണ്ടായി. കാരണം കാഫിരീങ്ങൾ അവിടെനിന്ന് പോയിട്ടുണ്ടായിരുന്നു. ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: മഅ്ബദ് ഖുസായിയുടെ വർത്തമാനം കേട്ടപ്പോൾ അബൂസുഫിയാൻ മദീനയിൽപോകാനുള്ള ഉദ്ദേശ്യം ഒഴിവാക്കി മക്കയിലേക്ക് തിരിച്ചു. ഒരാൾ മുഖേന അബൂസുഫിയാൻ തിരിച്ചുപോയ വിവരം മഅ്ബദ് നബി(സ)തിരുമേനിയെ അറിയിക്കുകയുണ്ടായി. നബി(സ)തിരുമേനി തിങ്കൾ, ചൊവ്വ, ബുധൻ എന്നീ ദിവസങ്ങൾ അവിടെ തങ്ങി. പിന്നെ മദീനയിലേക്ക് തിരിച്ചു. ബിലാദാരി പറയുന്നു: നബി(സ) തിരുമേനി ഈ യാത്രയിൽ 5 ദിവസം മദീനക്ക് പുറത്ത് കഴിച്ചുകൂട്ടുകയുണ്ടായി. (ഇംതാഉൽ അസ്മാഅ് ഭാഗം 1, പേജ് 180-181......ദാറുൽകുതുബുൽ ഇൽമിയ്യ, 1999)(സുബുലുൽഹുദാ വർരശാദ് വാള്യം 4, പേജ് 312, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)

ഒരു നിവേദനമനുസരിച്ച് നബി(സ)തിരുമേനി വെള്ളിയാഴ്ച മദീനയിലെത്തി. 5 ദിവസം മദീനക്ക് പുറത്ത് താമസിക്കുകയുണ്ടായി.(കിതാബുൽ മഗാസി വാള്യം 1, പേജ് 334, ആലമുൽ കുതുബ് ബെയ്റുത്ത് 1984)

ഒരു നിവേദനത്തിലുണ്ട് ഹദ്റത്ത് അബൂഉബയ്ദ(റ)പറയുന്നു: നബി(സ)തിരുമേനി മദീനയിൽ തിരിച്ചുവരുന്നതിനുമുമ്പേ മുആവിയ ബിൻ മുഗീറയെ ബന്ധനസ്ഥനാക്കിയിരുന്നു. മുആവിയ ബിൻ മുഗീറ, അബ്ദുൽ മലിക് ബിൻ മർവാന്റെ മാതാമഹനാണ്. മുആവിയയെ കൂടാതെ അബൂ ഉസ്സാ ജഹ്മിയെയും ബന്ധനസ്ഥനാക്കിയിരുന്നു. മുആവിയ ബിൻ മുഗീറയെ സംബന്ധിച്ച് നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയും ഹദ്റത്ത് അമ്മാർ ബിൻ യാസിറും ഹംറാഉൽ അസദിൽനിന്ന് തിരിച്ചുവരുമ്പോൾ മുആവിയയെ വധിച്ചിട്ടുണ്ടായിരുന്നു. കാരണം മുആവിയ രഹസ്യമായി മദീനയിൽ വന്ന് താമസിച്ച് മദീനയിലെ വിവരങ്ങൾ ശത്രുക്കൾക്ക് കൊടുത്തുകൊണ്ടിരുന്നു. പിടിക്കപ്പെട്ടപ്പോൾ ഉഥ്മാന്റെ അഭയത്തിൽപോയി. ഹദ്റത്ത് ഉഥ്മാൻ(റ), നബി(സ)തിരുമേനിയോടു അയാൾക്കുവേണ്ടി അഭയം തേടുകയുണ്ടായി. നബി(സ)തിരുമേനി അയാൾക്ക് അഭയം കൊടുത്തുകൊണ്ടു പറഞ്ഞു: ഇയാൾ മൂന്ന് ദിവസത്തിനകം ഇവിടെനിന്ന് പോകേണ്ടതാണ്. മൂന്ന് ദിവസത്തിനുശേഷം കണ്ടാൽ വധിക്കപ്പെടുന്നതായിരിക്കും. എന്നാൽ, ഇയാൾ മൂന്നു ദിവസത്തിനു ശേഷവും അവിടെത്തന്നെ തങ്ങുകയുണ്ടായി. ഒളിച്ചു കഴിയുകയുമായിരുന്നു. അപ്പോൾ നബി(സ)തിരുമേനി ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയോടും ഹദ്റത്ത് അമ്മാർ ബിൻ യാസിറിനോടും പറഞ്ഞു: അയാൾ ഇന്ന സ്ഥലത്ത് ഒളിച്ചിരിക്കുന്നുണ്ടാകും. അങ്ങനെ അവർ അയാളെ അവിടെ കാണുകയും അയാളെ വധിക്കുകയും ചെയ്തു.(അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം, പേജ് 548, ദാറുൽകുതുബുൽ ഇൽമിയ്യ 2001)

വീണ്ടും എഴുതുന്നു: ഇവിടെ ഹംറാഉൽ അസദിൽ നബി(സ)തിരുമേനി മുശ്‌രികീങ്ങളുടെ കവിയായ അബൂഉസ്സയെ ബന്ധനസ്ഥനാക്കുകയുണ്ടായി. ഈ അബൂഉസ്സയെ തന്നെയാണ് ബദ്ർ യുദ്ധാവസരത്തിൽ മുസ്‌ലിമീങ്ങൾ ബന്ദിയാക്കിയത്. അയാൾ നബി(സ)തിരുമേനിയോട് തന്റെ അന്തസ്സിനെയും പെൺമക്കളുടെ കാര്യവും പറഞ്ഞുകൊണ്ട് അതായത് താൻ കുടുംബബാധ്യതയുള്ള ആളും പെൺമക്കൾക്ക് ആരും മേന്നോട്ടക്കാരനില്ലെന്നും ആയതിനാൽ തന്നോടു കരുണ കാണിക്കണമെന്നും യാചിക്കുകയുണ്ടായി. അങ്ങനെ നബി(സ)തിരുമേനി അയാളുടെ പെൺമക്കൾ കാരണത്താൽ ഫിദ്‌യ വാങ്ങാതെ ഔദാര്യമെന്ന നിലയിൽ വിട്ടയക്കുകയുണ്ടായി. അതോടൊപ്പം മേലിൽ നബി(സ)തിരുമേനിക്കെതിരിൽ യുദ്ധത്തിനു വരികയില്ലെന്നും സൈനിക നീക്കം നടത്തുകയില്ലെന്നും നബി(സ)തിരുമേനിക്കെതിരിൽ ആരേയും ഇളക്കി വിടുകയില്ലെന്നും ശപഥം വാങ്ങിയിരുന്നു. പക്ഷേ, അയാൾ തന്റെ ശപഥം ലംഘിച്ചുകൊണ്ട് ഉഹുദുയുദ്ധത്തിൽ ഖുറയ്ശികളോടൊപ്പം വരികയുണ്ടായി. അയാൾ ജനങ്ങൾക്ക് ആവേശം പകരുകയും നബി(സ) തിരുമേനിക്കെതിരിൽ യുദ്ധം ചെയ്യാൻ തന്റെ കവിതകൾ മുഖേന ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. നബി(സ)തിരുമേനി ഇത്തവണ ഇയാൾ രക്ഷപ്പെടാൻ ഇടവരരുതെന്ന് ദുആ ചെയ്തിരുന്നു. അങ്ങനെ അയാൾ വീണ്ടും ബന്ദിയാക്കപ്പെട്ടു. ഒരു നിവേദനത്തിൽ പറയുന്നു: ഉഹുദുയുദ്ധത്തിനുശേഷം മുശ്‌രികീങ്ങൾ ഹംറാഉൽ അസദ് എന്ന സ്ഥലത്ത് തമ്പടിച്ചപ്പോൾ ഇയാളെ ഉറങ്ങിക്കിടക്കുന്ന അവസ്ഥയിൽ അവിടെ ഉപേക്ഷിച്ചു പോകുകയുണ്ടായി. ഇയാൾ നേരം വെളുക്കുന്നതുവരെ അവിടെതന്നെ അശ്രദ്ധനായി കിടന്നുറങ്ങുകയുണ്ടായി. അയാളെ ബന്ദിയാക്കിയത് ഹദ്റത്ത് ആസിം ബിൻ ഥാബിത്ത്(റ) ആയിരുന്നു. ഈ യുദ്ധത്തിൽ ഈ ഒരു മുശ്‌രിക് മാത്രമാണ് ബന്ദിയാക്കപ്പെട്ടത്. മറ്റൊരു നിവേദനത്തിൽ ബന്ദിയാക്കിയത് ഹദ്റത്ത് ഉമയ്ർ ബിൻ അബ്ദുല്ലാഹ് ആണെന്നും പറയുന്നുണ്ട്. ബന്ദിയാക്കപ്പെട്ടശേഷം അബൂ ഉസ്സയെ നബി(സ)തിരുമേനിയുടെ മുമ്പിൽ ഹാജരാക്കി. നബി(സ)തിരുമേനിയെ കണ്ടപ്പോൾ അയാൾ പറഞ്ഞു: മുഹമ്മദേ! എന്നോടു കരുണ കാണിച്ചു എന്റെ പെൺമക്കളെ ഓർത്ത് എന്നെ വിട്ടയച്ചാലും. മേലിൽ ഞാനിത്തരം കാര്യങ്ങൾ ചെയ്യുന്നതല്ലെന്ന് സത്യം ചെയ്യുന്നു. നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹുവാണെ സത്യം! ഇല്ല, ഇനി ഒരിക്കലും നിന്റെ മുഖം മക്കയിൽ കാണാൻ ഇടവരരുത്. മറ്റൊരു നിവേദനത്തിൽ പറയുന്നു: ഇനി ഒരിക്കലും നീ ഹജ്‌റുൽ അസ്‌വദിന്റെ അടുത്തിരുന്ന് ഞാൻ മുഹമ്മദിനെ വഞ്ചിച്ചുവെന്ന് പറയാൻ ഇടവരരുത്. പിന്നീട് നബി(സ)തിരുമേനി ഹദ്റത്ത് സയ്ദിനെ നോക്കി പറഞ്ഞു: ഇയാളെ കൊല്ലുക! മറ്റൊരു നിവേദനത്തിൽ ആസിം ബിൻ ഥാബിത്തിനോടാണ് കൽപ്പിച്ചതെന്നും പറയുന്നുണ്ട്. തുടർന്ന് നബി(സ)തിരുമേനി പറഞ്ഞു: വിശ്വാസി ഒരു മാളത്തിൽനിന്ന് രണ്ട് തവണ ദംശിക്കപ്പെടുകയില്ല.(അസ്സീറത്തുൽഹൽബിയ്യ, വാള്യം 2, പേജ് 352, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(സീറത്തുൽഹൽബിയ്യ ഉർദു വാള്യം 2, പേജ് 236-237 ദാറുൽഇശാഅത്ത് കറാച്ചി 2009).

ബാക്കി ഇൻശാഅല്ലാഹ് പിന്നീടു വിവരിക്കുന്നതാണ്. ലോകത്തിന്റെ അവസ്ഥകൾ ഓർത്ത് ദുആ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹു എല്ലാ അഹ്‌മദികളേയും എല്ലാ ദ്രോഹങ്ങളിൽനിന്നും സംരക്ഷിക്കുമാറാകട്ടെ.

ഇനി ഞാൻ ഒരു ജനാസയും നമസ്കരിപ്പിക്കുന്നതാണ്. അത് കഴിഞ്ഞ ദിവസം ഓസ്ട്രേലിയായിൽ ശഹീദായ ഫറാസ് അഹ്‌മദ് ത്വാഹിറിന്റേതാണ്. ഈ സംഭവത്തെ പറ്റി എഴുതുന്നു: ഓസ്ട്രേലിയായിലെ സുപ്രസിദ്ധ പട്ടണമായ സിഡ്നിയിലെ പ്രദേശമായ ബൺണ്ടായിലുള്ള ഷോപ്പിംഗ് സെന്ററിൽ ഒരു ഓസ്ട്രേലിയക്കാരൻ ഇദ്ദേഹത്തെ കത്തികൊണ്ട് ആക്രമിച്ച് ശഹീദാക്കുകയുണ്ടായി. ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. മർഹൂം ഷോപ്പിംഗ് സെന്ററിൽ സെക്യൂരിറ്റി ഗാർഡായി ജോലി ചെയ്യുകയായിരുന്നു. അദ്ദേഹത്തിന് 30 വയസ്സായിരുന്നു. അവിവാഹിതനായിരുന്നു. ഈ ആക്രമണത്തിൽ 12 പേർക്ക് പരിക്കേൽക്കുകയും 6 പേർ കൊല്ലപ്പെടുകയുമുണ്ടായി. കൊല്ലപ്പെട്ടവരിൽ 5 പേർ സ്ത്രീകളാണ്.

ഫറാസ് അഹ്‌മദ് ത്വാഹിർ സാഹിബ് റബ്‌വ നിവാസിയാണ്. 2018-ൽ പാകിസ്താനിൽനിന്ന് ശ്രീലങ്കയിലെത്തി. നാലുവർഷം അവിടെ താമസിച്ചു. പിന്നെ കഴിഞ്ഞവർഷം യു.എൻ.എച്ച്.ആർ.സി മുഖേന ഓസ്ട്രേലിയായിലെത്തി. കഴിഞ്ഞ വർഷമാണ് അദ്ദേഹം തന്റെ സെക്യൂരിറ്റി ലൈസൻസ് ഉണ്ടാക്കിയത്. ഇദ്ദേഹം വഫാത്തായ ദിവസം ഷോപ്പിംഗ് സെന്ററിൽ ഇദ്ദേഹത്തിന്റെ പകൽ സമയത്തുള്ള ആദ്യത്തെ ഡ്യൂട്ടിയായിരുന്നു. രാത്രി ഡ്യൂട്ടി കൊടുത്തിരുന്നു. പക്ഷേ, പകൽ സമയത്തുള്ള ആദ്യ ഡ്യൂട്ടിയായിരുന്നു.

വിവരങ്ങൾ പ്രകാരം, ഫറാസ് അഹ്‌മദ് ത്വാഹിർ

സാഹിബ് ആളുകൾ അസ്വസ്ഥരായി നാലുപാടും ഓടുന്നതു കണ്ടപ്പോൾ അക്രമിയെ തടയാൻ മുന്നോട്ടു കുതിച്ചു. അപ്പോൾ അക്രമി അദ്ദേഹത്തെ ആക്രമിക്കുകയുണ്ടായി. അതിൽ അദ്ദേഹത്തിന് രക്ഷപ്പെടാൻ കഴിഞ്ഞില്ല. ഈ ആക്രമണത്തിൽ മരണപ്പെട്ട ആദ്യത്തെ വ്യക്തി ഇദ്ദേഹമായിരുന്നു.

മർഹൂമിന്റെ കുടുംബത്തിൽ അദ്ദേഹത്തിന്റെ പ്രപിതാമഹൻ മിയാൻ അഹ്മദ് സാഹിബ് മുഖേനയാണ് ജമാഅത്തെത്തിയത്. അദ്ദേഹം ശാഹ്പൂർ ജില്ലാ നിവാസിയായിരുന്നു.

മർഹൂമിന്റെ പിതാമഹൻ സ്വൂഫി അഹ്മദുയാർ സാഹിബിന് ഒരു നീണ്ടകാലമായി ജമാഅത്തുപരമായ സേവനത്തിന് തൗഫീഖ് ലഭിച്ചുകൊണ്ടിരിക്കുന്നു. അതേസമയം പരേതന്റെ പിതാവ് ബശീർ അഹ്മദ് സാഹിബ് 2005-ലും മാതാവ് റളിയ ബീഗം സാഹിബ 2014-ലും വഫാത്തായി. പരേതന്റെ സന്തപ്ത കുടുംബത്തിൽ മൂന്ന് സഹോദരന്മാരും രണ്ട് സഹോദരിമാരും പിതാമഹൻ സൂഫി അഹ്മദുയാർ സാഹിബുമുണ്ട്.

അദ്ദേഹത്തെപ്പറ്റിയുള്ള വിവരണത്തിൽ പറയുന്നു: ഓസ്ട്രേലിയായുടെ പ്രധാനമന്ത്രിയും ന്യൂ സൗത്ത് വെൽസിലെ പ്രീമേയറും ഫറാസ് അഹ്മദ് ത്വാഹിർ സാഹിബിന്റെ ധീരതയേയും ത്യാഗത്തേയും ശ്ലാഘിക്കുകയുണ്ടായി. അതുപോലെ ഓസ്ട്രേലിയായിലെ പാക്കിസ്താൻ ഹൈക്കമ്മീഷണർ സാഹിബും ഫറാസ് അഹ്മദ് ത്വാഹിർ സാഹിബിന്റെ ധീരതയേയും ത്യാഗത്തേയും ശ്ലാഘിക്കുകയും ദു:ഖം രേഖപ്പെടുത്തുകയും എല്ലാത്തരം സഹായങ്ങളും വഗ്ദാനം ചെയ്യുകയുമുണ്ടായി. മർഹൂമിനെയും ഈ സംഭവത്തെയുംപറ്റി 120-ൽപരം വാർത്തകൾ പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. കൂടുതൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഇന്ന് അവിടെ അദ്ദേഹത്തിന്റെ ജനാസ ആയിരുന്നു. അതിൽ അവിടെയുള്ള പ്രീമേയറും പ്രധാനമന്ത്രിയും മറ്റും വന്നിരുന്നു. അദ്ദേഹം അവിടെ വീണ്ടും പരേതനെ ശ്ലാഘിച്ചു. സോഷ്യൽ മീഡിയായിൽ ഫറാസ് അഹ്മദ് സാഹിബിന്റെ ധീരതയേയും ത്യാഗത്തെയുംപറ്റി വളരെ നല്ല നിലയിലാണ് വിവരിച്ചുകൊണ്ടിരിക്കുന്നത്. നിരവധിയാളുകൾ അദ്ദേഹത്തെ നാഷണൽ ഹീറോ എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ ഈ ത്യാഗം അദ്ദേഹം പാക്കിസ്താനിൽ നിന്ന് മരണത്തെ ഭയന്നു കൊണ്ടല്ല വന്നതെന്നും മറിച്ച് അഹ്മദികൾക്കുമേൽ ചുമത്തുന്ന മതപരമായ വിലക്കുകൾ കാരണം പ്രയാസപ്പെടുന്നതുകൊണ്ടാണ് രാജ്യം വിട്ടതെന്നും പ്രകടമാക്കുന്നു. അവിടെ അവർക്ക് അല്ലാഹുവിന്റെയും റസൂലിന്റെയും പേര് ഉച്ചരിക്കുന്നതുപോലും വിലക്കുകയാണ്.

സ്വദ്ർ ഖുദ്ദാമുൽ അഹ്മദിയ്യാ അദ്നാൻ ഖാദിർ സാഹിബ് പറയുന്നു: ഏപ്രിൽ 21 ഞായറാഴ്ച ഓസ്ട്രേലിയൻ സർക്കാർ വക ഒരു ഷോപ്പിംഗ് മാളിനു സമീപം ഒരു പ്രോഗ്രാം സംഘടിപ്പിച്ചിരുന്നു. അതിന്റെ ഉദ്ദേശ്യം ഈ സംഭവത്തിൽ ജീവൻ വെടിഞ്ഞവർക്ക് ആദരം അർപ്പിക്കുകയായിരുന്നു. ഈ പ്രോഗ്രാമിൽ ഓസ്ട്രേലിയൻ പ്രധാനമന്ത്രി, ന്യൂ സൗത്ത് വെയിൽസ് പ്രീമേയർ, പ്രതിപക്ഷ നേതാവ്, പാർലമെന്റംഗങ്ങൾ, പ്രദേശിക നേതാക്കൾ, മറ്റു കൗൺസിൽ മേയർമാർ, പോലീസ്, ആർമി, നേവി എന്നിവയുടെ ഉന്നത ഉദ്യോഗസ്ഥർ, നിരവധി മീഡിയാ പ്രതിനിധികൾ, ജീവിതത്തിലെ വ്യത്യസ്ത തുറകളിൽപ്പെട്ട ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കുകയുണ്ടായി. ഈ സന്ദർഭത്തിൽ ജമാഅത്തംഗങ്ങളെയും പരിപാടിയിൽ ക്ഷണിച്ചിരുന്നു.

ഇദ്ദേഹത്തിന്റെ ജ്യേഷ്ഠ സഹോദരൻ മുദഥ്ഥിർ ബശീർ പറയുന്നു: മർഹൂം കുട്ടിക്കാലം മുതൽ തന്നെ വളരെ കഠിനാധ്വാനിയും സുസ്മേര വദനനും ധൈര്യശാലിയുമായിരുന്നു. മർഹൂമിന് 11 വയസ്സുള്ളപ്പോഴാണ് ഞങ്ങളുടെ പിതാവ് മരണപ്പെടുന്നത്. പറയുന്നു, ഞങ്ങളുടെ മൂത്ത സഹോദരൻ മുസഫ്ഫർ അഹ്മദ് സാഹിബ് ഞങ്ങളെ പിതാവിനെപോലെ സംരക്ഷിച്ചു. മർഹൂം തന്റെ പഠനത്തോടൊപ്പം സഹോദരന്റെ കച്ചവടത്തിലും സഹായിച്ചിരുന്നു. മർഹൂം കഠിനാധ്വാനിയും തന്റെ സഹോദരീ സഹോദന്മാരെ നല്ല പോലെ സ്നേഹിക്കുന്ന ആളുമായിരുന്നു. സൗമ്യശീലനും സ്വഭാവത്തിൽ നർമമുള്ള വ്യക്തിയുമായിരുന്നു. ഒരിക്കലും സഹോദരീ സഹോദന്മാരുടെ ഒരു കാര്യത്തിലും നീരസം പ്രകടിപ്പിച്ചിരുന്നില്ല. മർഹൂം ജമാഅത്തുപരമായ ജോലികളിലും മുൻപന്തിയിലുണ്ടായിരുന്നു. പാക്കിസ്താനിലുണ്ടായിരുന്ന കാലത്തും പിന്നീട് ശ്രീലങ്കയിലും ഓസ്ട്രേലിയായിലും ജമാഅത്തുപരമായ ജോലികളും ഡ്യൂട്ടികളും നിർവഹിച്ചുപോന്നു. ഖിലാഫത്തിനോടു അകൈതവവും ആത്മാർഥ വുമായ കൂറും സ്നേഹവുമുണ്ടായിരുന്നു. നാഷണാലിറ്റി കിട്ടിയാൽ ആദ്യംപോയി ഖലീഫത്തുൽ മസീഹിനെ കാണണമെന്നതായിരുന്നു ആഗ്രഹം.

അദ്ദേഹത്തിന്റെ കനിഷ്ഠ സഹോദരൻ ശീറാഥ് അഹ്മദ് പറയുന്നു: വിശുദ്ധ ഖുർആൻ വളരെ ഭംഗിയായി തിലാവത്ത് ചെയ്തിരുന്നു. നമസ്കാരത്തിലും കൃത്യനിഷ്ഠ ഉണ്ടായിരുന്നു.

മുറബ്ബി കാംറാൻ മുബശ്ശിർ സാഹിബ് പറയുന്നു: ഞാൻ മർഹൂമിൽ കണ്ട ഒരു സവിശേഷത ജമാഅത്തിലെ പ്രായമായവരേയും മുറബ്ബിമാരേയും അദ്ദേഹം നല്ലപോലെ ആദരിച്ചിരുന്നു എന്നതാണ്. അവരെന്ത് നിർദ്ദേശം നൽകിയാലും നിരസിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ എന്തെങ്കിലും കുറ്റങ്ങളെ പറ്റിപറഞ്ഞു കൊടുത്താൽ ഒരിക്കലും അതിൽ വിഷമിച്ചിരുന്നില്ല, മറിച്ച് വിനയപൂർവം നിശബ്ദനായി അത് സ്വീകരിക്കുകയും തന്റെ തെറ്റ് സമ്മതിക്കുകയും തിരുത്തുകയും ചെയ്തിരുന്നു.

അദ്ദേഹത്തിന്റെ സുഹൃത്ത് അഹ്മദ് ഇബ്റാഹീം പറയുന്നു: മർഹൂം ദീനിനോടും ഖിലാഫത്തിനോടും നിസ്സീമമായ സ്നേഹമുള്ള ആളായിരുന്നു. ജമാഅത്തിന്റെ ഭാരവാഹികളെ ആദരിക്കുന്ന ആളും നമസ്കാരത്തിൽ കൃത്യനിഷ്ഠ പുലർത്തുന്ന വ്യക്തിയുമായിരുന്നു. എനിക്ക് അദ്ദേഹവുമായി ഒരു സാഹോദര്യ സൗഹൃദ ബന്ധമായിരുന്നു. എന്തെങ്കിലും കാര്യത്തിൽ ഞാൻ ശകാരിച്ചാൽ തലതാഴ്ത്തി കേൾക്കുകയും മേലിൽ പരാതിക്ക് ഇടവരുത്തുകയില്ലെന്ന് പറയുകയും ചെയ്യുമായിരുന്നു. വളരെ സുസ്മേര വദനനും സ്നേഹമുള്ള ആളുമായിരുന്നു. ബ്രിസ്ബനിലെ ജമാഅത്ത് സ്വദ്ർ പറയുന്നു:കഴിഞ്ഞ മാർച്ച് മാസത്തിൽ ഒരാഴ്ചത്തേക്ക് ബ്രിസ്ബനിൽ വന്നിരുന്നു. താൻ വന്നത് തന്റെ സുഹൃത്തുക്കളേയും ബന്ധുക്കളേയും കാണാനാണെന്നാണ് പറഞ്ഞത്. അതിനോടൊപ്പം, ആർക്കെങ്കിലും തന്നോടു മനസ്സിൽ എന്തെങ്കിലും വെറുപ്പോ പരാതിയോ ഉണ്ടെങ്കിൽ താൻ മാപ്പു ചോദിച്ച് ഇണങ്ങാനുമാണ് വന്നതെന്നും പറഞ്ഞു. നിരന്തരം എല്ലാവരോടും മാപ്പു ചോദിച്ചുകൊണ്ടിരുന്നു. എല്ലാവരോടും ഖുദാഹാഫിള് പറയാനാണ് വന്നതെന്ന് തോന്നി. അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ ശജർ അഹ്മദ് പറയുന്നു: കഠിനാധ്വാനിയും നിർഭയനും നിർബന്ധകാര്യങ്ങൾ തിരിച്ചറിയുന്ന ആളുമായിരുന്നു. പരേതനോടൊപ്പം മുറിവേറ്റ മറ്റൊരു സെക്യൂരിറ്റി ഗാർഡ് പറഞ്ഞു: അക്രമി ഷോപ്പിംഗ് സെന്ററിൽ പ്രവേശിക്കുകയും അയാളെ കണ്ട് ആളുകൾ ഓടാൻ തുടങ്ങുകയും ചെയ്തപ്പോൾ പരേതൻ ധൈര്യം കാണിച്ചുകൊണ്ട് അയാളെ തടയാൻ ശ്രമിച്ചു. അവന്റെ മുമ്പിൽ പോയി നിന്നു. മറ്റുള്ളവരെ സംരക്ഷിച്ചുകൊണ്ട് തന്റെ ജീവന്റെ കാണിക്ക സമർപ്പിച്ചു. സോഷ്യൽ മീഡിയായിലും ആളുകൾ ഫറാസ് ത്വാഹിർ സാഹിബിന് അഭിവാദനം അർപിക്കുന്നു. ക്രൈസ് മർഫി എന്ന സാഹിബ് തന്റെ കമന്റിലെഴുതി: ആക്രമണം ഉണ്ടാകുന്നതിനുമുമ്പേ നല്ല വസ്ത്രമണിഞ്ഞ ഒരു സെക്യൂരിറ്റി ഗാർഡ് ഫറാസ് ത്വാഹിറിനെ കണ്ടു. അദ്ദേഹം ഷോപ്പിംഗ് സെന്ററിൽ തന്റെ ഡ്യൂട്ടിയിലായിരുന്നു. അദ്ദേഹം ഒരു ഹീറോ ആയിരുന്നു. അദ്ദേഹം പൊതുജനങ്ങളുടെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി തന്റെ ജീവൻ നല്കി. ഒരു സ്ത്രീ റെബേക്ക ഐവേഴ്സ് എഴുതുന്നു:ഫറാസ് ത്വാഹിർ തന്റെ നാട്ടിലെ ദ്രോഹങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനും ശാന്തിക്കും നല്ലഭാവിക്കും വേണ്ടി ഓസ്ട്രേലിയായിൽ വന്നു. തന്റെ കമ്മ്യൂണിറ്റിയിൽ വളരെ സ്വീകാര്യനായിരുന്നു. അദ്ദേഹം സാധാരണക്കാരെ രക്ഷിച്ചുകൊണ്ട് ജീവൻ നല്കി. ഞാൻ അദ്ദേഹത്തിന്റെ കുടുംബത്തോടും കമ്മ്യൂണിറ്റിയോടും അനുശോചനം പ്രകടിപ്പിക്കുകയാണ്. ഇതൊരു അങ്ങേയറ്റം ബുദ്ധിമുട്ടുണ്ടാക്കുന്ന സംഭവമാണ്. ഇപ്രകാരം നിരവധി കമന്റുകൾ ഷോപ്പിംഗ് മാളിലുണ്ടായിരുന്നവരും വാർത്ത കേട്ടവരും എഴുതിയിട്ടുണ്ട്. ജാമിഅ അഹ്മദിയ്യ റബ്‌വയിലെ വിദ്യാർഥിയാണ് അസീസം ഹസ്വൂർ അഹ്മദ്. പറയുന്നു: ഫറാസ് ത്വാഹിർ എന്റെ പിതൃസഹോദര പുത്രനായിരുന്നു. നല്ല വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. അഞ്ചുനേര നമസ്കാരം കൃത്യമായി അനുഷ്ഠിച്ചിരുന്നു. മറ്റുള്ളവരെ അതിന് ഉപദേശിച്ചിരുന്നു. കാണുമ്പോഴെല്ലാം ചിരിച്ചുകൊണ്ടാണ് കാണുന്നത്. എന്നെ തന്റെ ചെറിയ സഹോദരനായി കണ്ടിരുന്നു. എന്തെങ്കിലും കാര്യം മനസ്സിലാക്കിത്തരണമെങ്കിൽ വളരെ സ്നേഹത്തോടെ മനസ്സിലാക്കിത്തരുമായിരുന്നു. എപ്പോഴും ഞാൻ നിങ്ങൾക്കുവേണ്ടി ദുആ ചെയ്യുമെന്നും നിങ്ങളെനിക്കുവേണ്ടി ദുആ ചെയ്യണമെന്നും പറയുമായിരുന്നു. അദ്ദേഹത്തിന്റെ ശഹാദത്തുണ്ടായ ദിവസം അദ്ദേഹത്തിന്റെ കാൾവന്നു. ഓസ്ട്രേലിയായിൽ അപ്പോൾ രാവിലെ നാലുമണിയായിരുന്നു. അദ്ദേഹത്തിന്റെ മൂത്ത സഹോദരൻ അദ്ദേഹത്തോടു പറഞ്ഞു, ഇപ്പോൾ നാലുമണിയായതേയുള്ളൂ നിനക്കു ജോലിക്കു പോകേണ്ടതല്ലേ ഉറങ്ങിക്കൊള്ളുക. അദ്ദേഹം പറഞ്ഞു, ഞാനിപ്പോൾ തഹജ്ജുദ് നമസ്കരിച്ചു. നിങ്ങൾക്കെല്ലാവർക്കുംവേണ്ടി ദുആയും ചെയ്തിട്ടുണ്ട്. ഇനി സ്വുബ്ഹി നമസ്കരിച്ച് ജോലിക്കുപോകും. ഉറങ്ങാനുള്ള സമയമില്ല. അദ്ദേഹത്തിന്റെ രാവിലത്തെ ഷിഫ്റ്റിന്റെ ആദ്യദിവസമായിരുന്നു അന്ന്. മുമ്പേ വൈകുന്നേരത്തെ ഷിഫ്റ്റായിരുന്നു.

തുടർന്ന് ഇദ്ദേഹം എഴുതുന്നു:ഞങ്ങളുടെ കുടുംബത്തിലെ മൂന്നാമത്തെ ശഹാദത്താണിത്. ആദ്യം എന്റെ മാതൃസഹോദരി ഭർത്താവ് മുഹമ്മദു നവാസ് സാഹിബ് കറാച്ചിയിലെ ഔറങ്കി ടൗണിൽ 2012 സെപ്റ്റംബർ 11-ന് ശഹീദായി. പിന്നീട് അദ്ദേഹത്തിന്റെ മാതുലൻ ഇഅ്ജാസ് അഹ്മദ് സാഹിബ് കറാച്ചിയിലെ ഔറങ്കി ടൗണിൽ 2013 സെപ്റ്റംബർ 4-ന് ശഹീദായി. ഇപ്പോൾ ഫറാസ് അഹ്മദ് സാഹിബിന്റെ ശഹാദത്തുമുണ്ടായി.

ഞാൻ മുമ്പേയും പറഞ്ഞതുപോലെ താൻ മരണം ഭയന്നല്ല രാജ്യം വിട്ടതെന്നും പ്രത്യുത മതസ്വാതന്ത്ര്യത്തിനുവേണ്ടിയാണ് വന്നതെന്നും അദ്ദേഹം പറഞ്ഞിരുന്നു. അല്ലാഹു പരേതന്റെ ദർജകളുയർത്തുമാറാകട്ടെ. എല്ലാ ബന്ധുക്കൾക്കും ക്ഷമയും സഹനവും പ്രദാനം ചെയ്യുമാറാകട്ടെ. (അൽഫള്ൽ ഇന്റർനാഷണൽ ദിനപത്രം 2024 മെയ് 17, പേജ് 2-6)

(വിവ: എച്ച്.ശംസുദ്ദീൻ കാവശ്ശേരി)

# നബി(സ)തിരുമേനിയുടെ വിട്ടു വീഴ്ചയും മാപ്പും

ഹാഫിള് മുസഫ്ഫർ അഹ്മദ്

ഉൽക്കൃഷ്ടസ്വഭാവങ്ങളുടെ അടിത്തറ ദൈവത്തിന്റെ സവിശേഷഗുണങ്ങളാണെന്ന് നബി(സ) തിരുമേനി പറഞ്ഞിരിക്കുന്നു. കഴിവിന്റെ പരമാവധി ആ വിശേഷഗുണങ്ങൾ സ്വായത്തമാക്കാൻ ഉപദേശിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ ഒരു വിശേഷഗുണമാണ് ***അഫുവ്വ്***. അതായത് അവൻ വളരെയധികം മാപ്പ് കൊടുക്കുന്നവനാണ്. ഒരു സമ്പൂർണ മനുഷ്യനായിത്തീരാൻ അല്ലാഹുവിന്റെ ഈ വിശേഷഗുണത്തിൽ വിഭൂഷിതനാകേണ്ടത് മനുഷ്യന് നിർബ്ബന്ധമാണ്. ഇസ്‌ലാമിനുമുമ്പേ വന്ന തൗറാത്തിന്റെ എന്തിനും ഏതിനും പ്രതിക്രിയ ചെയ്യുക എന്ന പാഠം അനീതിയിലും അന്യായത്തിലുമധിഷ്ഠിതമാണ്. ഇസ്‌ലാം നീതിയുടെ കാര്യത്തിൽ ഒരു ചുവട് മുന്നോട്ടു വെച്ചുകൊണ്ട് പ്രത്യുപകാരത്തിന്റെ പാഠം നല്കി, മാപ്പ് ചെയ്യാൻ നിർദ്ദേശിച്ചു. അതിനോടൊപ്പം മാപ്പ് കൊടുക്കൽ എന്ന ധാർമിക ഗുണം സന്ദർഭോചിതമാകുമ്പോഴാണ് സ്തുത്യർഹമായിത്തീരുന്നതെന്ന് വിശദീകരിക്കുകയും ചെയ്തു. ബലഹീനതയും പകരം വീട്ടാനുള്ള കഴിവുകേടുംകൊണ്ട് മാപ്പ് കൊടുക്കുകയാണെങ്കിൽ അത് സ്തുത്യർഹമല്ല. എന്നാൽ, സംസ്കരണം നടക്കുന്നുവെങ്കിൽ അതായിരിക്കും സ്തുത്യർഹമാകുന്നത്. അല്ലാഹു പറയുന്നു: തിന്മയ്ക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ്. നന്മ വരുത്തുക എന്ന നിബന്ധനയോടെ വല്ലവനും മാപ്പാക്കിയാൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെ അടുക്കലാണ്. തീർച്ചയായും അക്രമികളെ അവനിഷ്ടപ്പെടുന്നില്ല. (42:41).

നബി(സ) തിരുമേനിക്ക് മാപ്പ് കൊടുക്കുക എന്ന ധാർമികഗുണം പ്രത്യേകമായ നിലയിൽ നല്കപ്പെട്ടിരിക്കുന്നു. അല്ലാഹു നബി(സ)തിരുമേനിയെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു: അല്ലാഹുവിന്റെ പ്രത്യേകമായ കാരുണ്യം കൊണ്ടുതന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ അവർ നിന്റെ ചുറ്റുംനിന്ന് ചിതറിപ്പിരിഞ്ഞ് പൊയ്ക്കളയുമായിരുന്നു. അതിനാൽ അവർക്ക് നീ മാപ്പ് നല്കുകയും അവർക്കായി പാപമോചനത്തിനുവേണ്ടി പ്രാർഥിക്കുകയും ചെയ്യുക (3:10).

സുഹൃത്തുക്കൾക്കും ശത്രുക്കൾക്കും മാപ്പുകൊടുത്തുകൊണ്ട് അനുപമമായ മാതൃക നബി(സ) തിരുമേനിയിൽനിന്ന് പ്രകടമായിട്ടുണ്ട്. അല്ലാഹുവിന്റെ വിശേഷഗുണമായ മാപ്പുകൊടുക്കലിന്റെ ഉത്തമമായ പ്രതീകമാണ് താനെന്ന് ആ മഹാത്മാവ് തെളിയിച്ചുകാണിക്കുകയുണ്ടായി.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ്(റ)നോട് നബി(സ)തിരുമേനിയെ സംബന്ധിച്ച് തൗറാത്തിൽ വിവരിക്കപ്പെട്ട ലക്ഷണങ്ങൾ ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: ആ നബി ഒരു ദുസ്വഭാവിയോ കഠിനഹൃദയനോ ആയിരിക്കില്ല. അങ്ങാടിയിലിരുന്ന് ബഹളമുണ്ടാക്കുന്നവനുമല്ല. തിന്മയെ തിന്മകൊണ്ട് തടുക്കുകയില്ല. പ്രത്യുത, വിട്ടുവീഴ്ചയും മാപ്പും ചെയ്യും (ബുഖാരി).

അദ്ദേഹം സൂചന നല്കിയത് വാസ്തവത്തിൽ യശയ്യ പ്രവാചകന്റെ ഈ പ്രവചനത്തിലേക്കായിരുന്നു: അവൻ ജാതികളോടു ന്യായം പ്രസ്താവിക്കും. അവൻ നിലവിളിക്കുകയില്ല, ഒച്ചയുണ്ടാക്കുകയില്ല, തെരുവീഥിയിൽ തന്റെ ശബ്ദം കേൾപ്പിക്കയുമില്ല, ചതഞ്ഞ ഓട അവനൊടിച്ചുകളയുകയില്ല; പുകയുന്ന തിരി കെടുത്തുകളയുകയില്ല; അവൻ സത്യത്തോടെ ന്യായം പ്രസ്താവിക്കും. (യശയ്യാവ്, 42:2-4).

നബി(സ) തിരുമേനിയുടെ ക്ഷമാഗുണത്തെ സംബന്ധിച്ച് ഹദ്റത്ത് ആഇശ(റ) പറയുന്നു: നബി(സ) ഒരിക്കലും തനിക്കുവേണ്ടി, തന്നോടു ചെയ്യുന്ന അതിക്രമത്തിന് പകരം ചോദിക്കാറില്ലായിരുന്നു. (മുസ്‌ലിം)

ഹദ്റത്ത് ഖദീജ(റ)യുടെ മകനായ ഹിന്ദിന് നബി(സ)തിരുമേനിയുടെ ശിക്ഷണത്തിൽ കഴിയാൻ ഭാഗ്യം സിദ്ധിച്ചിരുന്നു. അദ്ദേഹം നിവേദനം ചെയ്യുന്നു: നബി(സ)തിരുമേനി ദുൻയാവിനും അതിന്റെ ഉദ്ദേശ്യലബ്ധിക്കും വേണ്ടി ഒരിക്കലും ദ്വേഷപ്പെട്ടിരുന്നില്ല. തനിക്കുവേണ്ടി ഒരിക്കലും കോപിച്ചിട്ടില്ല, പകരം വീട്ടിയിട്ടുമില്ല. (തിർമുദി).

മദീനയിൽ വന്നതിനുശേഷം ഒരിക്കൽ നബി(സ) തിരുമേനി അൻസ്വാറിന്റെ നേതാവും രോഗബാധിതനുമായിരുന്ന ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയെ കാണാൻ പോയി. വഴിയിൽ യഹൂദികളായ അന്യാരാധകരുടേയും മുസ്‌ലിമീങ്ങളുടേയും ഒരു സഭയിൽ കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ഉണ്ടായിരുന്നു. നബി(സ) തിരുമേനിയുടെ യാത്രാവാഹനം വന്നുനിന്നപ്പോൾ പൊടിപാറി. അപ്പോൾ അയാൾ വാപൊത്തി. നബി(സ)തിരുമേനിയെ അധിക്ഷേപിച്ചു പറയാൻ തുടങ്ങി. നബി(സ)തിരുമേനി സഅ്ദ് ബിൻ ഉബാദയുടെ വീട്ടിലെത്തിയപ്പോൾ അദ്ദേഹത്തോട് ആ സംഭവം പറഞ്ഞു. മദീനയുടെ പ്രത്യേക പരിതഃസ്ഥിതിയിൽ അബ്ദുല്ലാഹ് ബിൻ ഉബയ്യിന് മാപ്പ് കൊടുക്കാൻ അദ്ദേഹം അപേക്ഷിച്ചു. നബിതിരുമേനി അദ്ദേഹത്തിന് മാപ്പ് കൊടുക്കുകയും ചെയ്തു. (ബുഖാരി)

എത്രത്തോളം സത്യഹൃദയത്തോടെ മാപ്പ് കൊടുത്തുവെന്നാൽ അയാളുടെ സകല അധിക്ഷേപങ്ങളും ഉപദ്രവങ്ങളും നിലനില്ക്കേ അയാൾ മരിച്ചപ്പോൾ അയാളുടെ മയ്യിത്ത് നമസ്കരിപ്പിച്ചു. ഹദ്റത്ത് ഉമർ(റ) അയാളുടെ മയ്യിത്ത് നമസ്കരിപ്പിക്കുന്നതിൽനിന്ന് തടഞ്ഞുകൊണ്ട് നബിതിരുമേനിയെ അബ്ദുല്ലാഹ് ബിൻ ഉബയ്യിന്റെ അതിക്രമങ്ങളും ശത്രുതയും ഓർമിപ്പിച്ചു. നബി(സ) ചിരിച്ചുകൊണ്ട് പറഞ്ഞു: ഉമറേ, പിന്നോട്ടു മാറുക. എനിക്ക് അധികാരം നല്കപ്പെട്ടിരിക്കുന്നു. അതായത്, നീ അയാൾക്കുവേണ്ടി പൊറുക്കലിനെ തേടിയാലും ഇല്ലെങ്കിലും അത് സമമാണ്. 70 പ്രാവശ്യം പൊറുക്കലിനെ തേടിയാലും അല്ലാഹു അയാൾക്ക് പൊറുത്തുകൊടുക്കുകയില്ല.എന്നിട്ട് പറഞ്ഞു: 70 പ്രാവശ്യത്തിലധികം പൊറുക്കലിനെ തേടിയാൽ അയാൾക്ക് പൊറുക്കപ്പെടുമെന്ന് ഞാൻ അറിഞ്ഞാൽ 70-ൽ കൂടുതൽ തവണ ഞാൻ അയാൾക്കുവേണ്ടി പൊറുക്കലിനെ തേടുന്നതാണ്. പിന്നീട് നബി(സ)തിരുമേനി അയാളുടെ മയ്യിത്ത് നമസ്കരിച്ചു. മയ്യിത്തിനോടൊപ്പം ഖബർസ്ഥാനിൽപോയി, ഖബറടക്കം കഴിയുന്നതുവരെ അവിടെനിന്നു. (ബുഖാരി).

ദാത്തുർരിഖാഅ് യുദ്ധത്തിൽ, നബി(സ)തിരുമേനിയെ വധിക്കുക എന്ന ഉദ്ദേശ്യത്തോടെ പിന്തുടർന്നുവന്ന ഗൗരിഥ് ബിൻ ഹാരിഥിനും ആ മഹാത്മാവ് മാപ്പ് കൊടുക്കുകയുണ്ടായി. നബിതിരുമേനി ഉറങ്ങുമ്പോൾ, ആ മഹാത്മാവിനെ കൊല്ലുക എന്ന ഉദ്ദേശ്യത്തോടെ ആ മഹാത്മാവിന്റെതന്നെ വാൾ അയാൾ കൈവശപ്പെടുത്തി. എന്നാൽ, ആ പുണ്യാത്മാവിന്റെ ദൈവദത്തമായ ഗൗരവഭാവവും അന്യരിൽ ഉളവാക്കിയ ആദരയുക്തമായ ഭയവുംകൊണ്ട് അയാൾക്ക് ആ ദിവ്യാത്മാവിനെ കൊല്ലാൻ കഴിഞ്ഞില്ല. ആ വർഗ്ഗശത്രുവിനും നബി(സ)തിരുമേനി മാപ്പ് കൊടുത്തു (ബുഖാരി).

**വിഷം കൊടുത്തവൾക്ക് മാപ്പ്:**

ഖയ്ബർ യുദ്ധത്തിനുശേഷം പ്രസിദ്ധനായ യഹൂദീ ജേർണൽ മർഹബിന്റെ സഹോദരി ആട്ടിറച്ചിയിൽ വിഷം കലർത്തി വേവിച്ച് നബി(സ)തിരുമേനിയുടെ സന്നിധിയിൽ സമ്മാനമെന്നോണം കൊടുത്തയച്ചു. നബി(സ)തിരുമേനി അതിന്റെ കൈയുടെ ഭാഗത്തുള്ള ഇറച്ചി ഭക്ഷിക്കാൻ തുടങ്ങി; മറ്റു സ്വഹാബാക്കളും. ഉടനെ നബി(സ)തിരുമേനി ആരും അത് തിന്നരുതെന്ന് പറഞ്ഞ് വിലക്കി. പിന്നീട് ആ യഹൂദസ്ത്രീയെ ആ മഹാത്മാവ് വിളിപ്പിച്ചുകൊണ്ട് ചോദിച്ചു: നീ ഈ ഭക്ഷണത്തിൽ വിഷം ചേർത്തിട്ടുണ്ടോ? ഉണ്ട് എന്നവൾ പറഞ്ഞു. എന്നിട്ട് അതെങ്ങനെ താങ്കൾ അറിഞ്ഞുവെന്ന് അവൾ ചോദിച്ചു. നബി(സ)തിരുമേനി ആ കൈയുടെ ഭാഗത്തുള്ള ഇറച്ചിയിലേക്ക് ചൂണ്ടിക്കൊണ്ട് പറഞ്ഞു, അതാണ് എന്നോട് പറഞ്ഞത്. നീ ഇതുകൊണ്ട് എന്താണ് ഉദ്ദേശിച്ചതെന്നും നബി(സ)തിരുമേനി ചോദിച്ചു. അവൾ പറഞ്ഞു, അങ്ങ് നബിയാണെങ്കിൽ ഈ വിഷം അങ്ങയ്ക്ക് ഒരു കേടും വരുത്തുകയില്ല. ഇനി അങ്ങനെയല്ലെങ്കിൽ അങ്ങയിൽനിന്ന് ഞങ്ങളുടെ ജീവൻ രക്ഷപ്പെടും. നബി(സ)തിരുമേനി ആ സ്ത്രീക്ക് മാപ്പ് കൊടുത്തു. അവളെ ശിക്ഷിച്ചില്ല. ആ ഇറച്ചി ഭക്ഷിച്ച് ഒരു സ്വഹാബി മരിച്ചിരുന്നു. ആ വിഷത്തിന്റെ ദൂഷ്യഫലം നബി(സ)യുടെ അവസാനത്തെ രോഗത്തിലും പ്രകടമായിരുന്നു. ഇക്കാരണത്താൽ നബിതിരുമേനിക്ക് തൊണ്ടയിൽ ബുദ്ധിമുട്ടുണ്ടാകുമായിരുന്നു (അബൂദാവൂദ്).മത പരിത്യാഗികൾക്കു മാപ്പ്:

അബ്ദുല്ലാഹ് ബിൻ സഅ്ദ് ബിൻ അബീ സർഹും നബി(സ)യ്ക്കുണ്ടാകുന്ന വെളിപാടുകൾ എഴുതുന്ന ആളുകളിൽപ്പെട്ടയാളായിരുന്നു. അയാൾ ദൈവികവചനത്തിൽ മാറ്റത്തിരുത്തലുകളും വഞ്ചനയും നടത്തി എന്ന കുറ്റത്തിന് വിധേയനായി. അയാളുടെ ആ കളവ് പിടിക്കപ്പെട്ടപ്പോൾ ധിക്കാരവും മതത്യാഗവും സ്വീകരിച്ച് മുസ്‌ലിമീങ്ങളുടെ ശത്രുക്കളായ മക്കയിലെ ഖുറയ്ശികളോടൊപ്പം പോയിച്ചേർന്നു. അവിടെച്ചെന്നിട്ട് തന്റെ കുറ്റം തുറന്നനിലയിൽ അയാൾ പ്രചരിപ്പിച്ചു. താൻ പറഞ്ഞതുപോലെയാണ് വെളിപാടുണ്ടാക്കി എഴുതിയിരുന്നതെന്ന് അയാൾ പറഞ്ഞുനടന്നു. അയാളുടെ ധിക്കാരപരമായ നടപടി കാരണം അയാൾ വധാർഹനാണെന്ന് വിധിക്കപ്പെട്ടു. അല്ലാഹുവിന്റേയും റസൂലിന്റേയും ആ ശത്രുവിനെ തങ്ങൾ വധിക്കുമെന്ന് ചില മുസ്‌ലിമീങ്ങൾ തീരുമാനിച്ചു. എന്നാൽ, ഇയാൾ തന്റെ മുലകുടി സഹോദരനായ ഹദ്റത്ത് ഉഥ്മാൻ ഗനി(റ)യുടെ അഭയത്തിൽ വന്ന് മാപ്പുചോദിച്ചു. നബി(സ)ആദ്യം അത് നിഷേധിച്ചു. എന്നാൽ, ഹദ്റത്ത് ഉഥ്മാൻ(റ) ആവർത്തിച്ചാവർത്തിച്ച് അപേക്ഷിക്കുകയും, താൻ അയാൾക്ക് അഭയം വാഗ്ദാനം ചെയ്തിട്ടുണ്ടെന്ന് പറയുകയും ചെയ്തപ്പോൾ നബി(സ)തിരുമേനി അയാൾക്ക് മാപ്പ് കൊടുത്തു. അയാളുടെ ബയ്അത്ത് സ്വീകരിക്കുകയും ചെയ്തു.

പിന്നീട് നബി(സ)തിരുമേനി തന്റെ സ്വഹാബിമാരോട് (അവരിൽ അബ്ദുല്ലായെ വധിക്കുമെന്ന് തീരുമാനമെടുത്ത സ്വഹാബിമാരുമുണ്ടായിരുന്നു) ചോദിച്ചു: മാപ്പും അനുസരണപ്രതിജ്ഞയും ഞാൻ സ്വീകരിക്കാതിരുന്നപ്പോൾ അയാളെ വധിച്ച് എന്തുകൊണ്ട് നിങ്ങൾ നിങ്ങളുടെ തീരുമാനം പൂർത്തിയാക്കിയില്ല? എടുത്ത തീരുമാനം പൂർത്തിയാക്കുക എന്നത് അല്ലാഹുവിനോടുള്ള കടമയല്ലേ. സ്വഹാബിമാർ പറഞ്ഞു: അങ്ങയോടുള്ള മര്യാദയാണ് ഞങ്ങൾക്ക് അതിന് തടസ്സമായത്.

അങ്ങ് ഞങ്ങൾക്ക് ചെറിയ സൂചന നല്കിയിരുന്നുവെങ്കിൽ തീരുമാനം പൂർത്തിയാക്കുന്നതിൽ ഞങ്ങൾക്ക് ഒരു തടസ്സവുമുണ്ടാകുമായിരുന്നില്ല. നബി(സ)തിരുമേനി അതിന് എത്ര മനോഹരമായ മറുപടിയാണ് നല്കിയത്! ആ മഹാത്മാവ് പറഞ്ഞു: കണ്ണിന്റെ രഹസ്യമായ സൂചനകൊണ്ടുള്ള ചതിയും നബിയുടെ തേജോവിലാസത്തിൽനിന്ന് വിദൂരത്താണ്. ഇപ്രകാരം പരിശുദ്ധ ഖുർആനിൽ വഞ്ചന നടത്തി കുറ്റം ചെയ്ത ആ കുറ്റവാളിയേയും മൗനാനുവാദത്തോടെ വധിക്കാൻ നബിതിരുമേനി അനുവദിച്ചില്ല. ഈ പാഠം തന്റെ അനുചരന്മാർക്ക് നല്കാനാകാം നബി(സ)തിരുമേനി അവരോട് ആ ചോദ്യം ചോദിച്ചത്. വിശ്വസ്തനായ ആ ദൈവദൂതന്റെ തീരുമാനം എപ്പോഴും ഒരു മുസ്‌ലിംസ്ത്രീപോലും അഭയം നല്കിയ വ്യക്തിയെ തന്റെ അഭയത്തിൽ ഉൾപ്പെടുത്തുക എന്നതായിരുന്നു. സംഭവം ഇങ്ങനെയിരിക്കെ ഹദ്റത്ത് ഉഥ്മാനെ പോലുള്ള പ്രതാപിയായ സ്വഹാബിയുടെ അഭയവാഗ്ദാനം ഉണ്ടായിട്ടും നബി(സ)തിരുമേനിയുടെ സാന്നിധ്യത്തിൽവെച്ച് ആ മഹാത്മാവിന്റെ വ്യക്തമായ തീരുമാനത്തിന്നെതിരെ അത്തരം നടപടി സ്വീകരിക്കാൻ ആർക്കാണ് ധൈര്യമുണ്ടാവുക.

ബയ്അത്ത് സ്വീകരിച്ചശേഷവും അബ്ദുല്ലാഹ് താൻ ചെയ്ത കുറ്റകൃത്യങ്ങളിലുള്ള ലജ്ജ കാരണം നബി(സ)യുടെ മുന്നിൽ വരാൻ മടികാണിച്ചിരുന്നു. എന്നാൽ, ആ കരുണാവാനും ഉദാരനും അത്യുന്നത സ്ഥാനീയനുമായ ദൈവദൂതൻ അദ്ദേഹത്തിന് സന്ദേശമയച്ചു: ഇസ്‌ലാം സ്വീകരിക്കുക എന്നത് അതിന് മുമ്പേയുള്ള പാപങ്ങളെ മാപ്പാക്കുന്നു. (ഹൽബിയ്യ).

*(ഇൻസാനെ കാമിൽ എന്ന ഗ്രന്ഥത്തിൽനിന്ന്)*

## ചോദ്യോത്തരം

**സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസ്**

**ചോദ്യം:** ഭാരതത്തിലെ കേരളത്തിൽനിന്ന് ഒരു സ്ത്രീ ഹുദൂറിനോടു എഴുതിച്ചോദിച്ചു: ധാരാളമാളുകൾ എൽ.ജി.ബി.ടി യെ കുറിച്ച് ഇസ്‌ലാമിക വിശ്വാസം ചോദിക്കുന്നു. ഈ പദ്ധതിയിൽ ചേരുന്ന വർക്കും ചിലപ്പോൾ ഇതു നേരിടേണ്ടി വരുന്നുണ്ട്. വിശദമായ മറുപടി ആവശ്യമാണ്. ഹുദൂർ അൻവർ അയ്യദഹുല്ലാഹ് 31-8-2022 നെഴുതിയ തന്റെ കത്തിൽ പ്രസ്തുത ചോദ്യത്തിനുള്ള മറുപടിയിൽ താഴെ കാണുന്ന മാർഗനിർദേശം നല്കിയിരിക്കുന്നു. ഹുദൂർ പറഞ്ഞു:

**ഉത്തരം:** അല്ലാഹു പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളേയും ഏതെങ്കിലും ഉദ്ദേശ്യത്തിനുവേണ്ടിയാണ് സൃഷ്ടിച്ചിട്ടുള്ളത്. അതുകൊണ്ടാണ് പറഞ്ഞത് റബ്ബനാ മാ ഖലഖ്ത്ത ഹാദാ ബാത്വിലൻ(3:192)ഞങ്ങളുടെ നാഥാ! നീ ഇതെല്ലാം വ്യർഥമായിട്ടല്ല സൃഷ്ടിച്ചത്.

അതുകൊണ്ട് വിവാഹത്തിനുശേഷം സ്ത്രീയും പുരുഷനും തമ്മിലുള്ള പരസ്പര ബന്ധങ്ങളിലും ഒരു ഉദ്ദേശ്യമുണ്ട്. അത് ചാരിത്രശുദ്ധിയും പരിശുദ്ധിയും, ആരോഗ്യസംരക്ഷണവും, മനുഷ്യപരമ്പരയെ നിലനിറുത്തലും സ്നേഹബന്ധവും സമാധാനവുമാണ്. അല്ലാഹു നമുക്ക് ശാരീരികാവയവങ്ങളും ഒരു പ്രത്യേക ഉദ്ദേശ്യത്തിനാണ് പ്രദാനം ചെയ്തിട്ടുള്ളത്. ഭക്ഷണം കഴിക്കുന്നതിന് വായ ഉണ്ടാക്കി. ആരെങ്കിലും ആ വായയിലൂടെ അഴുക്കും പൂഴിയും തിന്നാൻ തുടങ്ങിയാൽ അവനെ ബുദ്ധിമാനെന്ന് പറയുകയില്ല.

നമ്മൾ നമ്മുടെ നിത്യജീവിതത്തിൽ കാണാറുണ്ട്, വിമാനം തുടങ്ങിയവ പറത്തുന്നതിന് ഏവിയേഷന്റെ നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. വണ്ടി ഓടിക്കുന്നതിന് ട്രാഫിക് നിയമങ്ങൾ നിലവിലുണ്ട്. ആരെങ്കിലും ചിന്തിക്കാതെയും ആലോചിക്കാതെയും ഒരു നിയമവും പാലിക്കാതെയും വിമാനം പറത്താനുദ്ദേശിച്ചാൽ അല്ലെങ്കിൽ അതിനെ റോഡിലോടിക്കാൻ ശ്രമിച്ചാൽ അതു നടക്കുകയില്ല. ഇതുപോലെ ട്രാഫിക് നിയമങ്ങൾ പാലിക്കാതെ വണ്ടി റോഡിൽ ഓടിക്കാനും സാധ്യമല്ല. പിന്നെ ലോകത്തിലെ എല്ലാ രാജ്യങ്ങളും തങ്ങളുടെ രാജ്യത്ത് വരുന്നതിനും പോകുന്നതിനും ഇമ്മിഗ്രേഷന്റെ നിയങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. ഏതെങ്കിലും വ്യക്തിക്ക് ഈ നിയമങ്ങൾ ലംഘിച്ചുകൊണ്ട് ഒരു രാജ്യത്തും പ്രവേശിക്കാൻ സാധ്യമല്ല.

ഇതേപോലെ അല്ലാഹുവും മനുഷ്യന് ജീവിക്കുന്നതിനുവേണ്ടി, അവനെ കുറച്ചു നിയമങ്ങളും അടിസ്ഥാന കാര്യങ്ങളും വ്യവസ്ഥകളും പാലിക്കേണ്ടവനാക്കിയിരിക്കുന്നു. മനുഷ്യൻ ഈ നിയമങ്ങൾ ലംഘിക്കുകയാണെങ്കിൽ അവൻ തീർച്ചയായും അല്ലാഹുവിന്റെ വെറുപ്പിന് പാത്രമാകുന്നതായിരിക്കും.

മതപരമായ അധ്യാപനമനുസരിച്ച് സ്വവർഗരതി പ്രകൃതിനിയമ ലംഘനമാണ്. കാരണം ഇതിന്റെ ഫലമായി തിന്മകളും രോഗങ്ങളും വ്യാപിക്കുന്നു. സ്വവർഗരതിക്കാരിൽ അധികവും എയ്ഡ്സ് തുടങ്ങിയ രോഗങ്ങൾക്കിരയാകുന്നുവെന്നത് സ്ഥാപിതമായ കാര്യമാണ്. മൃഗങ്ങളും തങ്ങളുടെ വംശപരമ്പര നിലനിറുത്തുന്നിന് അവയുടെ ഇണയുമായി മാത്രം ശാരീരികബന്ധത്തിലേർപ്പെടുന്നതാണ് നമ്മൾ കാണുന്നത്. ഇതിന്നെതിരിൽ മനുഷ്യൻ-അവനെ അല്ലാഹു സൃഷ്ടികളിൽ ഉത്തമൻ എന്നു പറഞ്ഞുകൊണ്ട്, ലോകത്തുള്ള മുഴുവൻ സൃഷ്ടികളുടേയുംമേൽ ഒരു ശ്രേഷ്ഠത പ്രദാനം ചെയ്തിരിക്കുന്നു-ഒരു ഉദ്ദേശ്യവുമില്ലാത്ത, അതാണെങ്കിൽ അവന്റെ വംശപരമ്പരയ്ക്കും കാരണമാകുന്നില്ല, അങ്ങനെയുള്ള ശാരീരിക ബന്ധം പ്രകടിപ്പിക്കുകയാണെങ്കിൽ അപ്പോൾപ്പിന്നെ അവൻ ലോകത്തുള്ള മുഴുവൻ സൃഷ്ടികളുടേയുംമേൽ ഒരു ശ്രേഷ്ഠനാകുന്നത് അവിടെ നിൽക്കട്ടെ, ഒരു സാധാരണ മനുഷ്യൻ എന്നല്ല മൃഗങ്ങളെക്കാളും തരംതാഴ്ന്നവനായിത്തീരുന്നു.

മനുഷ്യൻ ബുദ്ധിപൂർവം പ്രവർത്തിക്കുകയാണെങ്കിൽ അല്ലാഹു ലൈഗികപരമായ അവയവങ്ങളും പ്രത്യേക ഉദ്ദേശ്യത്തോടെയാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് മനസ്സിലാകുന്നതായിരിക്കും. പക്ഷേ, സ്വവർഗരതിക്ക് ഇരയായിട്ടുള്ളവർ വെറും ഭോഗലാലസയുടെ പിന്നാലെ കൂടിയിരിക്കുന്നവരാണ്. ഒരു ഭാഗത്ത് അവർ ഈ ദുഷ്കർമത്തിൽ അകപ്പെടുകയും മറുഭാഗത്ത് തങ്ങൾക്ക് മക്കളുണ്ടാകണമെന്നാഗ്രഹിക്കുകയും ചെയ്യുന്നു. ഇതിനുവേണ്ടി അവർ മറ്റുള്ളവരുടെ മക്കളെ ദത്തെടുക്കുകയും ചെയ്യുന്നു.

യഥാർഥത്തിൽ ഇതെല്ലാം ദജ്ജാലിന്റെ ചതിയാണ്. ഇവ മുഖേന ദജ്ജാൽ മനുഷ്യനെ അവന്റെ സൃഷ്ടിപ്പിന്റെ യഥാർഥ ഉദ്ദേശ്യത്തിൽനിന്ന് ദൂരത്താക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അവർ ഈ സാത്താനിക പ്രവൃത്തികൊണ്ട് ഒരു ചിന്തിച്ചും ആലോചിച്ചും കൊണ്ടുള്ള പദ്ധതിയനുസരിച്ച് മനുഷ്യനെ ദൈവത്തിൽനിന്നും മതത്തിൽനിന്നും അകറ്റാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അതായത് എങ്ങനെയെങ്കിലും മനുഷ്യൻ അല്ലാഹുവിലുള്ള വിശ്വാസം അവസാനിക്കണം.

സ്വവർഗരതി ഒരു ശാരീരിക രോഗമല്ല. ജന്മനാ ഒരു മനുഷ്യനിലും നിക്ഷേപിക്കപ്പെട്ടിട്ടുള്ളതുമല്ല. ഈ രോഗത്തിന് ഇരയായിട്ടുള്ള അധികപേരിലും കുട്ടിക്കാലത്ത് വൃത്തികെട്ട സിനിമകളും മറ്റും കണ്ട് ഈ ചീത്ത ശീലമുണ്ടാകുന്നതാണ്. സമൂഹവും അവരെ കുറച്ച് ചീത്തയാക്കിക്കൊണ്ടിരിക്കുന്നുണ്ട്. ഇതുപോലെതന്നെ സ്കൂളുകളിൽ ഇത്തരം വിഷയം പഠിപ്പിക്കുമ്പോൾ അതുമുഖേന കുട്ടികളിലും യുവാക്കളിലും കൂടുതൽ ഇച്ഛാഭംഗമുണ്ടാകുന്നു. അങ്ങനെ ചില കുട്ടികളും യുവാക്കളും ഈ ദുർവൃത്തിയിൽ അകപ്പെടുകയും ചെയ്യുന്നു. അത്തരമാളുകൾ തങ്ങളിൽ ഈ ദുർവൃത്തികൾ ദൈവംതമ്പുരാൻ ജന്മനാ വെച്ചിട്ടുള്ളതാണെന്ന് പറയാനും തുടങ്ങുന്നു. അവരുടെ ഈ പറച്ചിൽ ശരിയായതും ഉചിതവുമാണോ? ഒരിക്കലും അവരുടെ ഈ മറുപടി ശരിയും സ്വീകാരാർഹവുമല്ല. അതിനാൽ ഈ അവസ്ഥയാണ് സ്വവർഗരതിയിൽ അകപ്പെട്ടിരിക്കുന്നവരുടേതും.

ട്രാൻസ്ജൻഡർമാരുടെ ഇത്തരം അവസ്ഥയുമായിട്ടുള്ളബന്ധം, ഇതിൽ ഏതെങ്കിലും കുട്ടി ജന്മനാ ഏതെങ്കിലും ലൈംഗികമായ ന്യൂനതയിൽ ഉണ്ടായിരിക്കും. അപ്പോൾ ഇതും അത്തരത്തിലുള്ള ഒരു രോഗമാണ്; ഏതെങ്കിലും കുട്ടി ജന്മനാ അന്ധയോ മൂകയോ ആയിരിക്കുന്നതുപോലെ! അല്ലെങ്കിൽ ജന്മനാതന്നെ ഏതെങ്കിലും രോഗത്തിന്റെ ഇരയായിരിക്കും. ഇങ്ങനെ വരുമ്പോൾ എപ്രകാരം നമ്മൾ മറ്റു രോഗങ്ങൾക്ക് ചികിത്സ നടത്തുന്നുവോ ഈ രോഗത്തിൽ അകപ്പെട്ടിരിക്കുന്നുവ്യക്തി അതേ അവസ്ഥയിലാണെങ്കിൽ,

**• അല്ലാഹുവിന്റെ കലാം: •**

നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. (വിശുദ്ധ ഖുർആൻ 26:215 – 216)

**• കലാമുൽ ഇമാം •**

'അല്ലയോ എന്റെ ബൈഅത്തിൽ പ്രവേശിച്ചിട്ടുള്ള എന്റെ പ്രിയപ്പെട്ട സ്നേഹിതരേ അല്ലാഹു നമ്മെ അവൻ തൃപ്തിപ്പെടുമാറുള്ള കാര്യങ്ങൾ ചെയ്യാൻ സഹായിക്കട്ടെ(ഇസാലെ ഔഹാം പേ. 825)


tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM

ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

ചികിത്സിച്ച് സുഖപ്പെടുത്താൻ കഴിയുമെങ്കിൽ അതേപ്രകാരം ചികിത്സിക്കേണ്ടതാണ്. ഇല്ലെങ്കിൽ അവരെ അതേ അവസ്ഥയിൽത്തന്നെ വിട്ടേക്കുക.

സ്വവർഗരതിയുടെ പ്രശ്നത്തിൽ ആ ദുർവൃത്തികളിലും അല്ലെങ്കിൽ രോഗങ്ങളിലും അകപ്പെട്ടിരിക്കുന്നവരെ നമ്മൾ മോശമായി മനസ്സിലാക്കി അവരെ തള്ളി അകറ്റാൻ പാടില്ല. അതേ! അല്ലാഹു ചീത്തയാണെന്ന് പറഞ്ഞിരിക്കുന്ന ഈ പ്രവൃത്തി നമ്മുടെ പക്കലും എന്തായാലും ചീത്തതന്നെയാണ്. ഈ ദോഷം കാരണത്താൽ അല്ലാഹു ഒരു ജനതയെ ശിക്ഷിച്ചിരുന്നതും നമുക്കറിയാം. അതുകൊണ്ട് അല്ലാഹു ഇന്നേക്ക് ആയിരക്കണക്കിന് വർഷംമുമ്പേ ഒരു ജനതയെ ഈ ദുർവൃത്തി കാരണത്താൽ ശിക്ഷിച്ചിരുന്നു, പക്ഷേ, ഇക്കാലത്തുള്ളവർ അതേ ദുർവൃത്തി ചെയ്താൽ അല്ലാഹു അവരെ ശിക്ഷിക്കുകയില്ലെന്ന് പറയാൻ പറ്റുകയില്ല. അല്ലാഹുവിന്റെ പിടിത്തത്തിന് വിവിധ രീതികളാണുള്ളത്. അതുകൊണ്ട് അല്ലാഹുതന്നെ അത്തരക്കാരെ എന്തു ചെയ്യണമെന്ന് തീരുമാനിക്കുന്നതാണ്. പക്ഷേ, നമ്മുടെ സഹതാപത്തിന്റെ തേട്ടമെന്നത് നമ്മൾ അത്തരക്കാരെ ഈ ദുർവൃത്തിയിൽ വീഴുന്നതിൽനിന്ന് രക്ഷിക്കുക എന്നതാണ്. എന്തുകൊണ്ടെന്നാൽ നമ്മൾ മതപരമായി ഇക്കാര്യത്തെ മോശമായി മനസ്സിലാക്കുന്നു.

**ചോദ്യം:**അൽജീരിയായിൽനിന്ന് ഒരു സ്നേഹിതൻ ഹുദൂർ അൻവറിനോടു ചോദിക്കുന്നു, ഏതെങ്കിലും അമുസ്‌ലിമിനോ അവിശ്വാസിക്കോ അന്യാരാധകനോ വേണ്ടി കാരുണ്യത്തിന് ദുആ ചെയ്യുന്നതും അല്ലെങ്കിൽ അയാൾക്കുവേണ്ടി പാപപ്പൊറുതി തേടുന്നതും ഒരേ കാര്യമാണോ? അതല്ല ഇവതമ്മിൽ വ്യത്യാസമുണ്ടോ?

ഹദൂർ 2022 സെപ്റ്റംബർ 8-ന് എഴുതിയ കത്തിൽ ഈ ചോദ്യത്തിനുള്ള മറുപടി നൽകിയിരിക്കുന്നു. ഹുദൂർ പറഞ്ഞു:

**ഉത്തരം:** ആരോടെങ്കിലും സ്നേഹവികാരം വെക്കുന്നത് തികച്ചും മറ്റൊരു കാര്യമാണ്. ആർക്കെങ്കിലുംവേണ്ടി ഇസ്തിഗ്ഫാർ ചെയ്യുന്നത് മറ്റൊരു കാര്യമാണ്. കരുണയുടെ കൽപന പൊതുവായിട്ടുള്ളതാണ്. ഇതിന്റെ ഉദ്ദേശ്യം ആരോടെങ്കിലും സഹതാപം കാണിക്കുകയും കരുണയോടെ പെരുമാറുകയും ചെയ്യുക എന്നതാണ്. ഒരു തരത്തിലുള്ള അതിക്രമവും അവരോടു ചെയ്യാൻ പാടില്ല. അയാളുടെ നന്മയ്ക്കുവേണ്ടി ഓരോ നിമിഷവും ശ്രമിച്ചുകൊണ്ടിരിക്കുക. കരുണയുടെ ഇതേ വികാരമനുസരിച്ച് നബിമാരും റസൂൽമാരും ജനങ്ങളുടെ ഹിദായത്തിനുവേണ്ടി തങ്ങളുടെ ജീവൻപോലും വെടിയാൻ തയ്യാറാകുന്നു. ഇതിന്റെ പ്രകടനം അല്ലാഹു നമ്മുടെ ആഖായും മൗലായുമായ ഹദ്റത്ത് അഖ്ദസ്സ് മുഹമ്മദു മുസ്ത്വഫാ(സ)യുടെ വ്യക്തിപരമായ സവിശേഷതയെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ ഈ വാക്കുകളിൽ പറഞ്ഞിരിക്കുന്നു:ല അല്ലക്ക ബാഖിഉൻനഫ്സക്ക അല്ലാ യകൂനൂ മുഅ്മിനീൻ (26:4)അവർ വിശ്വാസികളാകാത്ത കാരണത്താൽ(ദുഃഖം നിമിത്തം)നീ നിന്റെ ജീവനെ നശിപ്പിച്ചേക്കാം.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നബിമാരുടെ ഈ സഹതാപവികാരം സ്മരിച്ചുകൊണ്ട് പറയുന്നു: എല്ലാ ഓരോ നബിമാരുടേയും ഉദ്ദേശ്യമായിരുന്നു തങ്ങളുടെ കാലത്ത് തങ്ങൾക്കെതിരിൽനിന്ന എല്ലാ അവിശ്വാസികളും മുസ്‌ലിമാകണമെന്നത്. എന്നാൽ, അവരുടെ ഈ ഉദ്ദേശ്യം പൂർത്തിയായില്ല. എത്രവരെയെന്നാൽ അല്ലാഹു നമ്മുടെ നബിയോടു പറഞ്ഞു:ല അല്ലക്ക ബാഖിഉൻനഫ്സക്ക അല്ലാ യകൂനൂ മുഅ്മിനീൻ (26:4)അവർ വിശ്വാസികളാകാത്ത കാരണത്താൽ(ദുഃഖം നിമിത്തം)നീ നിന്റെ ജീവനെ നശിപ്പിച്ചേക്കാം.

ഈ ആയത്തിൽനിന്ന് മനസ്സിലാകുന്നത് നബി(സ)തിരുമേനി അവിശ്വാസികൾ വിശ്വസിക്കുന്നതിനുവേണ്ടി എത്രമാത്രം വിഷമത്തോടും നീറ്റലോടും അലിവോടുംകൂടി ദുആ ചെയ്തിരുന്നുവെന്നാൽ ആ വേദന സ്വന്തം ജീവൻ തന്നെ നശിപ്പിച്ചേക്കുമോ എന്ന് തോന്നിയിരുന്നു. അതുകൊണ്ട് അല്ലാഹു പറഞ്ഞു:ഇവർക്കുവേണ്ടി ഇത്രമാത്രം വിഷമിക്കണ്ട. ഇത്രമാത്രം നിന്റെ മനസ്സിനെ വേദനകളുടെ കുറിമാനമാക്കാതിരിക്കുക. കാരണം ഇവർ വിശ്വസിക്കുന്നതിൽ കൂസലില്ലാത്തവരാണ്. അവരുടെ ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും മറ്റൊന്നാണ്. ഈ ആയത്തിൽ അല്ലാഹു സൂചിപ്പിച്ചിട്ടുള്ളത്, ഏ നബിയേ!(അലയ്ഹിസ്സലാം)എത്രത്തോളം നീ ധൈര്യത്തോടും പൂർണശ്രദ്ധയോടും അലിവോടും നീറ്റലോടുംകൂടി നിന്റെ ആത്മാവിനെ പ്രയാസത്തിലിട്ടുകൊണ്ട് ഇവരുടെ സന്മാർഗപ്രാപ്തിക്കായി ദുആ ചെയ്യുന്നുവോ നിന്റെ ദുആകൾ അതിന്റെ സ്വാധീനം കാണിക്കുന്നതിൽ ഒരു കുറവും വരുത്തിയിട്ടില്ല. പക്ഷേ, ദുആ സ്വീകാരത്തിനുള്ള നിബന്ധന, ആർക്കുവേണ്ടിയാണോ ദുആചെയ്യുന്നത് അവൻ കഠിനപക്ഷവാദിയും കുസലില്ലാത്തവനും ദുഷ്പ്രകൃതക്കാരനും ആകാൻ പാടില്ലെന്നതാണ്. അങ്ങനെയായാൽ ദുആ സ്വീകരിക്കപ്പെടുകയില്ല.(ബറാഹീനെ അഹ്മദിയ്യ ഭാഗം 5, റൂഹാനീ ഖസാഇൻ വാള്യം 21, പേജ് 226)

നബി(സ)തിരുമേനിയുടെ ഈ കാരുണ്യവികാരം മനുഷ്യകുലത്തിന്റെ ആത്മീയപരമായ സന്മാർഗത്തിനുവേണ്ടി അലയടിച്ചുയർന്നതിനോടൊപ്പം ഭൗതികമായ കാര്യങ്ങളിലും അവിടന്ന് എല്ലാ നിരാലംബരും നിസ്സഹായരുമായവരോടും കരുണയോടും സഹതാപത്തോടും ഉത്തമമായി പെരുമാറുകയും ചെയ്തു.

ഇപ്രാരംതന്നെ തന്റെ അനുയായികളോടും മറ്റുള്ളവരോടും കരുണയോടും സഹതാപത്തോടും പെരുമാറാനും പാഠം നല്കി. നബി(സ)തിരുമേനി പറഞ്ഞു:

ലാ യർഹമുല്ലാഹു മൻ ല്ലാ യർഹമുന്നാസ (ബുഖാരി കിതാബുത്തൗഹീദ് ബാബു ഖൗലില്ലാഹി തബാറക്ക വ തആല ഖുലിദ്ഉല്ലാഹ അവിദ്ഉർ റഹ്മാന അയ്യമാ തദ്ഉ ഫലഹുൽ അസ്മാഉൽ ഹുസ്ന)അതായത് ആരാണോ ആളുകളോടു കരുണ കാണിക്കാത്തത് അല്ലാഹു അവന്റെ മേലും കരുണ കാണിക്കുകയില്ല. ഈ കാരുണ്യത്തിൽ മനുഷ്യരും മൃഗങ്ങളും മുസ്‌ലിമും കാഫിറും മിത്രവും ശത്രുവും അടിമയും സ്വതന്ത്രനും എല്ലാവരും പെടുന്നു. ഇതു ഇസ്‌ലാമിന്റെ കരുണയുടെ പാഠമാണ്. അതായത് നബി(സ)തിരുമേനി പറഞ്ഞു:യുദ്ധത്തിൽ ശത്രുക്കൾ വധിക്കപ്പെടുമ്പോൾ ആ ശത്രുക്കളുടെ ശരീരങ്ങൾ വികൃതമാക്കാതിരിക്കുക.(ബുഖാരി കിതാബുൽമഗാസി ബാബു ഖിസ്സ്വത്തി ഉക്‌ലിൻ വ ഉറയ്നത്ത)

ഇസ്തിഗ്ഫാർ ചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളം ഇസ്തിഗ്ഫാർ എന്ന വാക്കിന്റെ അർഥം അല്ലാഹുവിനോടു ദുആ ചെയ്യുക, അവൻ എല്ലാ ബലഹീനതയും തിന്മയും പാപത്തിന്റെ അവസ്ഥയും തന്റെ കൃപകൊണ്ട് പൊതിഞ്ഞു വെക്കട്ടെ എന്നാണ്. ഇസ്തിഗ്ഫാർ മനുഷ്യൻ തനിക്കുവേണ്ടിയും ചെയ്യാറുണ്ട്. മറ്റുള്ളവർക്കുവേണ്ടിയും ചെയ്യാറുണ്ട്. അല്ലാഹുവിന്റെ നബിമാർക്കും റസൂൽമാർക്കും അതിന്റെ ആവശ്യമുണ്ട്. പാപങ്ങളും തെറ്റുകളും ചെയ്തവർക്കും അതിന്റെ ആവശ്യമുണ്ട്. ഇതുപോലെതന്നെ ഇസ്തിഗ്ഫാറിന്റെ വൃത്തം ഈ ദുൻയാവിലും വ്യാപിച്ചു നിൽക്കുന്നു. പരലോക ജീവിതത്തിലും അതിന്റെ ഫലം വെളിപ്പെടുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇസ്തിഗ്ഫാർ എന്ന വിഷയം വിശദീകരിച്ചുകൊണ്ട് പറയുന്നു: ഇസ്തിഗ്ഫാർ, ഇതിനോടൊപ്പം ഈമാനിന്റെ വേരുകൾ ശക്തമുള്ളതാകുന്നു. വിശുദ്ധ ഖുർആനിൽ രണ്ട് അർഥത്തിൽ ഇതു വന്നിട്ടുണ്ട്. ഒന്ന് തന്റെ മനസ്സിനെ അല്ലാഹുവിന്റെ സ്നേഹത്തിൽ ഉറപ്പിച്ച് പാപങ്ങളുടെ വെളിപ്പെടലിനെ-അതാണെങ്കിൽ തനിച്ചിരിക്കുമ്പോൾ അടിച്ചുയരുന്നതാണ്- അല്ലാഹുവുമായുള്ള ബന്ധത്തോടുകൂടി തടയുകയും അല്ലാഹുവിൽ ബന്ധിക്കപ്പെട്ട് അവനോടു സഹായം തേടുകയും ചെയ്യുക. ഈ ഇസ്തിഗ്ഫാർ അല്ലാഹുവിനോടു സാമീപ്യം പ്രാപിച്ചവരുടേതാണ്. അവർ ഒരു നിമിഷംപോലും അല്ലാഹുവിൽനിന്ന് അകന്നിരിക്കുന്നത് തങ്ങളുടെ നാശത്തിന് കാരണമാണെന്ന് അറിയുന്നു. അതുകൊണ്ടാണ് അല്ലാഹു തന്റെ സ്നേഹംകൊണ്ട് തങ്ങളെ താങ്ങിവെക്കുന്നതിന് ഇസ്തിഗ്ഫാർ ചെയ്യുന്നത്. രണ്ടാമത്തെ തരത്തിലുള്ള ഇസ്തിഗ്ഫാർ ഇതാണ്:പാപത്തിൽനിന്ന് പുറത്തുവന്ന് അല്ലാഹുവിലേക്ക് ഓടുകയും മരം ഭൂമിയിൽ ചേർന്നു നിൽക്കുന്നതുപോലെ മനസ്സ് അല്ലാഹുവിന്റെ സ്നേഹത്തിന്റെ തടവുകാരനായിരിക്കുക. പരിശുദ്ധമായ വളർച്ച പ്രാപിച്ച് പാപത്തിന്റെ വരൾച്ചയിൽനിന്നും അധഃപതനത്തിൽനിന്നും രക്ഷപ്പെടുക. ഈ രണ്ടുരീതിയുടേയും പേർ ഇസ്തിഗ്ഫാർ എന്ന് വെക്കപ്പെട്ടിരിക്കുന്നു. കാരണം *ഗഫറിൽ*നിന്നാണ് ഇസ്തിഗ്ഫാർ വന്നത്. പൊതിഞ്ഞു വെക്കുന്നതിനും അമർത്തിവെക്കുന്നതിനുമാണ് ഇതു പറയുന്നത്. അതായത് ഇസ്തിഗ്ഫാർ കൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിന്റെ സ്നേഹത്തിൽ സ്വയം തന്നെ നിലനിറുത്തുന്ന ആ വ്യക്തിയുടെ പാപം അല്ലാഹു അമർത്തിവെക്കുകയും മനുഷ്യൻ എന്ന അവസ്ഥയുടെ വേരുകൾ നശിക്കാൻ വിടാതിരിക്കുകയും ചെയ്യുക. എന്നല്ല ദൈവികതയുടെ പുതപ്പിനുള്ളിലെടുത്ത് തന്റെ പവിത്രതയിൽനിന്ന് വിഹിതം കൊടുക്കുക. അല്ലെങ്കിൽ പാപത്തിന്റെ വെളിപ്പെടൽകൊണ്ട് ഏതെങ്കിലും വേര് നഗ്നമായിട്ടുണ്ടെങ്കിൽ അതിനെ പൊതിഞ്ഞു വെക്കുക. അതിന്റെ വെളിപ്പെടലി

## • ഹദീഥുന്നബ്‌വി(സ) •

'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

## • കലാമുൽ ഇമാം: •

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാല്യം 1, പേജ് 220)

ത്വാലിബെ ദുആ:
RAHMAN SHAKEER& FAMILY
AHMADIYYA JAMA'ATH KARULAI, KERALA

ത്വാലിബെ ദുആ:
C.K.MUHAMMED SHAREEF &FAMILY
AHMADIYYA MUSLIM JAMA'ATH VANIYAMBALAM, KERALA

ന്റെ ദുസ്സ്വാധീനത്തിൽനിന്ന് രക്ഷിക്കുക.(സിറാ ജുദ്ദീൻ ഈസാഇ കെ ചാർ സവാലോം ജവാബ്, റൂഹാനീ ഖസായിൻ വാള്യം 12, പേജ് 346, 347)

ഇസ്തിഗ്ഫാറിന്റെ ഇതേ വിഷയം മറ്റൊരു രീതിയിൽ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: അല്ലാഹുവിന്റെ നബിമാരിലും റസൂൽമാരിലും ഒരു ആകർഷണ ശക്തിയും ഒരു വലിച്ചടുപ്പിക്കലുമുണ്ടാകുന്നു. ആയിരക്കണക്കിനാളുകൾ അവരിലേക്ക് വലിച്ചടുപ്പിക്കപ്പെടുന്നു. അവരെ സ്നേഹിക്കുന്നു. അവരുടെ ജീവൻപോലും അവരിൽ ബലിയർപിക്കാൻ ആഗ്രഹിക്കുന്നു. അതിനുകാരണം മനുഷ്യകുലത്തിനോടുള്ള നന്മയും സഹാതാപവും അവരുടെ മനസ്സിലുണ്ടാകുന്നു എന്നതാണ്. അവർ മാതാവിനെക്കാൾ കൂടുതൽ മനുഷ്യരെ സ്നേഹിക്കുന്നു. തങ്ങളെ സ്വയം ദുഃഖത്തിലും വിഷമത്തിലും അകപ്പെടുത്തിക്കൊണ്ടും അവർക്ക് സൗഖ്യം കിട്ടണമെന്ന് ആഗ്രഹിക്കുന്നു. അവസാനം അവരുടെ സത്യസന്ധമായ ആകർഷണം ഭാഗ്യരായ മനസ്സുകളെ തങ്ങളിലേക്ക് വലിച്ചടുപ്പിക്കാൻ തുടങ്ങുന്നു. പിന്നീട് മനുഷ്യൻ അദൃശ്യങ്ങൾ അറിയാത്തവനായിരുന്നിട്ടും മറ്റു മനുഷ്യന്റെ രഹസ്യമായ സ്നേഹത്തെ കുറിച്ചറിയുന്നു. അപ്പോൾപ്പിന്നെ അദൃശ്യങ്ങളറിയുന്നവനായ അല്ലാഹു ഏതെങ്കിലും പവിത്രമായ സ്നേഹം അറിയാതിരിക്കുമോ? സ്നേഹം അത്ഭുതകരമായ കാര്യമാണ്. അതിന്റെ അഗ്നി പാപങ്ങളുടെ അഗ്നിയെ കത്തിച്ച് ചാമ്പലാക്കുകയും പാപത്തിന്റെ അഗ്നി ഭസ്മീകരിക്കുകയും ചെയ്യുന്നു. സത്യസന്ധവും വ്യക്തിഗതവും സമ്പൂർണവുമായ സ്നേഹത്തോടൊപ്പം ശിക്ഷ ചേരുകതന്നെയില്ല. സത്യസന്ധമായ സ്നേഹത്തിന്റെ ലക്ഷണങ്ങളിൽ ഒന്ന്, അവന്റെ പ്രകൃതിയിൽ തന്റെ പ്രിയതമനുമായുള്ള ബന്ധം വിച്ഛേദിക്കുക എന്നത് അവനിൽ അങ്ങേയറ്റം ഭയമുളവാക്കുന്നു എന്നതാണ്. അങ്ങേയറ്റം നിസ്സാരമായ വീഴ്ച ഉണ്ടായാലും താൻ നശിച്ചവനാണെന്ന് കരുതുന്നു. തന്റെ പ്രിയതമന്റെ എതിർപ്പിനെ ഒരു വിഷമായി വിചാരിക്കുന്നു. ഇപ്രകാരം തന്നെ തന്റെ പ്രിയതമന്റെ കൂടിക്കാഴ്ച പ്രാപിക്കുന്നതിന് അങ്ങേയറ്റം അസ്വസ്ഥനായിരിക്കുന്നു. അകൽച്ചയുടേയും ഇടയ്ക്കുള്ള വിടവിന്റേയും ദുഃഖംകൊണ്ട് എത്രമാത്രം ദുഃഖിതനാകുമെന്നാൽ, അവൻ മരിച്ചുതന്നെ പോകുന്നു. അതുകൊണ്ട് അവൻ കേവലം സാധാരണക്കാർ മനസ്സിലാക്കുന്ന ഇപ്പറയുന്ന പാപങ്ങളെ അതായത് കൊല്ലരുത്, രക്തം ചിന്തരുത്, വ്യഭിചരിക്കരുത്, മോഷ്ടിക്കരുത്, കള്ളസാക്ഷ്യം പറയരുത്, ചോരയൊഴുക്കുക, വ്യഭിചരിക്കുക, മോഷ്ടിക്കുക തുടങ്ങിയവയെമാത്രമല്ല, പ്രത്യുത അവൻ നിസ്സാരമായ അശ്രദ്ധ പോലും അല്ലാഹുവിനു വിട്ടുകൊണ്ട് മറ്റുള്ളവരിൽനിന്നുണ്ടാകുന്ന നിസ്സാരമായതിനെ തിരിഞ്ഞുനോക്കുന്നതുപോലും ഒരു വൻ കുറ്റമായി കരുതുന്നു. അതുകൊണ്ട് തന്റെ അനശ്വരനായ സ്നേഹിതന്റെ സന്നിധിയിൽ സ്ഥിരമായുള്ള ഇസ്തിഗ്ഫാർ അവന്റെ നിത്യജപമായിത്തീരുന്നു. അവനെപ്പോഴെങ്കിലും അല്ലാഹുവിൽനിന്ന് വേറിട്ടിരിക്കുന്നത് അവന്റെ പ്രകൃതി ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ട് മനുഷ്യത്വത്തിന്റെ തേട്ടത്തിൽനിന്ന് ഒരണുമാത്ര അശ്രദ്ധ ഉണ്ടായാൽത്തന്നെയും അതിനെ അവനൊരു പർവ്വതംപോലെ പാപമായി മനസ്സിലാക്കുന്നു. അല്ലാഹുവിനോടു പരിശുദ്ധവും പരിപൂർണവുമായ ബന്ധം വെക്കുന്നവർ എപ്പോഴും ഇസ്തിഗ്ഫാറിൽ മുഴുകുന്നതിന്റെ രഹസ്യമിതാണ്. കാരണം ഇതു മുഹബ്ബത്തിന്റെ തേട്ടമാണ്. സത്യവാനായ ഒരു പ്രേമിയുടെ എപ്പോഴുമുള്ള ചിന്ത അവന്റെ പ്രേമഭാജനം അവനെ വെറുക്കരുതെന്നായിരിക്കും. കാരണം അവന്റെ മനസ്സിൽ അല്ലാഹു പൂർണമായ നിലയിൽ അവനെ തൃപ്തിപ്പെട്ടിരിക്കണമെന്ന ഒരു ദാഹമുണ്ടാക്കുന്നു. അവനോടു അല്ലാഹു താൻ നിന്നിൽ തൃപ്തനാണെന്ന് പറഞ്ഞാൽത്തന്നെയും അതുകേട്ട് അവന് ക്ഷമിക്കാൻ കഴിയുകയില്ല. എന്തുകൊണ്ടെന്നാൽ, മദ്യത്തിന്റെ ലഹരിയുടെ നേരത്ത് ഒരു മദ്യപാനി ഓരോ നിമിഷവും ഒരു പ്രാവശ്യം കുടിച്ച് പിന്നീട് രണ്ടാം പ്രാവശ്യം ചോദിക്കുന്നു. ഇപ്രകാരം മനുഷ്യന്റെ ഉള്ളിൽ സ്നേഹത്തിന്റെ അരുവി അലതല്ലുമ്പോൾ ആ സ്നേഹം സ്വാഭാവികമായും ആഗ്രഹിക്കുന്നത് ഏറ്റവും കൂടുതൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാകണമെന്നായിരിക്കും. അതിനാൽ സ്നേഹത്തിന്റെ ആധിക്യംകൊണ്ട് ഇസ്തിഗ്ഫാറിന്റെ ആധിക്യവുമുണ്ടാകുന്നു. ഇക്കാരണത്താലാണ് അല്ലാഹുവിനെ സമ്പൂർണമായ നിലയിൽ സ്നേഹിക്കുന്നവർ ഓരോ നിമിഷവും ഇസ്തിഗ്ഫാറിനെ തന്റെ ജപമാക്കിമാറ്റുന്നത്. എല്ലാത്തിനെക്കാളുമുപരി പാപരഹിതന്റെ അടയാളമാണ് അവനേറ്റവുമധികം ഇസ്തിഗ്ഫാറിൽ മുഴുകുന്നുവെന്നത്. ഇസ്തിഗ്ഫാറിന്റെ യഥാർഥ അർഥമിതാണ്. മനുഷ്യത്വത്തിന്റെ ദൗർബല്യം കാരണത്താൽ മനുഷ്യനിൽനിന്നുണ്ടാകാനിടയുള്ള എല്ലാ ഓരോ പാകപ്പിഴകളും പോരായ്മകളും ഈ ഉണ്ടാകാനിടയുള്ള ബലഹീനതകൾ അകറ്റുന്നതിന്, അവവെളിച്ചത്തുവരാതിരിക്കാനും മറച്ചുവെക്കപ്പെട്ടതും ഗോപ്യവുമായിരിക്കാനും അല്ലാഹുവിനോടു സഹായം ചോദിക്കുക. പിന്നീട് ഇസ്തിഗ്ഫാറിന്റെ അർഥം സാധാരണക്കാർക്കുവേണ്ടി കൂടുതൽ വിശാലമാക്കപ്പെട്ടിരിക്കുന്നു. ഇക്കാര്യവും ഇസ്തിഗ്ഫാറിലുണ്ട്. എന്തെല്ലാം പാകപ്പിഴകളും പോരായമകളും നടന്നുകഴിഞ്ഞിട്ടുണ്ടോ അല്ലാഹു അതിന്റെ ദുഷ്ഫലങ്ങളിൽനിന്നും വിഷലിപ്തമായ സ്വാധീനങ്ങളിൽനിന്നും സുരക്ഷിതമാക്കി വെക്കേണ്ടതാണ്. അതിനാൽ യഥാർഥ മോക്ഷത്തിന്റെ ഉറവിടം, വ്യക്തിഗതമായ സ്നേഹം, പ്രതാപവാനായ അല്ലാഹുവിന്റെ, അത് എളിമയും തിരിച്ചറിവും അനശ്വരമായ ഇസ്തിഗഫാറും മുഖേന അല്ലാഹുവിന്റെ സ്നേഹത്തെ തന്നിലേക്ക് വലിച്ചെടുക്കുന്നു.(ചശ്മയെ മസീഹി, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 378–380)

ആർക്കെങ്കിലുംവേണ്ടി ഇസ്തിഗ്ഫാർ ചെയ്യുന്നതിന്റെ ബന്ധത്തെ കുറിച്ചും ഖുർആനും സുന്നത്തും നമുക്ക് മാർഗദർശനം നല്കിയിട്ടുണ്ട്. അല്ലാഹുവിന്റെ ശത്രുവും നരകത്തിൽത്തന്നെയാണെന്ന് വ്യക്തമാകുന്ന ബഹുദൈവവിശ്വാസികൾക്കും കപടവിശ്വാസികൾക്കുംവേണ്ടി ഇസ്തിഗ്ഫാർ ചെയ്യരുത്.(9:113)അതുകൊണ്ടാണ് ഹദ്റത്ത് ഇബ്റാഹീം(അ)നെ അദ്ദേഹത്തിന്റെ പിതാവ് ദൈവത്തിന്റെ ശത്രുവാണെന്നറിയിച്ചപ്പോൾ അയാൾക്കുവേണ്ടി ഇസ്തിഗ്ഫാർ ചെയ്യുന്നതിൽനിന്ന് അദ്ദേഹം പിന്മാറിയത്.(9:114)മദീനയിലെ കപടവിശ്വാസികളുടെ ദ്രോഹങ്ങളും അവരിൽനിന്ന് നബി(സ)തിരുമേനിക്കും മുസ് ലമീങ്ങൾക്കും നേരിടേണ്ടിവന്ന ബുദ്ധിമുട്ടുകളും കാരണത്താൽ അല്ലാഹു വിശുദ്ധ ഖുർആനിൽ അവരെക്കുറിച്ച് ശക്തമായ മുന്നറിയിപ്പു നല്കി. അവരെ ധിക്കാരികളും നരകവാസികളുമെന്ന് പറഞ്ഞു. പക്ഷേ, എന്നിട്ടും അല്ലാഹു നബി(സ)തിരുമേനിക്ക് അവർക്കുവേണ്ടി ദുആ ചെയ്യാനോ ചെയ്യാതിരിക്കാനോ അധികാരം നല്കിയിരുന്നു.(9:74–80) അതുകൊണ്ടു കപടവിശ്വാസിളുടെ നേതാവായ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ മരിച്ചപ്പോൾ നബി(സ)തിരുമേനി അല്ലാഹുവിൽനിന്നു കിട്ടിയ ഈ അധികാരം വെച്ചുകൊണ്ട് അയാളുടെ ജനാസ നമസ്കരിപ്പിച്ചു. അയാൾക്കുവേണ്ടി ഇസ്തിഗ്ഫാർ ചെയ്തു. പക്ഷേ, പിന്നീട് അല്ലാഹു കപടവിശ്വാസികളുടെ ജനാസ നമസ്കരിക്കുന്നതിൽനിന്നും അവർക്കുവേണ്ടി ദുആ ചെയ്യുന്നതിൽനിന്നും നബി(സ)തിരുമേനിയെ തടഞ്ഞു.(9:84)(ബുഖാരി കിതാബുത്തഫ്സീർ, ബാബു ഖൗലിഹിസ്തഗ്ഫിർ ലഹും ഔലാ തസ്ത്തഗ്ഫിർ ലഹും ഇൻ തസ്ത്തഗ്ഫിർലഹും സബ്യീന മർറത്തൻ ഫലൻ യഗ്ഫിറല്ലാഹു ലഹും)

വാസ്തവത്തിൽ ഇസ്ലാമിന്റെ മാപ്പുകൊടുക്കുക എന്ന അധ്യാപനം ഒരു അഗാധമായ യുക്തി ഉൾക്കൊള്ളുന്നതാണ്. ഇതിൽനിന്ന് മുമ്പേയുള്ള മതങ്ങളുടെ അധ്യാപനങ്ങൾ ഒഴിവായിരുന്നു. അതുകൊണ്ട് ഇസ്ലാം തന്റെ എല്ലാ ശത്രുക്കൾക്കുവേണ്ടിയും, അവർ പരിഷ്കരിക്കപ്പെടുമെന്ന പ്രതീക്ഷ ബാക്കിയാവോളം ഹിദായത്തിനുവേണ്ടി ദുആ ചെയ്യാനും അവരുടെ ശിക്ഷണത്തിനുവേണ്ടി ശ്രമിക്കാനുമുള്ള പാഠം നല്കുന്നു. ഉഹുദുയുദ്ധത്തിൽ മുസ്ലിമീങ്ങൾക്ക് നഷ്ടങ്ങളുണ്ടാകുകയും നബി(സ)തിരുമേനിക്കു പരിക്കേല്ക്കുകയും ചെയ്തപ്പോൾ ആരോ നബി(സ)തിരുമേനിയോടു ഇസ്ലാമിന്റെ ശത്രുക്കൾക്കെതിരിൽ ശാപ പ്രാർഥന നടത്താൻ പറഞ്ഞു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു എന്നെ ശപിക്കുന്നവനായി അയച്ചിട്ടില്ല. പ്രത്യുത അവനെന്നെ ദൈവസന്ദേശം നല്കുന്നവനും കരുണ ചെയ്യുന്നവനുമായി അയച്ചിരിക്കുന്നു. അതിനുശേഷം നബി(സ)തിരുമേനി അല്ലാഹുവിനോടു ഇങ്ങനെ പ്രാർഥിച്ചു:അല്ലാഹുവേ! എന്റെ ജനതയ്ക്ക് ഹിദായത്ത് നല്കേണമേ. കാരണം അവർ (എന്റെ സ്ഥാനവും ഇസ്ലാമിന്റെ)യാഥാർഥ്യവും അറിയാത്തവരാണ്.(ശഅ്ബുൽ ഈമാൻ ലിൽ ബയ്ഹഖി ഹദീഥ് 1428)

ഇപ്രകാരം മറ്റൊരു നിവേദനത്തിലുണ്ട്. നബി(സ)തിരുമേനി അല്ലാഹുവിന്റെ തിരുസന്നിധയിൽ അപേക്ഷിച്ചു:അല്ലാഹുവേ!എന്റെ ജനതയ്ക്ക് പൊറുത്തു കൊടുക്കേണമേ. കാരണം അവർ (ഇസ്ലാമിനേയും എന്റെ സ്ഥാനത്തേയും കുറിച്ച്)അറിയാത്ത കാരണത്താലാണ് ഇസ്ലാമിനെ എതിർക്കുന്നത്.(സ്വഹീഹുൽ ബുഖാരി, കിതാബു അഹാദീഥുൽ അമ്പിയാഅ്, ബാബു ഹദീഥുൽ ഗാർ)(അൽമുഅ്ജമുൽ ലിത്ത്വബറാനീ ഹദീഥ് 5562)

ചുരുക്കത്തിൽ ഇസ്ലാം അതിന്റെ അനുയായികളെ താക്കീതു ചെയ്യുന്നത് അവർ മതവും ജാതിയും വർഗവും വർണവും നോക്കാതെ സകല മനുഷ്യകുലത്തിനുവേണ്ടിയും കാരുണ്യത്താൽ ഭരിതമായിരിക്കണമെന്നാണ്. അവരുടെ ഹിദായത്തിനും ആത്മീയമായ ഉയർച്ചയ്ക്കുംവേണ്ടി എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കണമെന്നാണ്. ഭൗതികമായ കാര്യങ്ങളിലും അവരോടുള്ള സഹതാപം മുമ്പിൽ വെക്കേണ്ടതാണ്. അല്ലാഹു ഹൃദയത്തിന് സീലു വെച്ചിട്ടുള്ള അന്യാരാധകരും കപടവിശ്വാസികളും അല്ലാഹുവിന്റെ ശത്രുക്കളുമൊഴികെ ബാക്കി എല്ലാവർക്കുംവേണ്ടി ഇസ്തിഗ്ഫാർ ചെയ്യുന്നവരാകണമെന്നാണ്.(ക്രമീകരണം: ളഹീർ അഹ്മദ് ഖാൻ, ഇൻചാർജ് ശുഅ്ബ റെക്കോഡ് ദഫ്തർ പി.എസ് ലണ്ടൻ)
( അൽഫള്ൽ ഇന്റർനാഷണൽ ദിനപത്രം 2024 മെയ് 10, പേജ് 2–6)

THE WEEKLY
AL HAKAM
www.alhakam.org

# ജർമൻപര്യടനം

**സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ്**

**വിവർത്തനം: മൗലവി അമീൻ മുഹമ്മദു മാത്ര**

*(ബദ്ർ വാള്യം 9, ലക്കം 19-20 സ്പെഷ്യൽ പതിപ്പ്, പേജ് 22, കോളം 3-ൽനിന്ന് തുടർച്ച......)2014 ജൂൺ 08 ഞായറാഴ്ച*

ഒരു വാഖിഫാത്തെ നൗ: നമ്മൾ ഫ്രാങ്ക്ഫർട്ടിൽ പോകുമ്പോൾ വിശുദ്ധ ഖുർആന്റെ ജർമൻ തർജമ നല്കുന്ന മൗലവിമാരെ കാണാം. അത് വാങ്ങാൻ നമുക്ക് അനുവാദമുണ്ടോ.

ഹുദൂർ: ഹാംബർഗിലും മുസ്ലിമീങ്ങളുടെ മസ്ജിദുണ്ടെന്ന് അവിടുന്ന് എനിക്ക് അറിയാൻ കഴിഞ്ഞു. അവർ നമ്മുടെ ഖുർആനിന്റെ ജർമൻ തർജമ വാങ്ങുന്നു. നമ്മുടെ ജമാഅത്തിന്റെ പേരുള്ള ആദ്യത്തെ ഏതാനും പേജുകൾ കീറിയെടുക്കുന്നു. ഇപ്രകാരം അവർ നമ്മുടെ പേരിലുള്ള ഖുർആൻ സ്വന്തം പേരിലാക്കി വിൽക്കുന്നു. മറ്റുള്ളവർക്ക് ശരിയായ തർജമ അറിയില്ല. നിങ്ങൾ സ്വന്തം ജമാഅത്തിന്റെ ഖുർആൻ തർജമ എന്തുകൊണ്ട് വാങ്ങുന്നില്ല? അവരുടെ തർജമയെക്കാൾ വളരെയധികം നല്ലതാണ് നമ്മുടേത്. ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)വിശുദ്ധ ഖുർആന് നല്കിയ വ്യാഖ്യാനത്തെ കുറിച്ച് അനഹ് മദികൾക്ക് അറിയില്ല. പലയവസരങ്ങളിലും ഖുത്ബകളിൽ ഞാനും ഇതു സൂചിപ്പിച്ചിട്ടുണ്ട്. അഹ്മദികളുടെ റഫ്രൻസുകളും ഞാൻ നല്കിയിട്ടുണ്ട്. നമ്മളെഴുതിയതുപോലെയുള്ള തഫ്സീർ അവർ കണ്ടിട്ടേ ഇല്ലെന്ന് അനഹ്മദികൾ പറയുന്നു. ഇവിടെ അനഹ്മദികൾ നമ്മുടെ ജർമൻ തർജമ സ്വന്തം പേരിൽ വിൽക്കുന്നു.

ഒരു വാഖിഫാത്തെ നൗ: ജമാഅത്ത് നടക്കുമ്പോൾ ഇമാമിന് മുമ്പേ സൂറത്ത് ഓതുകയോ ദുആ ചെയ്യുകയോ ചെയ്താൽ മറ്റു ദുആകളും ചെയ്യാൻ സാധിക്കുമോ?

ഹുദൂർ: ജമാഅത്ത് നടക്കുമ്പോൾ നിങ്ങളെല്ലാവരും ഇമാമിന്റെ പിന്നിൽ പോകണം. ഇമാം ഓതുന്നതിനെ പിന്തുടരണം. ഇമാം ചെയ്യുന്നതിനെ പിൻപറ്റണം.

ഒരു വാഖിഫാത്തെ നൗ: നമ്മൾ നോട്ടീസ് വിതരണം ചെയ്യുമ്പോൾ ആളുകൾ അത് വലിച്ചെറിഞ്ഞാൽ കുറച്ചൊക്കെ നമ്മൾ പെറുക്കിയെടുത്താലും മുഴുവനും എടുക്കാൻ സാധിക്കാറില്ല?

ഹുദൂർ: സാധ്യമാകുന്നത്ര പെറുക്കിയെടുക്കുക. ശേഷിക്കുന്നത് അവരുടെ പ്രവർത്തിയാണ്. അതിന്റെ ഉത്തരവാദിത്വം അവർക്കാണ്. നോട്ടീസുകൾ നമ്മൾ വിതരണം ചെയ്യേണ്ടതാണ്. കാരണം, ചെയ്തില്ലെങ്കിൽ നിങ്ങൾക്ക് തബ്ലീഗ് ചെയ്യാൻ സാധിക്കില്ല. ചിലർ എറിഞ്ഞു കളയുന്നു. അത് ചിലർ മാത്രമാണ്. ചിലർ ആദരവോടെ വെക്കുന്നു. ചിലർ കീറിക്കളയുന്നു. ചിലർ വെയ്സ്റ്റ് ബോക്സിൽ ഇടുന്നു. ചിലർ മടക്കി നല്കുന്നു. വിവിധ തരത്തിലുള്ള ആളുകളാണ്. നിങ്ങൾ നിങ്ങളുടെ പ്രവർത്തി തുടര്ന്ന് പോവുക. അവർ അവരുടേതും തുടരട്ടെ.

ഒരു വാഖിഫാത്തെ നൗ: ഹദ്റത്ത് ഈസാ(അ) വീണ്ടും വരുമെന്ന് ചില അനഹ്മദികൾ പറയുന്നു?

ഹുദൂർ: ഇപ്പോൾ വത്തിക്കാൻകാരുടേയും ഇന്റർനെറ്റിൽ വന്നിട്ടുണ്ട്. ജർമനിയിലും ഇംഗ്ലീഷിലുമുണ്ട്. മൂന്ന് പാതിരിമാർ ഇരിക്കുന്നു. ഹദ്റത്ത് ഈസായൊന്നും ഇനി വരാൻ പോകുന്നില്ലെന്ന് അവർ പറയുന്നു. താൻ വീണ്ടും വരുമെന്ന് ഹദ്റത്ത് ഈസാ പറഞ്ഞപ്പോൾ അദ്ദേഹം മദ്യലഹരിയിലായിരുന്നു. ലഹരിയിൽ സംസാരിച്ചതാണ്. ഇനി അദ്ദേഹം രണ്ടാമതൊന്നും വരാൻ പോകുന്നില്ല. കാരണം, എല്ലാ ഗ്രന്ഥങ്ങൾ പ്രകാരവും അല്ലെങ്കിൽ ബൈബിൾ വിവരണങ്ങൾ അനുസരിച്ചും ഈസാ വരേണ്ടുന്ന കാലം കടന്നു കഴിഞ്ഞു. അതുകൊണ്ട് ഇപ്പോൾ അദ്ദേഹത്തിന് മനസ്സിലായിട്ടുണ്ട്. ഇനിയാരും വരില്ല. ഇപ്പോൾ അവർ തന്നെ അംഗീകരിച്ചു കഴിഞ്ഞു. ക്രിസ്ത്യാനികളും ഈസായൊന്നും വരില്ലെന്നാണ് പറയുന്നത്. ലഹരിയിൽ പറഞ്ഞു പോയതാണ്. ഇതോടൊപ്പം അദ്ദേഹത്തിന് അല്ലാഹു മറ്റെന്തോ ദൗത്യം നല്കി എന്നും പറയുന്നു. അതിൽതന്നെ അദ്ദേഹം മുഴുകിയിരിക്കുകയാണ്. ലോകത്തെ സംസ്കരിക്കാൻവേണ്ടി വന്നതായിരുന്നു. അതൊന്നും നടന്നതുമില്ല. ഇവിടെ കളവും പിടിച്ചു പറിയും തെറ്റായ ജീവിതവും സ്ഥായിയാണ്. അതൊന്നും അവസാനിച്ചതുമില്ല. സംസ്കരണവും നടന്നില്ല. എന്നാൽ പാവം ഈസായെ മറ്റെന്തോ പണിക്ക് അയച്ചിരിക്കുകയാണ്.

ഒരു വാഖിഫാത്തെ നൗ: ഒരു ശഹീദിന് (രക്തസാക്ഷിക്ക്) പതിനേഴുപേർക്കുവേണ്ടി ശിപാർശ ചെയ്യാൻ കഴിയുമെന്ന് ഞാൻ കേട്ടിട്ടുണ്ട്. ഇത് ശരിയാണോ? ശിപാർശകൊണ്ട് എന്താണുദ്ദേശിക്കുന്നത്?

ഹുദൂർ: ശഫാഅത്തുകൊണ്ട് ഉദ്ദേശിക്കുന്നത് ശിപാർശ എന്നാണ്. നബി(സ)തിരുമേനിക്ക് അതിനുള്ള അവകാശം നല്കപ്പെട്ടിരിക്കുന്നു. അല്ലെങ്കിൽ അല്ലാഹു ആർക്കാണോ ശിപാർശ ചെയ്യാൻ അനുമതി നല്കുന്നത് അവർക്ക് അത് ചെയ്യാവുന്നതാണ്. ശഹീദുകൾക്ക് അവരുടേതായ ഒരു സ്ഥാനമുണ്ട്. അത് അല്ലാഹു നല്കിയതാണ്. ദീനിനുവേണ്ടി ജീവത്യാഗം വരിക്കുന്നവരെ ആ സ്ഥാനത്ത് അവനെത്തിക്കുന്നു. ഒരിക്കൽ ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിന്റെ രോഗിയായ മകനുവേണ്ടി ദുആ ചെയ്തു. അദ്ദേഹത്തിന് ആരോഗ്യം തിരിച്ചു വരില്ലെന്ന് മറുപടി വന്നു. അവന്റെ മരണം സുനിശ്ചിതമാണെന്നറിഞ്ഞപ്പോൾ ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) ഞാൻ ശിപാർശ ചെയ്യുന്നു വെന്ന് പറഞ്ഞു. ശഫാഅത്തിന്റെ അർഥം ശിപാർശ ചെയ്യുക എന്നാണ്. നിനക്ക് ശിപാർശ ചെയ്യാനുള്ള അവകാശം ആര് തന്നു എന്ന് അല്ലാഹു ചോദിച്ചു. ഇതു കേട്ടതും താൻ ഞെട്ടിത്തരിച്ചുപോയെന്നും വളരെ ഇസ്തിഗ്ഫാർ ചെയ്തെന്നും വാഗ്ദത്ത മസീഹ് (അ) തുടർന്നു പറഞ്ഞു. പിന്നീട് അല്ലാഹു അറിയിച്ചു, ഞാൻ നിനക്ക് അനുമതി നല്കുന്നു.

ആയത്തുൽകുർസി നിങ്ങൾ മനപ്പാഠമാക്കുക. അത് പഠിച്ച് അതിന്റെ തർജമ പഠിക്കുമ്പോൾ ശഫാഅത്തിന്റെ അഥവാ ശിപാർശയുടെ ഉദ്ദേശ്യം നിങ്ങൾക്ക് മനസ്സിലാകും. എന്നല്ല, നിങ്ങൾ പഠിക്കണം. ആയത്തുൽകുർസി എല്ലാ വാഖിഫാത്തെ നൗ കുട്ടികളും കാണാതെ പഠിക്കുക. രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ ഓതി തന്റെ മേൽ ഊതുക. അതുമുഖേന നിങ്ങളിൽ നന്മ ചെയ്യാനുള്ള ആത്മാവ് പിറവിയെടുക്കുമാറാകട്ടെ. അല്ലാഹുവിന്റെ കാവലിൽ വരുമാറാകട്ടെ.

ഒരു വാഖിഫാത്തെ നൗ: ഒരു വഖ്ഫെ നൗ പെൺകുട്ടി അഞ്ചുനേരെ നമസ്കാരവും നിർവഹിക്കണോ അതോ മൂന്നോ നാലോ മതിയോ?

ഹുദൂർ: വഖ്ഫെ നൗ അവിടെ നിൽക്കട്ടെ! ഓരോ മുസ്ലിമും അഞ്ചു നേരവും നമസ്കരിക്കേണ്ടത് നിർബന്ധമാണ്. ഓരോരുത്തരും നിർവഹിക്കേണ്ടതാണ്. മൂന്നോ നാലോ കഴിഞ്ഞാൽ ബാക്കിയുള്ളത് നിങ്ങൾ സ്വയം മാപ്പാക്കി വന്നതാണോ? ഇത് വഖ്ഫെ നൗവ്വിന്റെ മാത്രം പ്രശ്നമല്ല, ഓരോ സത്യവാനായമുസ്ലിമിനും അഞ്ചുനേരെ നമസ്കാരം നിർബന്ധമാണ്. എങ്ങനെ നിർവഹിക്കണമെന്നതും ഏതെല്ലാം സമയത്ത് നമസ്കരിക്കണമെന്നതും എണ്ണം എത്രയാണെന്നുമെല്ലാം നബി(സ)തിരുമേനി നമുക്ക് പറഞ്ഞു തന്നിരിക്കുന്നു. അതുകൊണ്ട് ഇതെല്ലാം നിർബന്ധമാണ്. ഇസ്ലാം കാര്യങ്ങളെത്രയാണ്. വഖ്ഫെ നൗ പെൺകുട്ടിയല്ലേ? അറിയുമോ? ഇസ്ലാം കാര്യങ്ങൾതന്നെ അറിയില്ലെങ്കിൽപ്പിന്നെ വഖ്ഫെ നൗവ്വിന്റെ എന്തു പരിശീലനമാണ് നിങ്ങൾ കൊടുത്തത്? ഇസ്ലാം കാര്യങ്ങളറിയാത്ത പാവം പെൺകുട്ടി എന്ത് നമസ്കരിക്കാനാണ്? കലിമ ത്വയ്യിബ, നമസ്കാരം, നോമ്പ്, സക്കാത്ത്, ഹജ്ജ്. ഇതാണ് അഞ്ച് ഇസ്ലാം കാര്യങ്ങൾ.

മനസ്സിലായോ? കലിമ കൂടാതെ നിങ്ങൾക്ക് മുസ്ലിമാകാൻ സാധിക്കില്ല. നമസ്കാരം നിർബന്ധമാണ്. അഞ്ചുനേരവും അത് നിർവഹിക്കൽ നിർബന്ധമാണ്. ഇതുകൂടാതെ നിങ്ങൾക്ക് മുസലിമാകാൻ സാധിക്കില്ല. പിന്നീട് നോമ്പാണ്. ഇതും നിർബന്ധമാണ്. ഇതിൽ ചില അവസരങ്ങളിൽ ഒഴിവുണ്ട്. നോമ്പെടുക്കുക. രോഗിയാണെങ്കിൽ എടുക്കാൻ പാടില്ല. യാത്രക്കാരനാണെങ്കിൽ പിടിക്കാൻ പാടില്ല. ചെറുപ്രായമാണെങ്കിൽ പിടിക്കാൻ പാടില്ല. നിർബന്ധമായി കഴിഞ്ഞാൽ നിബന്ധനകൾ പാലിച്ചു കൊണ്ട് പിടിക്കുക. പണമുള്ളവർ സക്കാത്ത് കൊടുക്കുക. ഒരു പരിധിവരെ, ഒരു വർഷംവരെ ഒരു തുക ഒരാളുടെ കൈയിൽ ഉണ്ടെങ്കിൽ അതിന് സക്കാത്ത് കൊടുക്കേണ്ടതാണ്. അല്ലെങ്കിൽ മൃഗങ്ങളോ സ്വത്തോ ഉണ്ടെങ്കിലും സക്കാത്ത് കൊടുക്കേണ്ടതാണ്. വഴിച്ചെലവുകൾ വഹിക്കാൻ കഴിവുള്ളവരും ശാന്തി സമാധാനത്തോടെയുള്ള അവസ്ഥയുള്ളവരും ഹജ്ജ് ചെയ്യൽ നിർബന്ധമാണ്. ജീവിതത്തിൽ ഒരു പ്രാവശ്യമാണ് പൊതുവെ ആളുകൾ ഹജ്ജ് ചെയ്യുന്നത്. അഞ്ചു നമസ്കാരങ്ങളും നിർബന്ധമാണ്. മൂന്ന് എന്ന് മനസ്സിലാക്കാൻ നിങ്ങളെപ്പോഴെങ്കിലും സ്വന്തം ഉമ്മബാപ്പമാർ മൂന്നു നേരം നമസ്കരിക്കുന്നത് കണ്ടിട്ടുണ്ടോ. മൂന്നല്ല, അഞ്ചാണ് നമസ്കാരങ്ങൾ. സുബ്ഹി, ളുഹ്ർ, അസ്ർ, മഗ്രിബ്, ഇശാ. അഞ്ചു നേര നമസ്കാരം നിർവഹിക്കാത്തവർ അഹ്മദിയല്ലെന്ന് വാഗ്ദത്ത മസീഹ് (അ) പറഞ്ഞിട്ടുണ്ട്.

ഒരു വാഖിഫാത്തെ നൗ: വഖ്ഫെ നൗ പെൺകുട്ടികൾക്ക് വക്കീലാകാൻ സാധിക്കുമോ?

ഹുദൂർ: വക്കാലത്ത് പഠിക്കാവുന്നതാണ്. പ്രാക്ടീസ് ചെയ്യേണ്ടതില്ല. പ്രാക്ടീസ് ചെയ്യുന്നതിനു മുമ്പേ എന്നോടു ചോദിക്കുക.

ഒരു വാഖിഫാത്തെ നൗ: എല്ലാവരും ഹദ്റത്ത് ആദം(അ)ന് സാഷ്ടാംഗം ചെയ്യാൻ അല്ലാഹു മലക്കുകളോടു പറഞ്ഞതായി വിശുദ്ധ ഖുർആനിൽ രേഖപ്പെട്ടു കിടക്കുന്നു. കല്പന എല്ലാ മലക്കുകളും സ്വീകരിച്ചു. എന്നാൽ, പിശാച് എന്തുകൊണ്ടാണ് വിസമ്മതിച്ചത്?

ഹുദൂർ: പിശാച് മലക്ക് ആയിരുന്നില്ല. അതുകൊണ്ട് വഴങ്ങിയില്ല. ആകാശത്ത് സ്വർഗത്തിൽ ഇരിക്കുകയായിരുന്നു എന്നൊന്നും അവിടെയില്ല. സ്വർഗം ഈ ലോകം തന്നെയാണ്. ആദം ഒന്നു മാത്രമല്ല ജനിച്ചിട്ടുള്ളത്. ഈ ആദമിന് മുമ്പേയും ജനവാസമുണ്ടായിരുന്നു. ഇവിടുത്തെ ആദമിന്റെ പ്രായം കേവലം ആറായിരം വർഷമാണ്. ഉദാഹരണമായി, ഓസ്ട്രേലിയായിൽ താമസിക്കുന്നവർ പറയുന്നത് നാൽപ്പത്തി നാലായിരം വർഷം മുമ്പേയാണ് അവരുടെ പൂർവ്വികരുടെ ജനനമെന്നാണ്. ഇത് അർഥമാക്കുന്നത് വളരെ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 30 May 2024 Issue-22

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

യധികം ആദമുമാർ ജനിച്ചിരുന്നു എന്നാണ്. ഈ ലോകത്തു തന്നെയായിരുന്നു ഇവരെല്ലാം ഉണ്ടായിരുന്നത്. നന്മകൾ ചെയ്തിരുന്നവരിലും കൽപ്പനകൾ പാലിച്ചിരുന്നവരിലും മലക്കുകളുടെ സ്വാധീനം നിലനില്ക്കുന്നു. അദ്ദേഹത്തിന്റെ മുന്നിൽ സാഷ്ടാംഗം ചെയ്യാൻ പറഞ്ഞു. അതുമുഖേന അവർ നന്മകൾ ചെയ്യുന്നു. സാത്താനിക പ്രകൃതിയുള്ളവർ നിഷേധിക്കുന്നവരായിരുന്നു. അംഗീകരിക്കില്ലെന്ന് പറഞ്ഞവർ അവരാണ്. അല്ലാഹു പറഞ്ഞു:ശരി, നിങ്ങൾ പൊയ്ക്കൊള്ളുക. സാത്താന് മലക്കായിരുന്നില്ല. അതുകൊണ്ട് അവൻ സാഷ്ടാംഗം ചെയ്തില്ല.

ഒരു വാഖിഫാത്തെ നൗ: ഒരു കുട്ടി ജനിക്കുമ്പോൾ അവന്റെ ചെവിയിൽ ബാങ്ക് കൊടുക്കുന്നത് എന്തിനാണ്?

ഹുദൂർ: വലതു ചെവിയിൽ ബാങ്കും ഇടതു ചെവിയിൽ ഇഖാമത്തും കൊടുക്കുന്നു. കാരണം, ജീവിതത്തില ആദ്യം കേൾക്കുന്ന ശബ്ദം അല്ലാഹുവിന്റെ നാമം ആകട്ടെ എന്നതാണുദ്ദേശ്യം. പരിശുദ്ധ കലിമ അവന്റെ ചെവിയിൽ പതിക്കുന്നു. അതുമുഖേന ഏകദൈവ വിശ്വാസത്തിൽ ഉറച്ചു നില്ക്കട്ടെ! പിന്നീട് തൗഹീദ് സ്ഥാപിക്കാൻ നിലകൊണ്ട ഏറ്റവും വലിയ നബിയുടെ നാമം ശ്രവിക്കുന്നു. അല്ലാഹുവിന്റെ മഹത്ത്വം വിശദമാക്കപ്പെടുന്നു.

വാഖിഫാത്തെ നൗവ്വുമായി നടന്ന ഹുദൂറിന്റെ ഈ ക്ലാസ് 08.40–വരെ നീണ്ടുനിന്നു. ശേഷം കുറച്ചു സമയത്തേക്ക് ഹുദൂർ താമസസ്ഥലത്തുപോയി.

09.25ന് മസ്ജിദുഹാളിൽ ഹുദൂറിന്റെ സാന്നിധ്യത്തിൽ ആമീൻ പരിപാടി ആരംഭിച്ചു. താഴെ പേർ ചേർക്കുന്ന ആൺകുട്ടിളും പെൺകുട്ടികളുമടങ്ങിയ 25 പേരിൽനിന്ന് ഹുദൂർ വിശുദ്ധ ഖുർആനിൽനിന്നുള്ള ഓരോ വചനം കേട്ടു. ഒടുവിൽ ദുആ ചെയ്യിച്ചു.

അസീസം ബാസിൽ അഹ്മദ്, ജാദിബ് ജാവേദ്, അത്വാഉ വഹാബ് ദുറാനി, ആഫാഖ് അഹ്മദ്, ലയീബ് അഹ്മദ്, അദ്നാൻ അഹ്മദ് അസ്‌ലം, സദീദ് അഹ്മദ് ഖാജ, ഫയ്ളാൻ അഹ്മദ് ബാരി, ഫർഹാൻ അഹ്മദ്, കാംറാൻ അഹ്മദ് ബട്ട്, ശാവേസ് അഹ്മദ്, ബിലാൽ കാംറാൻ സാഹിദ്, മുനീബ് അഹ്മദ്, മുയീൻ അഹ്മദ്, ഫാറാൻ അഹ്മദ്, മുസവ്വിർ അഹ്മദ്, അസീസ അലീശാ ദാവൂദ്, നമൂദ് സഹറായെ സബീക്ക ആമിർ, മാരിയാ മഹ്മൂദ്, സറൂ അഅ്‌ലാ, മാരിയാ മുനവ്വർ ബട്ട്, സബീക്ക ബിലാൽ, മാരിയാ മാറൂശ് അഹ്മദ്, ലീനാ നായാബ് അഹ്മദ്.

ഈ ആമീൻ പരിപാടിക്കുശേഷം ഹുദൂർ മഗ്രിബ്–ഇശാ നമസ്കാരങ്ങൾക്ക് നേതൃത്വം നല്കി.

2014 ജൂൺ 09 തിങ്കളാഴ്ച:

രാവിലെ 04.20–ന് സ്വുബ്ഹി നമസ്കാരത്തിന് ഹുദൂർ നേതൃത്വം നല്കി.

**മസ്ജിദുൽമഹ്ദി ഉദ്ഘാടനം**

*നീഫാൻ നഗരത്തിൽ ഹുദൂറിന് വരവേൽപ്പ്*

മ്യൂണിഖ് നഗരത്തിനോടു ചേർന്നു കിടക്കുന്ന നീഫാൻ പട്ടണത്തിൽ നിർമിതമായ മസ്ജിദുൽ മഹ്ദിയുടെ ഉദ്ഘാടനത്തിനോടനുബന്ധിച്ചുള്ള പരിപാടി സംഘടിപ്പിക്കപ്പെട്ടിരുന്നു.

രാവിലെ 10.10–ന് ഹുദൂർ താമസസ്ഥലത്തുനിന്ന് പുറത്തുവന്നു. ദുആക്ക് നേതൃത്വം നല്കിയ ഹുദൂർ തുടർന്ന് ബയ്ത്തുസ്സുബൂഹിൽ നിന്ന് നീഫാൻ പട്ടണത്തിലേക്ക് പുറപ്പെട്ടു. ബയ്ത്തുസ്സുബൂഹിൽനിന്ന് ഈ പട്ടണം 390 കിലോമീറ്റർ അകലെയാണ് സ്ഥിതിചെയ്യുന്നത്. ഏകദേശം മൂന്നേകാൽ മണിക്കൂർ യാത്രക്കുശേഷം മോട്ടർവേയിൽനിന്ന് പട്ടണപരിധിയിൽ പ്രവേശിച്ചതും പോലീസിന്റെ എസ്കോർട്ട് വാഹനം അനുഗമിച്ചു.(തുടരും)

---

**(പേജ് 1 ൽനിന്ന്)**

സന്മാർഗവും അവന്റെ പക്കൽനിന്നാണ് വരുന്നത്. ഗാലിബ് എത്ര മനോഹരമായാണ് പറഞ്ഞത്:

*ജാൻ ദീ ദീ ഹുയീ ഉസീ കി ഥീ*
*ഹഖ് തൊ യെ ഹെ കെ ഹഖ് അദാ ന ഹുവാ*

അവൻ തന്നതായിരുന്നു ജീവൻ. ഹഖ്(കടമ) നിറവേറ്റപ്പെട്ടില്ല എന്നതാണ് യാഥാർഥ്യം.

അതിനാൽ നബി ദൈവജ്ഞനാകുന്നു. അദ്ദേഹം തന്റെ ദൈവത്തെ കാണുന്നു. എന്തൊന്നാണോ താൻ ചെയ്തുകൊണ്ടിരിക്കുന്നത് അത് താനല്ല പ്രത്യുത ദൈവംതന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് അറിയുകയും ചെയ്യുന്നു. അതുകൊണ്ട് അദ്ദേഹം ദുആ ചെയ്യുന്നു, അല്ലാഹുവേ! എന്നെ ഏറ്റവും കൂടുതൽ മറച്ചുവെച്ചാലും. നിന്നെ ഏറ്റവും കൂടുതൽ വെളിപ്പെടുത്തിയാലും. അതായത് ഇഗ്ഫിർലീയുടെ ഈ അവസ്ഥയിലുള്ള അർഥം അല്ലാഹുവേ!നിനക്ക് എന്റെ സ്നേഹബന്ധം മാത്രമാണുള്ളത്. അതായത് നിന്റെ മറ എന്നിലിട്ടാലും. അതായത് എന്റെ അസ്തിത്വം വിപാടനം ചെയ്ത് നിന്റെ അസ്തിത്വം ഞാൻ മുഖേന വെളിവാകാൻ തുടങ്ങണം. ദാസൻമുഖേന എത്രത്തോളം അല്ലാഹുവിന്റെ അസ്തിത്വം വെളിപ്പെടുമോ അത്രത്തോളം അവൻ തന്റെ ഉദ്ദേശ്യത്തിൽ വിജയംവരിക്കുന്നതായിരിക്കുമെന്ന കാര്യം പ്രകടമാണ്.

മറ്റുള്ളവർക്കുവേണ്ടി ഈ പദം ഉപയോഗിക്കുമ്പോൾ ഈ പദത്തിന് ആ നേരത്ത് അതിന്റെ നിലയ്ക്കനുസരിച്ചുള്ള അർഥമായിരിക്കും. ഒരു ഉന്നതനിലയിലുള്ള സത്യവിശ്വാസി ഈ പദം ഉപയോഗിക്കുകയാണെങ്കിൽ അതിന്റെ അർഥം പരിപൂർണത കൈവരിക്കുന്നതിന് തടസ്സമായി നിൽക്കുന്ന ആ ദൗർബല്യങ്ങളിൽനിന്ന് എന്നെ രക്ഷിച്ചാലും. മധ്യമനിലയിലുള്ള സത്യവിശ്വാസി ഈ പദം ഉപയോഗിക്കുകയാണെങ്കിൽ അതിന്റെ അർഥം എന്റെ പാപങ്ങളെ പൊതിഞ്ഞുവെച്ച് എനിക്ക് ഉന്നതനില കരസ്ഥമാക്കാൻ തൗഫീഖ് നൽകിയാലും എന്നായിരിക്കും. സാധാരണ വിശ്വാസി ഈ ദുആ ചെയ്യുകയാണെങ്കിൽ അതിന്റെ അർഥം എന്റെ ചുവടിനെ ഈമാനുമേൽ ഉറപ്പിച്ചു നിറുത്തിയാലും എന്നായിരിക്കും. എന്റെ പപം എന്നെ എവിടെയെങ്കിലും കൊണ്ടുപോയി മുങ്ങാതിരിക്കട്ടെ. ്ഒരു സത്യാന്വേഷി ഈ പദം ഉപയോഗിക്കുകയാണെങ്കിൽ ഇതിന്റെ അർഥം എന്റെ പാപം എന്റെ ഹിദായത്ത് പ്രാപിക്കലിന് തടസ്സമാകാതിരിക്കട്ടെ. അതുകൊണ്ട് എന്റെ പാപം മാപ്പാക്കിയാലും. ഈ പദത്തിന്റെ ഉപയോഗം വിവിധ അവസരങ്ങളുടെ അടിസ്ഥാനത്തിൽ ജബ്ബാർ എന്ന പദത്തിന്റെ പ്രയോഗംപോലെയാണ്. ഈ പദം അല്ലാഹുവിനുവേണ്ടി ഉപയോഗിക്കുമ്പോൾ ഇതിന്റെ അർഥം പരിഷ്കർത്താവ് എന്നായിരിക്കും. ഇതേ പദം മനുഷ്യർക്കുവേണ്ടി ഉപയോഗിക്കുമ്പോൾ ഇതിന്റെ അർഥം ധിക്കാരിയെന്നും നിയമലംഘകൻ എന്നുമായിരിക്കും. ഓർമിക്കേണ്ടകാര്യമാണ് അല്ലാഹു തന്റെ നബിമാരെ പറയുന്നു: അല്ലാഹു യജ്ത്തബീ മിൻർറുസുലിഹി അല്ലാഹു അവരെ തിരഞ്ഞെടുക്കുമ്പോൾ പിന്നെ അവരിൽ പാപം എവിടെനിന്ന് വരാനാണ്. അവരെ ദുൻയാവിൽനിന്ന് അകറ്റി അല്ലാഹുവിന്റെ സമീപത്തിരുത്തുമ്പോൾ അവരുടെയടുക്കൽ ശയ്ത്വാൻ എവിടെനിന്നു വരാനാണ്. ശയ്ത്വാൻ അല്ലാഹുവിന്റെ പേരു കേൾക്കുമ്പോൾത്തന്നെ ഓടി ഒളിക്കുന്നവനാണ്. ഇപ്രകാരംതന്നെ മറ്റൊരിടത്തു പറയുന്നു:ഇന്ന ഇബാദീ ലയ്സലക്ക അലയ്ഹിം സുൽത്വാൻ എന്റെ ദാസരുടെമേൽ തീർച്ചയായും നിനക്ക് ഒരു അധികാരവുമില്ല. അങ്ങനെ നിയമം ഇതാകുമ്പോൾ അതായത് താഴ്ന്ന ദാസത്വത്തിന്റെ സ്ഥാനത്താണെങ്കിലും അല്ലാഹു അവനേയും ശയ്ത്വാന്റെ നിയന്ത്രണത്തിൽനിന്ന് സുരക്ഷിതനാക്കിവെക്കുന്നു. അപ്പോൾ അല്ലാഹുവിന്റെ പ്രത്യേകമായ സംരക്ഷണത്തിലുള്ള അവന്റെ നബിമാരുടെ അടുത്തൂടെ ശയ്ത്വാൻ എങ്ങനെ കടന്നു പോകാനാണ്. (തഫ്സീറെ കബീർ, വാള്യം 3, പേജ് 489, പ്രസാധനം 2010 ഖാദിയാൻ)

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

**വിവാഹാവസരത്തിലെ ഡാൻസും പാട്ടും**

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: വിവാഹാവസരങ്ങളിൽ ശരീഅത്തിന്റെ അടിസ്ഥാനത്തിൽ പാട്ടുപാടുക അനുവദനീയമാണ്. എന്നാൽ, അത് ഉപദ്രവമുണ്ടാക്കാത്തതോ മതപരമോ ആയിരിക്കേണ്ടതാണ്. (അൽഫള്ൽ 1945 ജനുവരി 20)

ഹദ്റത്ത് ഖലീഫത്തുൽ മസീഹുർറാബിഅ്(റഹ്)പറയുന്നു: വിവാഹത്തിൽ എത്രവേണമെങ്കിലും ദഫ് മുട്ടിക്കൊള്ളുക. ഇതിന് വിരോധമില്ല. പാട്ടും പാടുക.......പക്ഷേ, അത്തരം അവസരത്തിൽ അനുവദനീയമല്ലാത്ത ആചാരങ്ങൾ ചെയ്യരുത്........കാരണം അത് സമൂഹത്തെ സമ്മർദ്ദത്തിലാക്കുകയും മുസ്വീബത്തുകളിൽ അകപ്പെടുത്തുകയും ചെയ്യും.(മജ്‌ലിസെ ഇർഫാൻ ലജ്‌ന ഇമാഇല്ലാഹ് കറാച്ചി പേജ് 134

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin